# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പിറവം മുനിസിപ്പാലിറ്റി

## ഓഡിറ്റ് റിപ്പോർട്ട്

**2022-2023**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ജില്ലാ ഓഡിറ്റ് കാര്യാലയം**

**എറണാകുളം-682030**

**ഇ-മെയിൽ:** doekm.ksad@kerala.gov.in

**ഫോൺ :** 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ എസ് എ-ഇ കെ എം (എം.2)132/24

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 20/03/2024
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ജോയിന്റ് ഡയറക്ടർ

ചെയർപേഴ്സൺ (സെക്രട്ടറി മുഖേന)
പിറവം മുനിസിപ്പാലിറ്റി

സർ,

**വിഷയം : പിറവം മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പിറവം മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:

സെക്രട്ടറി,തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ജോയിന്റ് ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, എറണാകുളം

കാര്യാലയ പകർപ്പ്.

നമ്പർ: കെ എസ് എ-ഇ കെ എം (എം.2)132/24 തീയ്യതി: 20/03/2024

## എറണാകുളം ജില്ലയിലെ പിറവം മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ പിറവം മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 72 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. സാംകുട്ടി ടി.എൽ | ജോയിന്റ് ഡയറക്ടർ | 22-01-2024 | 07-02-2024 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 22-01-2024 | 07-02-2024 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

1. ശ്രീമതി റസിയ ബീവി ജെ, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേഡ്),
2. ശ്രീ പ്രവീൺ ഷേണായി ജെ, ഓഡിറ്റ് ഓഫീസർ,
3. ശ്രീ ഹരീഷ് ബാബു എൻ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ,
4. ശ്രീമതി കവിത എസ് കണ്ണൻ, സീനിയർ ഗ്രേഡ് ഓഡിറ്റർ,
5. ശ്രീ അനീഷ് ടി എസ്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീമതി ഏലിയാമ്മ ഫിലിപ്പ് | ചെയർപേഴ്സൺ | 01-04-2022 | 31-03-2023 |
| ശ്രീ കൃഷ്ണരാജ് | സെക്രട്ടറി | 01-04-2022 | 12-10-2022 |
| ശ്രീമതി.സുലഭ പി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 13-10-2022 | 14-12-2022 |
| ശ്രീ അഭിലാഷ് കുമാർ.എച്ച് | സെക്രട്ടറി | 15-12-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ മുഹ്സിൻ പി. എം | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 14-09-2022 |
| ശ്രീ രതീഷ് രവീന്ദ്രൻ | അസിസ്റ്റന്റ് എഞ്ചിനീയർ(അഡി. ചാർജ്) | 15-09-2022 | 18-09-2022 |
| ശ്രീമതി.ഷാരോൺ സുധാകരൺ | അസിസ്റ്റന്റ് എഞ്ചിനീയർ | 19-09-2022 | 31-03-2023 |
| ശ്രീമതി.അഞ്ജു കെ തമ്പി | ഹെൽത്ത് ഇൻസ്പെക്ടർ | 01-04-2022 | 08-02-2023 |
| ശ്രീ ശ്രീകുമാർ | ഹെൽത്ത് ഇൻസ്പെക്ടർ | 09-02-2023 | 31-03-2023 |
| ശ്രീമതി ആൻസി | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ഡോ. എ വി കുമാരിലൈല | ചീഫ് മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2022 | 07-06-2022 |
| ഡോ. ശ്രീലത പി കെ | മെഡിക്കൽ ഓഫീസർ, ആയുർവേദം | 08-06-2022 | 24-06-2022 |
| ഡോ. പി നന്ദകുമാർ | മെഡിക്കൽ ഓഫീസർ, ആയുർവേദം | 25-06-2022 | 30-09-2022 |
| ഡോ. അനഘൻ സി | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-10-2022 | 08-12-2022 |
| ഡോ. സലി പി ആർ | മെഡിക്കൽ ഓഫീസർ, ആയുർവേദം | 09-12-2022 | 31-03-2023 |
| ശ്രീമതി.ചാന്ദന അശോക് | കൃഷി ഓഫീസർ,പിറവം | 01-04-2022 | 31-03-2023 |
| ഡോ. ക്ലയർ സിറിൽ | വെറ്ററിനറി സർജൻ മുളക്കുളം | 01-04-2022 | 31-03-2023 |
| ഡോ. സുനിൽ ജെ ഇളന്താട് | സൂപ്രണ്ട് താലൂക്ക് ആശുപത്രി പിറവം | 01-04-2022 | 31-03-2023 |
| ശ്രീമതി സജിത ഡി | പട്ടികജാതി വികസന ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി സിജി വർഗ്ഗീസ് | ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2022 | 30-11-2022 |
| ശ്രീ ജയദേവൻ എം കെ | ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 01-12-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | വാർഷികകണക്ക്-നാല് അക്കൗണ്ടുകൾ ഒഴിവാക്കി | 1-1-1 |
| 3 | ഇക്വിറ്റി ഷെയർ വിശദാംശം നൽകിയില്ല | 1-1-2 |
| 4 | HUDCO ലോൺ തുകയിൽ വ്യത്യാസം | 1-1-3 |
| 5 | സ്റ്റയ്ൽ ചെക്ക് വിശദാംശം ലഭ്യമല്ല. | 1-1-4 |
| 6 | സേവന ഉപനികുതി കണക്കിലെ അവ്യക്തത | 1-1-5 |
| 7 | ബാലൻസ് ഷീറ്റ് ഹെഡുകളിലെ ബാലൻസ് തുക നെഗറ്റീവായി രേഖപ്പെടുത്തിയിരിക്കുന്നു | 1-1-6 |
| 8 | പ്രൊവിഷൻ തുകകളുടെ കൃത്യത | 1-1-7 |
| 9 | ഗ്രാന്റ് തുകകൾ വ്യത്യാസപ്പെട്ടിരിക്കുന്നു. | 1-1-8 |
| 10 | ഇടപാടുകൾ ഇല്ലാത്ത അക്കൗണ്ടുകൾ നിലനിൽക്കുന്നു. | 1-1-9 |
| 11 | തുകകളുടെ കൃത്യത ഉറപ്പാക്കുവാനുള്ള രേഖകൾ ഹാജരാക്കിയിട്ടില്ല. | 1-1-10 |
| 12 | വരവിനങ്ങളുടെ ഡിമാന്റ് തുക കൃത്യമായി കണക്കാക്കി രേഖപ്പെടുത്തിയിട്ടില്ല | 1-1-11 |
| 13 | വസ്തു നികുതിയിന്മേൽ സർചാർജ്ജ് തുക കണക്കാക്കിയതിന്റെ വിവരം നൽകിയില്ല | 1-1-12 |
| 14 | വസ്തു നികുതിയിന്മേൽ ലൈബ്രറി സെസ്സ്, സർവീസ് സെസ്സ് എന്നിവ കണക്കാക്കുന്നതിൽ വ്യത്യാസം | 1-1-13 |
| 15 | പ്രത്യേകോദ്ദേശ്യ ബാങ്ക് അക്കൗണ്ടുകൾക്ക് തത്തുല്യമായ ബാധ്യതാ ശീർഷകം ബാലൻസ്ഷീറ്റ് ബി -4 ൽ ചേർക്കുന്നില്ല. | 1-1-14 |
| 16 | നിക്ഷേപപ്രവൃത്തികൾക്ക് മുൻകൂർ നൽകിയ തുകകൾ ബി-18 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-1-15 |
| 17 | ബജറ്റ് | 1-2 |
| 18 | സാമ്പത്തിക വിശകലനം | 1-3 |
| 19 | ഫണ്ട് വിനിയോഗം | 1-4 |
| 20 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് ചെലവഴിച്ചതിന്റെ വിശദാംശം നൽകിയില്ല | 1-4-1 |
| 21 | പദ്ധതി അവലോകനം | 1-5 |
| 22 | അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി | 1-6 |
| 23 | ക്ഷേമ പദ്ധതികൾ | 1-7 |
| 24 | ക്യാഷ് ബാലൻസ് | 1-8 |
| 25 | ആഭ്യന്തര നിയന്ത്രണ സംവിധാനം | 1-9 |
| 26 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 27 | തനത് വരുമാന അവലോകനം | 1-11 |
| 28 | കെട്ടിട നികുതി കുറവായി നിർണ്ണയിച്ചു | 1-12 |
| 29 | പോസ്റ്റ് ഒക്യൂപ്പൻസി ഓഡിറ്റ് | 1-13 |
| 30 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല | 1-14 |
| 31 | പാരാമെഡിക്കൽ രജിസ്ട്രേഷൻ സംബന്ധിച്ച് | 1-15 |
| 32 | തൊഴിൽ നികുതി | 1-16 |
| 33 | വാടക | 1-17 |
| 34 | മലിനീകരണനിയന്ത്രണ ബോർഡിന്റെ അനുമതി ലഭ്യമായില്ല | 1-18 |
| 35 | ക്രമീകരിക്കാത്ത നിക്ഷേപപ്രവൃത്തികൾ | 1-19 |
| 36 | വാഹന ഉപയോഗവും-പരിപാലനവും | 1-20 |
| 37 | പ്രിന്റിംഗ് പ്രവൃത്തി-ആദായനികുതി ഈടാക്കിയിട്ടില്ല | 1-21 |
| 38 | മഴക്കാല പൂർവ്വശുചീകരണം-ചെലവ് രേഖകൾ ഹാജരാക്കിയില്ല-തുക തടസ്സപ്പെടുത്തുന്നു | 1-22 |

| | | |
|---|---|---|
| 39 | തെരുവ് വിളക്കുകളുടെ വൈദ്യുതചാർജ് | 1-23 |
| 40 | സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം | 1-24 |
| 41 | ഹെൽത്ത് ഓഫീസർ നിർവഹണം ചെയ്ത പ്രോജക്ടുകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല-ചെലവ് തുക തടസ്സപ്പെടുത്തുന്നു | 1-25 |
| 42 | ഷെൽട്ടർ ഹോം-ഒ &എം ചെലവ് തനത് ഫണ്ടിൽ നിന്ന് അനുവദിക്കുന്നു. | 1-26 |
| 43 | പി എം എ വൈ - ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല | 1-27 |
| 44 | കുടിവെള്ള വിതരണം-അപാകതകൾ | 1-28 |
| 45 | കമ്പ്യൂട്ടർ അനുബന്ധ സാധനങ്ങൾക്ക് AMC-അപാകതകൾ | 1-29 |
| 46 | നൈപുണ്യ നഗരം ഡിജിറ്റൽ സാക്ഷരതാപദ്ധതി നടപ്പാക്കിയതിലെ അപാകതകൾ | 1-30 |
| 47 | എൻ പി എസ് വിഹിതം വർഷങ്ങളായി നഗരസഭ ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നു | 1-31 |
| 48 | വാതിൽപ്പടി സേവനം-പദ്ധതി നടപ്പായില്ല | 1-32 |
| 49 | പൗരാവകാശ രേഖ-പ്രസിദ്ധീകരിച്ചിട്ടില്ല | 1-33 |
| 50 | കമ്പ്യൂട്ടർ വാങ്ങൽ–സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല | 1-34 |
| 51 | അമൃത് കുടിവെള്ള പദ്ധതി | 1-35 |
| 52 | മാലിന്യ സംസ്കരണ പദ്ധതി-സ്രോതസ്സിൽ നിന്നും നികുതി ഈടാക്കിയിട്ടില്ല | 1-36 |
| 53 | മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് മുതൽക്കൂട്ടിയിട്ടില്ല | 1-37 |
| 54 | കൊമ്പനാമല വാട്ടർ ടാങ്ക് നിർമ്മാണ പദ്ധതി- നടപ്പാക്കിയതിലെ അപാകത | 1-38 |
| 55 | വാർഡ് സഭ | 1-39 |
| 56 | സൗരോർജ്ജ ഉപകരണങ്ങൾ സ്ഥാപിക്കുന്നതിനുള്ള സാധ്യതകൾ പരിശോധിച്ചിട്ടില്ല | 1-40 |
| 57 | പ്രത്യേക ആവശ്യത്തിന് ലഭിച്ച ഫണ്ടുകൾ വിനിയോഗിച്ചില്ല | 1-41 |
| 58 | ഡെപ്പോസിറ്റ് തുകകൾ മുതൽക്കൂട്ടിയിട്ടില്ല | 1-42 |
| 59 | ലൈബ്രറി സെസ് അടവാക്കിയിട്ടില്ല | 1-43 |
| 60 | പെൻഷൻ ഫണ്ട്-അവലോകനം | 1-44 |
| 61 | ഓണം അഡ്വാൻസ് ക്രമീകരിച്ചിട്ടില്ല | 1-45 |
| 62 | പട്ടികജാതി കുടുംബങ്ങൾക്ക് ഭവന പുനരുദ്ധാരണം -അപാകതകൾ | 1-46 |
| 63 | എസ്.എസ്.കെ വിഹിതം അടവാക്കൽ–വിനിയോഗവിവരം ലഭ്യമാക്കിയില്ല. | 1-47 |
| 64 | റോഡ് നവീകരണം-അപാകതകൾ | 1-48 |
| 65 | മരാമത്ത് പ്രവൃത്തികൾ–ഗുണനിലവാര പരിശോധന നടത്തിയിട്ടില്ല | 1-49 |
| 66 | ഐ.കെ.എം. വിഹിതം – ധനവിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല. | 1-50 |
| 67 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല-വാട്ടർ അതോറിറ്റി | 1-50-1 |
| 68 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല-വൈദ്യുതി ബോർഡ് | 1-50-2 |
| 69 | വയോമിത്രം പദ്ധതി- വിനിയോഗസാക്ഷ്യപത്രം ലഭിച്ചിട്ടില്ല | 1-50-3 |
| 70 | ക്ഷീരസംഘങ്ങളിലൂടെ വിതരണം ചെയ്യുന്ന പാലിന് സബ്സിഡി പൂർണമായും നൽകിയില്ല | 1-51 |
| 71 | തരിശു നെൽകൃഷി -അപാകത | 1-52 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പ തിരിച്ചടവ് | 4-5 |

| | | |
|---|---|---|
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 9 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1) **പിറവം** മുനിസിപ്പാലിറ്റിയുടെ 2023 മാർച്ച് 31 - ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31.03.2023 തീയതി പ്രകാരമുള്ള ആസ്തി ബാദ്ധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ **29.07.2023** ലെ **1-ാം** നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ച് **29.07.2023** തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും അനുബന്ധ ഫോറങ്ങളും അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4), 2007 ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് 1994, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് റൂൾസ് 1996, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് നഗരസഭ സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2) C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ, നഗരപാലിക സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യ പത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യ പത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യ പത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ നഗരപാലിക സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാന എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോടു കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, **പിറവം** മുനിസിപ്പാലിറ്റിയുടെ **2022-23** വർഷത്തേക്കുള്ള വാർഷിക ധനകാര്യ പത്രികകൾ 31.03.2023 ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2023 ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം: എറണാകുളം

തീയതി:20/03/2024

**ജോയിന്റ് ഡയറക്ടർ**

### 1-1-1 വാർഷികകണക്ക്-നാല് അക്കൗണ്ടുകൾ ഒഴിവാക്കി

താഴെ കൊടുത്തിരിക്കുന്ന നാല് അക്കൗണ്ടുകൾ ഉൾപ്പെടുത്താതെയാണ് പിറവം നഗരസഭയുടെ 2022-23 വർഷത്തെ വാർഷികകണക്ക് തയ്യാറാക്കിയിട്ടുള്ളത്. ബാങ്ക് പാസ്ബുക്ക് പരിശോധിച്ചതിൻ പ്രകാരമുള്ള വിശദാംശങ്ങൾ താഴെച്ചേർക്കുന്നു.

| ക്രമ.നം | അക്കൗണ്ട് നമ്പർ | അക്കൗണ്ട് ആരംഭിച്ച തീയതി | ബാങ്കിന്റെ പേര് | 31.03.23 ലെ നീക്കിയിരുപ്പ് |
|---|---|---|---|---|
| 1 | 021281000000001 (Old) | 21.05.1980 | കേരള ബാങ്ക് | 76,38,698.39/- |
| | 144712804000012 | 14.11.2022 | | |

| | | | | |
|---|---|---|---|---|
| | (New) | | | |
| 2 | 110048814471 | 11.05.2022 | കാനറ ബാങ്ക് ഹെൽത്ത് ഗ്രാന്റ് (Health&wellness) | 83,27,096/- |
| 3 | 49740100007993 | 11.05.2022 | ബാങ്ക് ഓഫ് ബറോഡ ഹെൽത്ത് ഗ്രാന്റ് (Infrastructure) | 0.00 |
| 4 | 0676053000004954 | 18.09.2021 | സൗത്ത് ഇന്ത്യൻ ബാങ്ക് | 10,056/- |

എൻക്വയറി നം-1/25.01.24- മറുപടി ലഭ്യമാക്കിയില്ല. മേൽ ബാങ്ക് അക്കൗണ്ടുകൾ ഉൾപ്പെടുത്തി ധനകാര്യപത്രിക കൃത്യമാക്കി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

### 1-1-2 ഇക്വിറ്റി ഷെയർ വിശദാംശം നൽകിയില്ല

വാർഷിക ധനകാര്യ പത്രിക(ബി.12 ഷെഡ്യൂൾ, കോഡ് 420500100) പ്രകാരം ഓഡിറ്റ് വർഷാവസാനം ഇക്വിറ്റി ഷെയർ ഇനത്തിൽ നഗരസഭയ്ക്കുള്ള സ്ഥിരനിക്ഷേപത്തിന്റെ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | ₹21000 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | ₹21000 |

ഇക്വിറ്റി ഷെയർ ഇനത്തിൽ നഗരസഭയ്ക്ക് നീക്കിയിരിപ്പുള്ള ₹21000/- ന്റെ ഷെയർ സർട്ടിഫിക്കറ്റുകളും രജിസ്റ്ററും പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല (എൻക്വയറി-22/26.01.24)

### 1-1-3 HUDCO ലോൺ തുകയിൽ വ്യത്യാസം

2021-22 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് പ്രകാരം 31.03.2022 ൽ നഗരസഭ തിരികെ അടയ്ക്കാനുള്ള HUDCO ലോൺ ₹33440000/- യാണ്. എന്നാൽ 2022-23 ലെ വാർഷിക ധനകാര്യ പത്രിക പ്രകാരം മുൻബാക്കിയായി നഗരസഭ രേഖപ്പെടുത്തിയിരിക്കുന്ന HUDCO ലോൺ തുക ₹354000000/- യാണ്. വ്യത്യാസം ₹1960000/-. തുകയിലെ വ്യത്യാസം വിശദീകരിച്ചില്ല (എൻക്വയറി-24/26.01.24) അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും HUDCO ലോൺ രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

### 1-1-4 സ്റ്റയ്ൽ ചെക്ക് വിശദാംശം ലഭ്യമല്ല.

2007 ലെ മുനിസിപ്പാലിറ്റി അക്കൗണ്ട്സ് റൂളിലെ ചട്ടം.45 ൽ നിഷ്കർഷിച്ച പ്രകാരം സമയബന്ധിതമായി പണമാക്കാത്ത ചെക്കുകളുടെ തുക വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 2019-20 വർഷം മുതൽ 2022-23 വരെയുള്ള വാർഷിക കണക്കുകളുടെ ഷെഡ്യൂൾ ബി-9 ൽ (കോഡ് നം. 350800100) 2,69,713/-രൂപയുടെ സ്റ്റയ്ൽ ചെക്ക് കാണിച്ചിട്ടുണ്ട്. എന്നാൽ ഇതിന്റെ അക്കൗണ്ട് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല (എൻക്വയറി-25/29.01.24) തുക കണക്കാക്കിയതുമായി ബന്ധപ്പെട്ട രേഖകളും അക്കൗണ്ടുകളും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

### 1-1-5 സേവന ഉപനികുതി കണക്കിലെ അവ്യക്തത

വാർഷിക ധനകാര്യ പത്രിക പ്രകാരം സേവന ഉപനികുതി ഇനത്തിലെ തൻവർഷ ഡിമാന്റ്, വരവ്, കുടിശ്ശിക എന്നിവ താഴെ പറയും പ്രകാരമാണ്.

| ഡിമാന്റ് (I-1ഷെഡ്യൂൾ) | പിരിവ് (ആർ.പി 37) | കുടിശ്ശിക (ബി 15) |
|---|---|---|
| ₹1124890 | ₹782271 | ₹288241 |

യഥാർത്ഥത്തിൽ കുടിശ്ശികയായി ₹342619/- (1124890-782271) ആയിരുന്നുവെങ്കിലും ബി 15 ഷെഡ്യൂളിൽ ₹288241/-യാണ് കുടിശ്ശികയായി കാണിച്ചിരിക്കുന്നത്. യഥാർത്ഥത്തിലുള്ളതും ബി 15 ഷെഡ്യൂളിൽ കാണിച്ചതും തമ്മിൽ ₹54378/-യുടെ വ്യത്യാസമുണ്ട്. വ്യത്യാസം വിശദീകരിച്ചില്ല (എൻക്വയറി-26/29.01.24)

### 1-1-6 ബാലൻസ് ഷീറ്റ് ഹെഡുകളിലെ ബാലൻസ് തുക നെഗറ്റീവായി രേഖപെടുത്തിയിരിക്കുന്നു

(എ) വരവ് ചെലവുകൾ ശരിയായ രീതിയിൽ ജേർണൽ എൻട്രികൾ മുഖേന സാംഖ്യയിലെ ഹെഡുകളിൽ രേഖപ്പെടുത്താതിരുന്നതിനാൽ ബാലൻസ് ഷീറ്റിലെ പല ഹെഡുകളുടെയും 31.03.2023 ലെ ബാലൻസ് തുക നെഗറ്റീവായി വന്നിട്ടുണ്ട്. ബാലൻസ് ഷീറ്റിലെ പ്രസ്തുത ഹെഡുകളുടെ വിശദ വിവരം ചുവടെ ചേർക്കുന്നു.

(1) ലയബിലിറ്റീസ് ഹെഡുകൾ :

| ക്രമ നം. | ഹെഡ് | ഇനം | 31.03.2023 ലെ ബാലൻസ് തുക (-) |
|---|---|---|---|
| 1 | 320100100 | Grants & Contribution For Specific Purposes-Central Goverment | 101 |

(2) അസറ്റ് ഹെഡുകൾ:

| ഹെഡ് | ഇനം | തുക (-) |
|---|---|---|
| 460500202 | Advance To Implementing Agencies-Specific Grants | 373201 |

വാർഷിക ധനകാര്യ പത്രിക തയ്യാറാക്കുന്ന സമയത്ത് ജേർണൽ എൻട്രികൾ മുഖേന ഇത്തരത്തിലുള്ള അപാകതകൾ പരിഹരിക്കുന്നതിന് യാതൊരു നടപടികളും സ്വീകരിച്ചിട്ടില്ല. അപാകത വിശദീകരിച്ചില്ല (എൻക്വയറി-27/27.01.24)

**1-1-7 പ്രൊവിഷൻ തുകകളുടെ കൃത്യത**

ബാലൻസ് ഷീറ്റ് ബി 21 ഷെഡ്യൂളിൽ 2021-22, 2022-23 വർഷങ്ങളിൽ ₹1,86,803/- പ്രൊവിഷനായി കാണിച്ചിട്ടുണ്ട്. എന്നാൽ ടി തുക കണക്കാക്കിയതിന്റെ സാധുത തെളിയിക്കുന്ന രേഖകൾ ലഭ്യമാക്കിയില്ല (എൻക്വയറി-28/27.01.24).

**1-1-8 ഗ്രാന്റ് തുകകൾ വ്യത്യാസപ്പെട്ടിരിക്കുന്നു.**

Sankhya Generated ACR, വാർഷിക ധനകാര്യ പത്രികയിലെ Receipts & Payment Statement ഗ്രാന്റ് തുകകളും സുലേഖ സ്റ്റേറ്റ്മെന്റിലെ ചെലവ് തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. വിശദവിവരം താഴെ ചേർക്കുന്നു.

| ഗ്രാന്റ് | എ.സി.ആർ.ർ (₹) | റസീപ്റ്റ് & പേയ്മെന്റ് (എ.എഫ്.എസ്) (₹) | സുലേഖ സ്റ്റേറ്റ്മെന്റ് (₹) |
|---|---|---|---|
| Development Fund General | 23375510 | 23099410 | 26937278 |
| SCP | 4816670 | 4771008 | 4771008 |
| CFC | 13827755 | 6429500 | 20843561 |
| CFC – Performance Grant | 7015806 | 4400802 | |
| MF-R | 13131874 | 13131874 | 13131874 |
| MF - NR | 5640974 | 5009983 | 5640685 |

ഇതുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറി-29/27.01.24 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. അപാകതകൾ പരിഹരിക്കേണ്ടതാണ്.

**1-1-9 ഇടപാടുകൾ ഇല്ലാത്ത അക്കൗണ്ടുകൾ നിലനിൽക്കുന്നു.**

PNB Own Fund-A/C 7477000400003938, Scheduled Co-operative Banks-SBLB-1, LGTSB-799013000000834,UBI SUCHITWA MISSION ,SBT MGNREGSA A/C 498,UBI-AUEGS, Scheduled Co-operative Banks-SBLB-3,COVID-CFLTC-STSB,Treasury MF A/C Maintenance Fund,MF/MCF II(b)Development Fund(SCP), Treasury MF A/C III Maintenance Fund,Treasury-Grant Funds-3,Treasury-Grant Funds-4 എന്നീ അക്കൗണ്ടുകൾ ഇടപാടുകൾ ഇല്ലാതെ നിലനിൽക്കുന്നു. ഇടപാടുകൾ ഇല്ലാത്ത ഇത്തരം അക്കൗണ്ടുകൾ ഔദ്യോഗികമായി ക്ലോസ് ചെയ്യാത്തതിന്റെ കാരണം വ്യക്തമാക്കിയില്ല (എൻക്വയറി-29/27.01.24)

**1-1-10 തുകകളുടെ കൃത്യത ഉറപ്പാക്കുവാനുള്ള രേഖകൾ ഹാജരാക്കിയിട്ടില്ല.**

ചുവടെ സൂക്ഷിച്ചിട്ടുള്ള ഷെഡ്യൂളിൽ കാണിച്ചിരിക്കുന്ന തുകകളുടെ കൃത്യത ഉറപ്പാക്കുവാനുള്ള രേഖകൾ ലഭ്യമാക്കിയിട്ടില്ല (എൻക്വയറി-29/27.01.24)

| Code No. | Particulars | Current Year Amount |
|---|---|---|
| 280100100 | Prior Period Income – Property Tax (General) | -1410435 |
| 280100600 | Prior Period Income – Profession Tax-Institutions/Professionals /Traders | 1500 |

**1-1-11 വരവിനങ്ങളുടെ ഡിമാന്റ് തുക കൃത്യമായി കണക്കാക്കി രേഖപ്പെടുത്തിയിട്ടില്ല**

ഓരോ വരവിനത്തിന്റേയും ഡിമാന്റ് തുക കൃത്യമായി കണക്കാക്കി, വരുമാനത്തിന്റെ കൃത്യമായ കളക്ഷൻ ഉറപ്പാക്കുന്നതിന് ഓരോ ഡിമാന്റിന്റേയും അടിസ്ഥാനത്തിൽ തയ്യാറാക്കി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും, മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. (2007 ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട്സ് ചട്ടങ്ങൾ, ചട്ടം 54എഫ് &ഐ) (കേരള മുനിസിപ്പൽ അക്കൗണ്ട്സ് മാന്വൽ 2007, ഖണ്ഡിക 6.59)

I) വസ്തുനികുതി ഡിമാന്റ് രജിസ്റ്റർ

Ii) തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (ജീവനക്കാർ)

Iii) തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (സ്ഥാപനങ്ങൾ)

Iv) ലൈസൻസ് ഫീസ് ഡിമാന്റ് രജിസ്റ്റർ

V) വിനോദനികുതി

Vi) ബസ് സ്റ്റാന്റ് ഫീ, മാർക്കറ്റ് ഫീ

Vii) വാട്ടർ ചാർജ്ജ്

Viii) വാടക ഡിമാന്റ് രജിസ്റ്റർ

Ix) പാരമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്റ്റർ

X) ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ററർ
Xi) ഭൂമി പാട്ടം ഡിമാന്റ് രജിസ്റ്റർ

Xii) ഭൂമി പാട്ടം കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ

നിലവിൽ എല്ലാ വരവിനങ്ങൾക്കും മേല്പറഞ്ഞ ഡിമാന്റ് രജിസ്റ്ററുകൾ തയ്യാറാക്കി സൂക്ഷിക്കുന്നില്ല. ഡിമാന്റ് രജിസ്റ്ററുകൾ തയ്യാറാക്കാതെയും സംക്ഷിപ്തം തയ്യാറാക്കാതെയും വാർഷിക കണക്കുകളിൽ വരുമാന ഇനങ്ങളുടെ ഡിമാന്റ് തുക എന്നിവ സാങ്കല്പികമായി നിലനിൽക്കുന്നു.

**1-1-12 വസ്തു നികുതിയിന്മേൽ സർചാർജ്ജ് തുക കണക്കാക്കിയതിന്റെ വിവരം നൽകിയില്ല**

2022-23 വാർഷിക ധനകാര്യ പത്രികയിലെ RP -37 ഷെഡ്യൂൾ 431800130 – Receivables For Surcharge On Property Tax (Current) എന്ന ഹെഡിൽ ₹2282/-യുടെയും, 431800140 – Receivables For Surcharge On Property Tax (Arrear) എന്ന ഹെഡിൽ ₹74/-യുടെയും വരവ് കാണുന്നു. മേൽ പ്രകാരം വസ്തു നികുതിയിന്മേൽ സർചാർജ്ജ് തുക കണക്കാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല (എൻക്വയറി-61/02.02.24)

**1-1-13 വസ്തു നികുതിയിന്മേൽ ലൈബ്രറി സെസ്സ്, സർവീസ് സെസ്സ് എന്നിവ കണക്കാക്കുന്നതിൽ വ്യത്യാസം**

വസ്തു നികുതിയിന്മേൽ 10% ആണ് സർവീസ് സെസ്സ് കണക്കാക്കേണ്ടത് എന്നാൽ തൻവർഷത്തെ വസ്തു നികുതിയിന്മേൽ സെസ്സ് കണക്കാക്കിയതിൽ വ്യത്യാസം ഉള്ളതായി കാണുന്നു. ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി 15 പ്രകാരം വസ്തുനികുതിയിനത്തിലെ ആകെ കിട്ടാനുള്ള തുക (5% ലൈബ്രറി സെസ്സ് ഉൾപ്പെടെ) ₹6483371/- യാണ്. ഇത് പ്രകാരം ഇതേ ഷെഡ്യൂളിൽ "431910100 – State Govt Levies In Property Tax" എന്ന ശീർഷകത്തിൽ വരേണ്ട തുക ₹324169/- ആണ്. എന്നാൽ ഈ ശീർഷകത്തിൽ ₹884790/- ചേർത്തിട്ടുണ്ട്. വ്യത്യാസം വിശദീകരിച്ചില്ല (എൻക്വയറി- 61, തീയതി-02/02/2024).

**1-1-14 പ്രത്യേകോദ്ദേശ്യ ബാങ്ക് അക്കൗണ്ടുകൾക്ക് തത്തുല്യമായ ബാധ്യതാ ശീർഷകം ബാലൻസ്ഷീറ്റ് ബി -4 ൽ ചേർക്കുന്നില്ല.**

ബാലൻസ്ഷീറ്റ് പ്രകാരം ബി-17 പ്രകാരമുള്ള താഴെപ്പറയുന്ന പ്രത്യേകോദ്ദേശ്യ ബാങ്ക് അക്കൗണ്ടുകൾക്ക് തത്തുല്യമായ ബാധ്യതാ ശീർഷകം ബാലൻസ്ഷീറ്റ് ബി -4 ഷെഡ്യൂളിൽ ചേർക്കുന്നില്ല.

| ക്രമ | ശീർഷകം | ബാങ്ക് അക്കൗണ്ട് | തുക |
|---|---|---|---|

| നം. | | | |
|---|---|---|---|
| 1 | 450210200 | SBI-E Sand Account | 5,702 |
| 2 | 450230100 | Scheduled Co-operative Banks-SBLB-1 | 82,67,734 |
| 3 | 450410600 | PMAY-607902010010392 (UBI) | 69,05,015 |
| 4 | 450620100 | KGB-AUEGS-40550101025565 | 3,332 |

### 1-1-15 നിക്ഷേപപ്രവൃത്തികൾക്ക് മുൻകൂർ നൽകിയ തുകകൾ ബി-18 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല

വിവിധ നിക്ഷേപപ്രവൃത്തികൾക്കായി KWA, KSEB എന്നീ സ്ഥാപനങ്ങളിൽ താഴെപ്പറയും പ്രകാരം തുക നിക്ഷേപിച്ചിട്ടുണ്ട്. എന്നാൽ ടി തുകകൾ വാർഷികകണക്കിൽ ബി-18 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.

| സ്ഥാപനം | പ്രവൃത്തി | തുക |
|---|---|---|
| KWA | പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | ₹3692718 |
| KWA | കൊമ്പനാമല വാട്ടർ ടാങ്ക് നിർമാണം | ₹6289445 |
| KSEB | സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ | ₹200000 |

പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാത്തതിനാൽ മേൽ തുകകൾ ബി-18 ഷെഡ്യൂളിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-2 ബജറ്റ്

നഗരസഭയുടെ 2022-23 വർഷത്തേക്കുള്ള ബജറ്റ് 11.03.2022 ലെ 1-ാം നമ്പർ തീരുമാനപ്രകാരം നഗരസഭ കൗൺസിൽ അംഗീകരിച്ച് പാസ്സാക്കിയിട്ടുണ്ട്. 24.03.2023 ലെ 1-ാം നമ്പർ തീരുമാനപ്രകാരം നഗരസഭ കൗൺസിൽ 2022-23 ലെ പുതുക്കിയ ബജറ്റിനും അംഗീകാരം നൽകിയിട്ടുണ്ട്.

| | |
|---|---|
| മുന്നിരുപ്പ് | ₹16,56,100 |
| വരവ് | ₹24,83,81,256 |
| ആകെ | ₹25,00,37,356 |
| ചെലവ് | ₹24,66,20,456 |
| നീക്കിയിരുപ്പ് | ₹34,16,900 |

കേരള മുനിസിപ്പാലിറ്റി ആക്ട് 1994, സെക്ഷൻ 293 പ്രകാരം മുനിസിപ്പാലിറ്റികളുടെ ബജറ്റ് നിർണ്ണയിക്കപ്പെടുന്ന ഫോറത്തിലും രീതിയിലും തയ്യാറാക്കുന്നതിനും ആയതിന് മാറ്റങ്ങളില്ലാതെയെയോ മാറ്റങ്ങളോടുകൂടിയോ കൗൺസിൽ അംഗീകാരം നൽകുന്നതിനും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ മുനിസിപ്പാലിറ്റികൾക്ക് വേണ്ടിയുള്ള ബജറ്റ് ചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടില്ല.

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | ₹1,98,60,721 |
| വരവ് | ₹12,66,26,219 |
| ആകെ | ₹14,64,86,940 |
| ചെലവ് | ₹12,50,86,653 |
| നീക്കിയിരിപ്പ് | ₹2,14,00,287 |

തൻ വർഷത്തെ വരവ് ചെലവ് എന്നിവ വാർഷിക ധനകാര്യപത്രികയിലെ റസീപ്റ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ടിൽ നിന്ന് എടുത്തിട്ടുള്ളതാണ്. ഈ പത്രികയിൽ ഉൾപ്പെട്ടിട്ടില്ലാത്ത വരവുകൾ തുടർ ഖണ്ഡികകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

### 1-4 ഫണ്ട് വിനിയോഗം

| | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് | ചെലവഴി ക്കാതെ |
|---|---|---|---|---|---|---|

| | | | | | | ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 23547512 | 23547512 | 23375510 | 0 | 172002 |
| വികസനഫണ്ട് എസ്.സി.പി. | 0 | 5262000 | 5262000 | 4816670 | 0 | 445330 |
| സംരക്ഷണഗ്രാന്റ് – റോഡ് | 0 | 13389000 | 13389000 | 13131874 | 0 | 257126 |
| സംരക്ഷണഗ്രാന്റ് – നോൺറോഡ് | 0 | 6524300 | 6524300 | 5640974 | 0 | 883326 |
| 15-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Basic) | 771048 | 4286500 | 5057548 | 7018043 | 2425495 | 0 |
| 15-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied) | 4389963 | 6429500 | 10819463 | 13510617 | 3936326 | 0 |
| പ്രത്യേക ആവശ്യ ഗ്രാന്റ് (ശുചിത്വ മിഷൻ) (320100100) | 14098 | 0 | 14098 | 14199 | 101 | 0 |
| Special ഗ്രാന്റ് (320200106) | 20811 | 0 | 20811 | 0 | 20811 | 0 |
| Epidimic Control | 1000000 | 0 | 1000000 | 0 | 1000000 | 0 |
| Agri Captial | 505350 | 0 | 505350 | 0 | 505350 | 0 |
| Social Welfare | 561033 | 0 | 561033 | 0 | 561033 | 0 |
| Other Govt Agencies(NULM) | 16334 | 1860572 | 1876906 | 893945 | 982961 | 0 |
| Other Grants For Specic Purpose | 5081356 | 6368294 | 11449650 | 0 | 11449650 | 0 |

RP-40(B) പ്രകാരമുള്ള തുകയാണ് ചേർത്തിട്ടുള്ളത്. ബാലൻസ് ഷീറ്റ് ബി-4 ഷെഡ്യൂളിൽ ബാധ്യതയായി സിഎഫ് സി ടൈഡ്- അൺടൈഡ് തുകകൾ ചേർത്തിട്ടില്ല.

### 1-4-1 ധനകാര്യ കമ്മീഷൻ ഗ്രാന്റ് ചെലവഴിച്ചതിന്റെ വിശദാംശം നൽകിയില്ല

നഗരസഭയ്ക്ക് 2020-21 സാമ്പത്തിക വർഷം ₹3861672/- കേന്ദ്ര ധനകാര്യ കമ്മീഷൻ വിഹിതമായി ലഭിച്ചിരുന്നു. കോവിഡ് പകർച്ച വ്യാധി വ്യാപന സാഹചര്യം കാരണം പ്രസ്തുത തുക 2020-21, 2021-22 എന്നീ വർഷങ്ങളിൽ പൂർണ്ണമായി ചെലവഴിക്കാൻ സാധിച്ചില്ല. ഇപ്രകാരം അനുവദിച്ച ഗ്രാന്റിൽ ചെലവഴിക്കാൻ സാധിക്കാതെ വന്ന തുക 2022-23 വർഷം ജി.ഒ (ആർ ടി)4228/2022/ധനം, തീയതി.07.06.2022 ഉത്തരവ് പ്രകാരം വീണ്ടും

അനുവദിച്ച് നൽകുകയുണ്ടായി. പ്രസ്തുത തുക 2022-23 ൽ തന്നെ ചെലവഴിക്കണം എന്ന് പ്രസ്തുത ഉത്തരവിൽ നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ ഈ തുക ചെലവഴിച്ചതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്. (എൻക്വയറി-35/28.01.24 )

### 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (₹) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് (₹) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ എണ്ണം | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 170 | 97389414 | 146 | 74334233 | 133 | 13 | 24 | 78% |

### 1-6 അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരുപ്പ് (₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരുപ്പ് (₹) |
|---|---|---|---|---|---|
| ഭരണചെലവുകൾ/ ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 15,37,940.46 | 2,00,00,000+ 12123 (പലിശ) | 2,15,50,063.46 | 2,15,46,731.46 | 3332 |

| | | | | | |
|---|---|---|---|---|---|
| ആകെ | 15,37,940.46 | 2,00,12,123 | 2,15,50,063.46 | 2,15,46,731.46 | 3332 |

## 1-7 ക്ഷേമ പദ്ധതികൾ

ഓഡിറ്റ് വർഷം നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ചതുക (₹) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | 1283500 | 97 |
| വിധവാപെൻഷൻ | 11328700 | 947 |
| വാർദ്ധക്യകാലപെൻഷൻ | 32691700 | 2815 |
| വികലാംഗപെൻഷൻ | 2704800 | 223 |
| 50 വയസിന് മുകളിലുള്ള അവിവാഹിതകൾക്കുള്ള ധനസഹായം | 845600 | 60 |

## 1-8 ക്യാഷ് ബാലൻസ്

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23.01.2024 തീയതിയിൽ ഉച്ചയ്ക്ക് 3 മണി സമയത്ത് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തി. ക്യാഷ് ബാലൻസ് ₹20325 കൃത്യത പരിശോധനയിൽ ബോദ്ധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണ സംവിധാനം

നഗരസഭയുടെ ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ശ്രദ്ധിക്കപ്പെട്ട മേഖലകൾ ചുവടെ ചേർക്കുന്നു.

1. നഗരസഭ നടപ്പാക്കുന്ന പ്രധാന മരാമത്ത് പ്രവൃത്തികൾ നഗരസഭ കൗൺസിൽ തീരുമാനമില്ലാതെയും നഗരസഭ എൻജിനിയർ സൂപ്പർവിഷൻ നടത്താത്തതും കാരണം ഫണ്ട് അധികമായി വിനിയോഗിച്ചിട്ടുണ്ട്. (ഉദാ: കോട്ടപ്പുറം നഗരസഭ മന്ദിരം നിർമ്മാണം, നിലവിലുള്ള നഗരസഭ മന്ദിരം ഫർണിഷിംഗ് ചെലവുകൾ, ഷെൽറ്റർ ഹോം നിർമ്മാണം തുടങ്ങിയവ.
2.ഇലക്ട്രോണിക് ഉപകരണങ്ങളുടേയും, മറ്റ് സാമഗ്രികളുടേയും സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി തയ്യാറാക്കി വാർഷിക പരിശോധന നടത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.
3. പൊതു ടാപ്പുകളുടെ വെള്ളക്കരമിനത്തിൽ ഭീമമായ കുടിശ്ശിക നിലനിൽക്കുന്നത് നഗരസഭയ്ക്ക് വൻസാമ്പത്തിക ബാധ്യതയായി മാറിയിരിക്കുന്നു. 2021-22 വർഷം വെള്ളക്കരം അടവാക്കിയിട്ടില്ല. നഗരസഭയുടെ വെള്ളക്കരം അടവ് സംബന്ധിച്ച കൃത്യമായ കണക്ക് നഗരസഭ തയ്യാറാക്കേണ്ടതാണ്. പൊതു ടാപ്പുകളുടെയും തെരുവ് വിളക്കുകളുടേയും സംയുക്തപരിശോധന നടത്തി കൃത്യമായ കണക്ക് വിവരം തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.
4. ഭരണസമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി ഒരു വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

5. തൻവർഷം നഗരസഭയിൽ പ്രൊക്യൂർമെന്റ് കമ്മിറ്റി കൂടുകയോ, മിനിട്ട്സ് തയ്യാറാക്കി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല. തന്മൂലം പർച്ചേസിംഗുകളിൽ വളരെയധികം അപാകങ്ങളുണ്ടായിട്ടുള്ളതായി കാണുന്നു. പരിഹരിക്കപ്പെടേണ്ടതാണ്.

6. മുൻകൂർ നൽകിയ തുകകൾ വർഷങ്ങളായി ക്രമീകരിക്കപ്പെടാതെ ശേഷിക്കുന്നു. ക്രമീകരിക്കേണ്ടതാണ്.

7. ഡെപ്പോസിറ്റ് രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നില്ല.
8. പ്രവൃത്തികൾക്കായി നൽകുന്ന തുകകളുടെ വിവരം ഡെപ്പോസിറ്റ് വർക്ക് രജിസ്റ്ററിൽ

രേഖപ്പെടുത്തുന്നില്ല. പ്രവൃത്തിയുടെ പൂർത്തീകരണം ഉറപ്പാക്കപ്പെടുന്നില്ല.

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെയും നഗരസഭ കൗൺസിലിന്റെയും സത്വര ശ്രദ്ധ ക്ഷണിക്കുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 2015ന് ശേഷം ഓഡിറ്റ് നടന്നിട്ടില്ല | -- | -- |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 21.04.2018 മുതൽ 27.04.2018 വരെ | 2018-19 | 26.04.2018 |

## 1-11 തനത് വരുമാന അവലോകനം

ആറാമത് സംസ്ഥാന ധനകാര്യ കമ്മീഷന്റെ രണ്ടാമത് നിർദ്ദേശ പ്രകാരം പിറവം നഗരസഭയുടെ തനത് വരുമാന അവലോകനത്തിന്റെ ഭാഗമായി നടത്തിയ പരിശോധനയിൽ തൊഴിൽ നികുതി, ലൈസൻസ്, വാടക, വസ്തുനികുതി, വിനോദ നികുതി, ലേലം എന്നിവയിലെ ഡിമാൻഡ്/കളക്ഷൻ എന്നിവ പരിശോധിച്ച് നികുതി /നികുതിയേതര വരവുകളുടെ വർദ്ധനവിനുതകുന്ന നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു. പുതിയ തനതു വരുമാന മേഖലകൾ സംബന്ധിക്കുന്ന നിർദ്ദേശങ്ങൾ ധനകാര്യസ്റ്റാൻഡിംഗ് കമ്മറ്റിയുടെയും നഗരസഭ ഭരണസമിതിയുടെയും തീരുമാനങ്ങളിൽ ഉൾപ്പെട്ടിട്ടില്ല. റവന്യൂ ചെലവുകൾ വർദ്ധിച്ച് വരുന്ന സാഹചര്യം കണക്കിലെടുത്ത് തനത് വരുമാന സ്രോതസ്സുകൾ പ്രയോജനപ്പെടുത്തുന്നതിലും പുതിയ സ്രോതസ്സുകൾ കണ്ടെത്തുന്നതിലും ഫലപ്രദമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

### കെട്ടിട നികുതി

നഗരസഭ പരിധിയിൽ തുറസ്സായ സ്ഥലവും പാർക്കിംഗ് സ്ഥലവും കയ്യേറി നടത്തുന്ന അനധികൃത കെട്ടിട നിർമ്മാണങ്ങൾ നടത്തിയിട്ടുണ്ടെങ്കിൽ ഫീൽഡ് പരിശോധന നടത്തി കണ്ടെത്തി നികുതി നഷ്ടം തടയേണ്ടതാണ്.

ഫീൽഡ് പരിശോധന നടത്തി ഘടനാപരമായി മാറ്റം വരുത്തിയ കെട്ടിടങ്ങളെ കണ്ടെത്തി വസ്തുനികുതി പുനർനിർണ്ണയിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. നികുതി നിർണ്ണയപരിധിയിൽ ഒഴിവായിപ്പോയിട്ടുള്ള കെട്ടിടങ്ങൾ ഉണ്ടെങ്കിൽ അവ കണ്ടെത്തി ക്രമവൽക്കരിച്ച് നികുതി നിർണ്ണയിക്കേണ്ടതാണ്.

### തൊഴിൽ നികുതി

വ്യക്തികൾ, സ്ഥാപനങ്ങൾ, ജീവനക്കാർ, പ്രിസംപ്റ്റീവ് ടാക്സ് ഒടുക്കുവാൻ ബാധ്യസ്ഥരായവർ (സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ, അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റ് പ്രൊഫഷണലുകൾ, വിവിധ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാർ, ഗ്രാമപഞ്ചായത്തിലെ ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന ലൈസൻസ്ഡ് ബിൽഡിംഗ് സൂപ്പർവൈസർമാർ, എൻജിനീയർമാർ, വാഹന ഉടമകൾ, അക്ഷയ കേന്ദ്രങ്ങളിലെ ജീവനക്കാർ തുടങ്ങി തൊഴിൽ നികുതി ഒടുക്കുവാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാ ബേസ് നഗരസഭ തയ്യാറാക്കി സൂക്ഷിക്കേണ്ടതും തൊഴിൽ നികുതി വരുമാന വരുമാന ചോർച്ച ഇല്ലെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

### FTEA&OS ലൈസൻസ്

നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളെയും ഫീൽഡ് പരിശോധന നടത്തി ലൈസൻസ് പരിധിയിൽ കൊണ്ടുവരേണ്ടതും, മൂലധന നിക്ഷേപത്തിനനുസൃതമായി ഫീസ് ഈടാക്കേണ്ടതുമാണ്.

### റെഗുലറൈസേഷൻ ഫീസ്

2023-24 വർഷം പ്രാബല്യത്തിൽ വന്ന വസ്തുനികുതി പരിഷ്കരണത്തിന്റെ ഭാഗമായി കെട്ടിടങ്ങളുടെ വിവരശേഖരണം നടത്തിയതിൽ നിയമാനുസൃതമല്ലാതെ നിർമ്മിച്ച കെട്ടിടങ്ങളുടെ വിവരങ്ങൾ 9 ബി ഫാറത്തിൽ നിരവധി അപേക്ഷകൾ ലഭിക്കുകയുണ്ടായി. നഗരസഭ പരിധിയിൽ അനധികൃതനിർമ്മാണങ്ങൾ ധാരാളം നടക്കുന്നുണ്ടെങ്കിലും ആയത് യഥാസമയം കണ്ടെത്തി റിപ്പോർട്ട് ചെയ്യുന്നതിലും തുടർനടപടികൾ സ്വീകരിക്കുന്നതിലും വീഴ്ചയുണ്ടാകുന്നുവെന്നാണ് ഇതിൽ നിന്നും വ്യക്തമാകുന്നത്. ഫീൽഡ് പരിശോധനയിലൂടെ അനധികൃത നിർമ്മാണങ്ങൾ യഥാസമയം കണ്ടെത്തി റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ബിൽഡിംഗ് റെഗുലറൈസേഷൻ ഫീസ്, വസ്തു നികുതി എന്നിവ പിരിച്ചെടുക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

**ടൂറിസം മേഖലയിലെ വരുമാനം**

നഗരസഭയുടെ അധീനതയിലുള്ള പുഴ പുറമ്പോക്കുകൾ, മറ്റ് സ്ഥലങ്ങൾ മുതലായവ സർക്കാരിന്റെ വിവിധ ടൂറിസം പദ്ധതികളുമായി സംയോജിപ്പിച്ച് തനത് വരുമാനം വർദ്ധിപ്പിക്കാനാകുമോയെന്ന് പരിശോധിക്കേണ്ടതാണ്.

നഗരസഭയുടെ ദൈനംദിന ചെലവുകൾ, എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ ഇവ നടത്തുന്നതിനു പ്രധാനമായും ആശ്രയിക്കുന്നത് തനത് വരുമാനത്തെയാണ്. വസ്തു നികുതി വരുമാനം ഡിമാന്റ് ചെയ്യുന്നതിൽ നിയമത്തിലും ചട്ടത്തിലും നിഷ്കർഷിക്കുന്ന നടപടിക്രമങ്ങൾ പാലിച്ചും ഫീൽഡ് പരിശോധന നടത്തിയും ലൈസൻസ് ഫീസ്, തൊഴിൽ നികുതി, മറ്റ് വരുമാനങ്ങൾ ഇവയിൽ നിന്നു നഗരസഭയ്ക്ക് ലഭിക്കുന്ന വരുമാനം കുറവായതിനാൽ മുഴുവൻ വാണിജ്യ സ്ഥാപനങ്ങൾക്കും ലൈസൻസ് ലഭ്യമാക്കുന്നതിനും തൊഴിൽ നികുതി പിരിച്ചെടുക്കുന്നതിനും കൂടുതൽ ഭാവനാപൂർണ്ണമായ നടപടികൾ സ്വീകരിക്കേണ്ടതും പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും നിലവിലുള്ള ഇനങ്ങളിൽ നിന്നും കൂടുതൽ വരുമാനം ഉറപ്പാക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി തയ്യാറാക്കുന്ന ബജറ്റ് നിർദ്ദേശങ്ങളിൽ ഉൾപ്പെടുത്തേണ്ടതും വർദ്ധിച്ച് വരുന്ന ചെലവും നഗരസഭയുടെ സാമ്പത്തിക സ്ഥിതിയും പരിഗണിച്ച് അധിക വിഭവ സമാഹരണത്തിനുതകുന്ന ക്രിയാത്മക നിർദ്ദേശങ്ങൾ ബജറ്റിൽ ഉൾപ്പെടുത്തുന്നതിനും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. പതിനാലാം പഞ്ചവത്സരപദ്ധതിയിലെ വാർഷികപദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ സ.ഉ (കൈ) നം.84/22/ തസ്വഭവ തീയതി 19/04/2022 യിലെ ഖണ്ഡികകളുൾപ്പെടുത്തുന്നതിനും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. പതിനാലാം പഞ്ചവത്സരപദ്ധതിയിലെ വാർഷികപദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ സ.ഉ (കൈ) നം.84/22/ തസ്വഭവ തീയതി 19/04/2022 യിലെ ഖണ്ഡിക 5.1 ൽ വിഭവസമാഹരണം സംബന്ധിച്ച പൊതുനിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് തനത് വരുമാനം വർദ്ധിപ്പിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

**1-12 കെട്ടിട നികുതി കുറവായി നിർണ്ണയിച്ചു**

നഗരസഭയിലെ വാണിജ്യാവശ്യത്തിനുള്ള 100ചതുരശ്ര മീറ്റർ വരെ തറ വിസ്തീർണ്ണമുള്ള ഹോട്ടൽ,റസ്റ്റോറന്റുകൾ ഷോപ്പുകൾ എന്നിവയ്ക്ക് ബാധകമായ അടിസ്ഥാന വസ്തു നികുതി ചതുരശ്ര മീറ്ററിന് ₹60/- യും വാണിജ്യാവശ്യത്തിനുള്ള 100ചതുരശ്ര മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള ഹോട്ടൽ,റസ്റ്റോറന്റുകൾ ഷോപ്പുകൾ എന്നിവയ്ക്ക് ബാധകമായ അടിസ്ഥാന വസ്തുനികുതി ചതുരശ്ര മീറ്ററിന് ₹90/- യുമാണ്. നഗരസഭയിലെ വസ്തു നികുതി സംബന്ധിച്ച വിവരങ്ങൾ സഞ്ചയ സോഫ്റ്റ് വെയർ മുഖേന പരിശോധിച്ചതിൽ 100 ചതുരശ്ര മീറ്ററിന് മുകളിൽ വിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടങ്ങളെ 100 ചതുരശ്ര മീറ്ററിൽ കുറവുള്ള ഗണത്തിൽപെടുത്തിയാണ് വസ്തുനികുതി ഈടാക്കിയിരിക്കുന്നത്. വിശദാംശം താഴെക്കൊടുക്കുന്നു.

| ക്രമ നം. | ഉടമസ്ഥന്റെ പേര് | കെട്ടിട നമ്പർ | തറ വിസ്തീർണ്ണം (ച.മീ) | കെട്ടിടത്തിന് ഈടാക്കിയ അടിസ്ഥാന നികുതി നിരക്ക് (*2022-IInd Half*) | കെട്ടിടത്തിന് ഈടാക്കേണ്ട അടിസ്ഥാന നികുതി നിരക്ക് (*2022-IInd Half*) | കുറവ് |
|---|---|---|---|---|---|---|
| 1 | യു വി മാത്യു ഊന്നുകല്ലുപുറത്ത്, പിറവം | 07/399/1 | 154.44 ച.മീ | 9266.4 | 13899.6 | 4633.2 |
| | | | | | കുറവ് | 4633.2 |

വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്ക് കുറഞ്ഞ നിരക്കിൽ നികുതി നിർണ്ണയിച്ചത് മൂലം വസ്തുനികുതി ഡിമാന്റ് കുറവ് വന്നതിന് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.69/5.2.24 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ കെട്ടിട നികുതി അസ്സസ്സ്മെന്റിൽ കുറവുവന്നിട്ടുള്ള പക്ഷം ആയത് പുനർനിർണ്ണയിച്ച് വിവരം അറിയിക്കേണ്ടതാണ്.

**1-13 പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ്**

കേരള മുനിസിപ്പാലിറ്റി കെട്ടിടനിർമ്മാണ ചട്ടങ്ങൾ 2019, ചട്ടം 21 പ്രകാരം രണ്ട് നില വരെയുള്ള താമസകെട്ടിടങ്ങളും, 50 ച.മീ. വരെയുള്ള വാണിജ്യ കെട്ടിടങ്ങളും, മതപരമായ കെട്ടിടങ്ങളും, ഗ്രൂപ്പ് ജി1, ജി2, ഐ എന്നിവയിൽ ഉൾപ്പെട്ട കെട്ടിടങ്ങളും ഒഴികെയുള്ള എല്ലാ കെട്ടിടങ്ങൾക്കും ഒക്യുപൻസി

സർട്ടിഫിക്കറ്റ് നൽകി 2 വർഷത്തിനുള്ളിൽ സെക്രട്ടറി പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ് നടത്തേണ്ടതാണെന്നും ഒക്യുപൻസി സർട്ടിഫിക്കറ്റ് നൽകി രണ്ട് വർഷത്തിന് ശേഷം ഏത് സമയത്തും പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ് നടത്താവുന്നതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ

പിറവം നഗരസഭയിൽ മേൽ ചട്ടപ്രകാരം പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തി അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തി നിയമനടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം 6/25.1.24 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ് നടത്തി നികുതിച്ചോർച്ച ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

**1-14 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല**

നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്ന താഴെ കൊടുക്കുന്ന സ്ഥാപനങ്ങളുടെ 2022-23 വർഷത്തെ സ്ഥാപന തൊഴിൽ നികുതി അടവാക്കിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം49/30.1.24 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ താഴെ ചേർത്തിട്ടുള്ള സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽ നികുതി അടവാക്കിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതും അല്ലാത്തപക്ഷം നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | കെട്ടിട നം/സ്ഥലം | റീമാർക്സ് |
|---|---|---|---|
| 1 | ഇൻഡസ് ഇൻഡ് ബാങ്ക് | 7/308 | ആദ്യ പകുതിയും, രണ്ടാം പകുതിയും |
| 2 | യുണൈറ്റഡ് ഇൻഡ്യ ഇൻഷൂറൻസ് | 7/367 | ആദ്യ പകുതിയും, രണ്ടാം പകുതിയും |
| 3 | യൂണിയൻ ബാങ്ക് | 25/270 | ആദ്യ പകുതിയും, രണ്ടാം പകുതിയും |
| 4 | എസ് എം എൽ ഫിനാൻസ് | 26/133 | ആദ്യ പകുതിയും, രണ്ടാം പകുതിയും |
| 5 | പിറവം സർവ്വീസ് CO-OPബാങ്ക് | 8/298 | ആദ്യ പകുതിയും, രണ്ടാം പകുതിയും |
| 6 | മുത്തൂറ്റ് ഫിൻ കോർപ്പ് | 8/277 | ആദ്യ പകുതിയും, രണ്ടാം പകുതിയും |
| 7 | മണപ്പുറം ഫിനാൻസ് | ത്രീ റോഡ് ജം പിറവം | ആദ്യ പകുതിയും, രണ്ടാം പകുതിയും |
| 8 | ധൻചക്ര ലീസിംഗ് | മാർക്കറ്റ് റോഡ് പിറവം | ആദ്യ പകുതിയും, രണ്ടാം പകുതിയും |
| 9 | HDFC ഹോം ലോൺ | മുള്ളർപടി പിറവം | ആദ്യ പകുതിയും, രണ്ടാം പകുതിയും |
| 10 | NFC ഫിനാൻസ് | ഓൾഡ് മാർക്കറ്റ് റോഡ് പിറവം | ആദ്യ പകുതിയും, രണ്ടാം പകുതിയും |
| 11 | ESAF ബാങ്ക് | മുവാറ്റുപുഴ റോഡ് പിറവം | ആദ്യ പകുതിയും, രണ്ടാം പകുതിയും |
| 12 | കൊശമറ്റം ഫിനാൻസ് | കരോട്ടെ കുരിശ് പിറവം | ആദ്യ പകുതിയും, രണ്ടാം പകുതിയും |
| 13 | ജിയോജിത്ത് ഫിനാൻഷ്യൽ സർവ്വീസ് | Nr.മിനി സിവിൽ സ്റ്റേഷൻ പിറവം | ആദ്യ പകുതിയും, രണ്ടാം പകുതിയും |

| | | | |
|---|---|---|---|
| 14 | ആക്സിസ്സ് ബാങ്ക് | മുവാറ്റുപുഴ റോഡ് പിറവം | ആദ്യ പകുതിയും, രണ്ടാം പകുതിയും |
| 15 | സിൻഡിക്കേറ്റ് ബാങ്ക് | പോസ്റ്റോഫീസ് ജം പിറവം | ആദ്യ പകുതിയും, രണ്ടാം പകുതിയും |
| 16 | മുവാറ്റുപുഴ അർബൻ CO-OP ബാങ്ക് | കരോട്ടെ കുരിശ് പിറവം | ആദ്യ പകുതിയും, രണ്ടാം പകുതിയും |
| 17 | സൗത്ത് ഇൻഡ്യൻ ബാങ്ക് | മുവാറ്റുപുഴ റോഡ് പിറവം | ആദ്യ പകുതിയും, രണ്ടാം പകുതിയും |
| 18 | KPB നിധി | പോസ്റ്റോഫീസ് ജം പിറവം | ആദ്യ പകുതിയും, രണ്ടാം പകുതിയും |
| 19 | എൽ.ഐ.സി | Nr.മിനി സിവിൽ സ്റ്റേഷൻ പിറവം | ആദ്യ പകുതിയും, രണ്ടാം പകുതിയും |
| 20 | ഇൻഡസ് ലാന്റ് ഗോൾഡ് ലോൺ | Nr.മിനി സിവിൽ സ്റ്റേഷൻ പിറവം | ആദ്യ പകുതിയും, രണ്ടാം പകുതിയും |

**1-15 പാരാമെഡിക്കൽ രജിസ്ട്രേഷൻ സംബന്ധിച്ച്**

1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം, വകുപ്പ് 313, 1997 ലെ കേരള മുനിസിപ്പാലിറ്റി (സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ) ചട്ടങ്ങളിലെ ചട്ടം3(1) പ്രകാരം രജിസ്ട്രേഷൻ ഇല്ലാതെ നഗരസഭാ പരിധിക്കുള്ളിൽ സ്വകാര്യ ആശുപത്രികളും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളും പ്രവർത്തിക്കാൻ പാടില്ല. ലൈസൻസ് ഫയലുകൾ പരിശോധിച്ചതിൽ നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്ന താഴെ ചേർക്കുന്ന സ്വകാര്യ ആശുപത്രികളും പാരാമെഡിക്കൽ സ്ഥാപനങ്ങളും 2022-23 സാമ്പത്തിക വർഷം രജിസ്ട്രേഷൻ പുതുക്കിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം 50/30.1.24 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന സ്വകാര്യ ആശുപത്രികളും പാരാമെഡിക്കൽ സ്ഥാപനങ്ങളും രജിസ്ട്രേഷൻ പുതുക്കിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതും അല്ലാത്തപക്ഷം രജിസ്ട്രേഷൻ പുതുക്കി വിവരം അറിയിക്കേണ്ടതാണ്.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | സെന്റ് മേരീസ് ഡെന്റൽ ക്ലിനിക്ക്, പിറവം റോഡ്, പാഴൂർ |
| 2 | ഇലഞ്ഞിമറ്റത്തിൽ മൾട്ടി സ്പെഷ്യാലിറ്റി ഡെന്റൽ ക്ലിനിക്ക്, പള്ളിക്കവല പിറവം |
| 3 | ഡോ. സാറാസ് ഡെന്റൽ ഗാർഡൻ, IB Jn പിറവം |
| 4 | സൂനം ഡെന്റൽ ക്ലിനിക്ക്, ഇടയാർ പിറവം |
| 5 | ഡോ.ഏയ്ഞ്ചൽസ്, മൾട്ടി സ്പെഷ്യാലിറ്റി ഡെന്റൽ ക്ലിനിക്ക്, പിറവം |
| 6 | നരേക്കാട്ട ഹോമിയോപ്പതിക്ക് ക്ലിനിക്ക്, പള്ളിക്കവല പിറവം |
| 7 | തേജസ് ഹോമിയോ ക്ലിനിക്ക്, പിറവം |
| 8 | മാർ ബേസിൽ ഹോമിയോപ്പതിക്ക് ക്ലിനിക്ക്, പാഴൂർ പിറവം |
| 9 | ഡോ.ജിൽസ് ആയുർവേദ ക്ലിനിക്ക്, ഹോസ്പിറ്റൽ റോഡ് പിറവം |
| 10 | മടത്തിൽ ആയുർവേദവ ക്ലിനിക്ക്, പിറവം |
| 11 | ശ്രീജോ ഹൈടോക്ക് ലാബ്, ഹോസ്പിറ്റൽ ജം പിറവം |
| 12 | പെരുമാലിൽ സ്കാൻ, കരോട്ടെകുരിശ് പിറവം |
| 13 | സ്കാൻറോൺ ലാബ്, പിറവം |

**1-16 തൊഴിൽ നികുതി**

1994 ലെ കേരളാ മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ നമ്പർ 245, 247, 2005 ലെ കേരള മുനിസിപ്പാലിറ്റി തൊഴിൽ നികുതി ചട്ടങ്ങൾ, ചട്ടം 3(2) എന്നിവ പ്രകാരം ഓരോ അർദ്ധവർഷവും നഗരസഭ പ്രദേശത്ത് അറുപത് ദിവസത്തിൽ കുറയാതെ തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെട്ടിരിക്കുന്ന ഏതൊരാളിൽ നിന്നും ബാധകമായ തൊഴിൽനികുതി ഈടാക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നു. ലഭ്യമാക്കിയ തൊഴിൽ നികുതി രജിസ്റ്ററുകൾ, റിട്ടേണുകൾ എന്നിവ പരിശോധിച്ചത് പ്രകാരം കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) തൊഴിൽ നികുതി രജിസ്റ്റർ കാലികമാക്കി ഡി.സി.ബി രേഖപ്പെടുത്തി ബന്ധപ്പെട്ടവർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. നഗരസഭയുടെ 2022-23 വർഷത്തെ വാർഷിക ധനകാര്യ പത്രികയിലെ B-15 ഷെഡ്യൂൾ പ്രകാരം Profession Tax-institution/traders (Current/Arrear) (Head-431190101/431190102) ഇനത്തിൽ ₹1504150/- കുടിശ്ശിക ഇനത്തിൽ ലഭിക്കാനുണ്ട്. തൊഴിൽ നികുതി തുക ഒടുക്കാത്ത സ്ഥാപനങ്ങളുടെ നികുതി കുടിശ്ശിക കണക്കാക്കുന്നതിനായി കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

2) 2022-23 ലെ തൊഴിൽ നികുതി രജിസ്റ്റർ/ലൈസൻസ് ഫയലുകൾ പരിശോധിച്ചതിൽ പ്രകാരം താഴെ കൊടുത്ത സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും ഒന്നും രണ്ടും അർദ്ധ വർഷങ്ങളിലെ തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| സ്ഥാപനം | കെട്ടിട നംമ്പർ |
|---|---|
| കെ.ആർ രവീന്ദ്രൻ നായർ<br>ആധാരം എഴുത്താഫീസ് | 5/64 |
| അനിൽകുമാർ<br>ആധാരം എഴുത്താഫീസ് | 5/76 |
| ആലീസ്<br>ആധാരം എഴുത്താഫീസ് | 5/83 |
| രേഖ<br>ആധാരം എഴുത്താഫീസ് | 5/84 |
| ഹോളി കിംഗ് ഓട്ടോമൊബൈൽ | 5/182 |
| പിട്ടാപ്പിള്ളി ഫിനാൻസ് | 5/184 |
| ആലീസ് ഓൾ സീസൺ ബേക്കറി | 6/34 |
| കൃഷ്ണ ബ്യൂട്ടി ഷോപ്പ് | 6/44 |
| ഐശ്വര്യ വുഡ് വർക്സ് | 7/97 |
| ഇൻഡസ് ഇൻഡ് ബാങ്ക് | 7/308 |
| സപ്ലൈകോ | 7/347 |
| യുണൈറ്റഡ് ഇൻഡ്യ ഇൻഷൂറൻസ് | 7/367 |
| നവീൻ ട്രേഡേഴ്സ് | 8/397 |
| സെന്റ് ജോർജ് സോഡ | 8/404 |
| അരോണ ഫ്രഷ് ഫിഷ് | 8/507 |
| ഗ്ലോബൽ ഫർണിച്ചർ | 9/321 |
| ആനി ഡ്രൈവിംഗ് സ്കൂൾ | 9/397 |
| ക്ലാസിക്ക് അലൂമിനിയം ഡോർസ് | 9/431 |
| കരിയർ കെയർ ഇൻഡ്യ | 11/80 |
| ലെൻസ് കാർട്ട് | 11/600 |
| അനുഗ്രഹ ബ്യൂട്ടീപാർലർ | 12/11 |
| അഞ്ജലി വുഡ് ഇൻഡസ്ട്രീസ് | 13/142a |
| പ്രോടെക്ക് ഇലക്ട്രോണിക്സ് | 14/355 |
| വള്ളോത്താട്ടിൽ സ്റ്റീൽസ് | 14/346 |
| സ്മാർട്ട് ഇന്റീരിയർ | 15/177 |
| അപ്പോളോ സ്റ്റോർ | 16/330 |
| ദീപക് റബ്ബർ കെയർ | 17/413 |

| | |
|---|---|
| വിഷ്ണു സ്റ്റോർ | 18/95 |
| കാരിത്തടത്തിൽ ഫ്യൂവൽസ് | 19/287 |
| അന്ന ഡയറി ഫാം | 21/91 |
| സ്റ്റേഷനറി ഷോപ്പ് | 22/253 |
| എ & എ റബ്ബർ | 23/120 |
| സ്റ്റേഷനറി ഷോപ്പ് | 23/207 |
| എ.ജി.എം സാനിറ്ററി | 25/70 |
| തോട്ടത്തിൽ പെയ്ന്റ് ഹൗസ് | 25/203 |
| കുന്നത്ത് എഞ്ചിനീയറിംഗ് വർക്ക്സ് | 25/240 |
| യൂണിയൻ ബാങ്ക് | 25/270 |
| എസ് എം എൽ ഫിനാൻസ് | 26/133 |
| കൈരളി ഓട്ടോമൊബൈൽ | 26/131 |
| ഗ്ലോബൽ ലൈൻ | 27/220 |
| എ വി കെ ലൈറ്റ് | 27/180 |

മേൽ അപാകതകൾക്കുള്ള മറുപടി ലഭ്യമാക്കണമെന്നാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി നം 51/30.1.24 ന് മറുപടി ലഭ്യമാക്കിയില്ല. അപാകതകൾ പരിഹരിക്കേണ്ടതും തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതും അല്ലാത്തപക്ഷം തൊഴിൽ നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതുമാണ്.

## 1-17 വാടക

നഗരസഭയിലെ വാടക പരിശോധനയുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

- നഗരസഭയിൽ വാടക ഡിമാൻഡ് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും ആയതിൽ വാടക വരവിന്റെ വാർഷിക സംക്ഷിപ്തം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഇതുമൂലം വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള വാടകയിനത്തിലെ വരവ്, വാടക കുടിശ്ശിക എന്നിവയുടെ കൃത്യത പരിശോധിച്ച് ഉറപ്പ് വരുത്തുവാൻ സാധിക്കുന്നില്ല.
- വാടക അരിയർ ഡിമാൻഡ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.
- വാർഷിക ധനകാര്യപത്രിക പ്രകാരം വാടക കുടിശ്ശിക ബാലൻസ് (Arrear+current) പ്രകാരം കുടിശ്ശിക തുക ₹4286044/- യാണ് വാടക കുടിശ്ശിക ഈടാക്കാൻ സ്വീകരിച്ച നടപടി വിവരങ്ങൾ അറിയിക്കേണ്ടതാണ്.
- താഴെ ചേർത്തിട്ടുള്ള കടമുറികൾ ഒഴിഞ്ഞു കിടക്കുന്നതായി കാണുന്നു.

| മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സ് | കോട്ടപ്പുറം ഷോപ്പിംഗ് കോംപ്ലക്സ് |
|---|---|
| 8/512 | 23/74d |
| 8/513 | 23/74e |
| 5/433t | 23/74f |
| 5/433au | 23/74g |
| 5/433ay | 23/74i |
| 5/433az | 23/74j |
| 5/433ba | 23/74k |
| 5/433ia | 23/74l |
| 5/433ei | 23/74m |
| 5/k1 | 23/74n |
| - | 23/74o |
| - | 23/74p |

വാടക വരവുമായി ബന്ധപ്പെട്ട അപാകതകൾക്ക് മറുപടി ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം48/30.1.24 ന് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ വാടക വരവുമായി ബന്ധപ്പെട്ട അപാകതകൾ പരിഹരിക്കേണ്ടതും ഒഴിഞ്ഞുകിടക്കുന്ന കടമുറികൾ പുനർ ലേലം ചെയ്യേണ്ടതും വാടക കുടിശ്ശിക ഈടാക്കുവാനുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

**1-18 മലിനീകരണനിയന്ത്രണ ബോർഡിന്റെ അനുമതി ലഭ്യമായില്ല**

ഫയൽ നം- H1-4894/19

സോളിഡ് വേസ്റ്റ് മാനേജ്മെന്റ് റൂൾസ് 2016, ചട്ടം 15 (Y) പ്രകാരം 5 ടൺ കൂടുതൽ മാലിന്യം ഉളവാകുന്ന തദ്ദേശസ്ഥാപനങ്ങൾ ആയത് ശേഖരിക്കുന്നത് മുതൽ നിർമ്മാർജനം ചെയ്യുന്നത് വരെയുള്ള പ്രവർത്തനങ്ങൾക്കായി മലിനീകരണ നിയന്ത്രണബോർഡിന്റെ ഓതറൈസേഷൻ കരസ്ഥമാക്കേണ്ടതാണ്. ആയതിലേയ്ക്ക് ₹20000/- വൗച്ചർ നം- 85/8-22 പ്രകാരം ബോർഡിൽ അടവാക്കിയിട്ടുണ്ട്. ഓതറൈസേഷൻ ലഭ്യമായിട്ടുണ്ടെങ്കിൽ പരിശോധനയ്ക്ക് ഹാജരാക്കുവാനാവശ്യപ്പെട്ടുള്ള എൻക്വയറിക്ക് (നം-39/29.01.24) മറുപടി നൽകിയില്ല. ബോർഡിന്റെ അനുമതി ലഭ്യമാകുന്നതിനുള്ള നടപടി സ്വീകരിച്ചറിയിക്കേണ്ടതാണ്.

**1-19 ക്രമീകരിക്കാത്ത നിക്ഷേപപ്രവൃത്തികൾ**

വാർഷിക ധനകാര്യപത്രിക ബി.18 ഷെഡ്യൂൾ പ്രകാരം Water Deposit, Electricity Deposit എന്നീ ഹെഡുകളിൽ ക്രമീകരിക്കുവാൻ അവശേഷിക്കുന്ന തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. വാട്ടർ അതോറിറ്റി

| ഹെഡ് കോഡ് | വർഷാരംഭത്തിൽ ക്രമീകരിക്കുവാൻ ബാക്കി നിൽക്കുന്ന തുക | ഓഡിറ്റ് വർഷത്തിൽ നിക്ഷേപിച്ച തുക | ക്രമീകരിച്ച തുക | വർഷാവസാനം ക്രമീകരിക്കുവാൻ ബാക്കി നിൽക്കുന്നതുക |
|---|---|---|---|---|
| 460600300 | ₹2792600/- | ₹9329/- | 0 | ₹2801929/- |

**വർഷാവസാനം ക്രമീകരിക്കുവാൻ ബാക്കി നിൽക്കുന്ന തുകയുടെ വിവരങ്ങൾ.**

| പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം | മുൻകൂർ നൽകിയ തുക (₹) | ചെലവഴിച്ച തുക(₹) | ചെലവഴിക്കാൻ ബാക്കിയുള്ള തുക(₹) |
|---|---|---|---|---|
| പൈപ്പ് ലൈൻ നീട്ടൽ | 22101115 തീ.27.03.22 | 245600 | 0 | 245600 |
| ,, | 22101116 തീ.06.01.22 | 620000 | 0 | 620000 |
| ,, | 22101144 തീ.14.02.22 | 249000 | 0 | 249000 |
| ,, | 22101099 തീ.23.11.21 | 1678000 | 0 | 1678000 |
| ,, | | 9329 | 0 | 9329 |
| | ആകെ | 2801929 | | 2801929 |

2. കെ.എസ്.ഇ.ബി

| ഹെഡ് കോഡ് | വർഷാരംഭത്തിൽ ക്രമീകരിക്കുവാൻ ബാക്കി നിൽക്കുന്ന തുക(₹) | ഓഡിറ്റ് വർഷത്തിൽ നിക്ഷേപിച്ച തുക(₹) | ക്രമീകരിച്ച തുക(₹) | വർഷാവസാനം ക്രമീകരിക്കുവാൻ ബാക്കി നിൽക്കുന്ന തുക(₹) |
|---|---|---|---|---|
| 460600100 | ₹588348 | 0 | 0 | ₹588348 |

**വർഷാവസാനം ക്രമീകരിക്കുവാൻ ബാക്കി നിൽക്കുന്ന തുകയുടെ വിവരങ്ങൾ താഴെ കൊടുക്കുന്നു.**

| പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം | മുൻകൂർ നൽകിയ തുക (₹) | ചെലവഴിച്ച തുക (₹) | ചെലവഴിക്കാൻ ബാക്കിയുള്ള തുക (₹) |
|---|---|---|---|---|
| വിവിധ വാർഡുകളിൽ ലൈൻനീട്ടൽ /പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 22101232 തീയതി.28.02.22 | 588348 | 0 | 588348 |
| | ആകെ | 588348 | | 588348 |

KWA, KSEB എന്നീ സ്ഥാപനങ്ങളിൽ തൻവർഷം നിക്ഷേപിച്ചിട്ടുള്ളതും എന്നാൽ 2022-23 വർഷത്തെ വാർഷികകണക്കിൽ അഡ്വാൻസ് ഹെഡിൽ ഉൾപ്പെടുത്താത്തതുമായ തുകകളുടെ വിവരങ്ങൾ താഴെക്കൊടുക്കുന്നു.

| സ്ഥാപനം | പ്രവൃത്തി | ബിൽ.നം | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കുവാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KWA | പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 955/25.03.23 | ₹3692718 | 0 | ₹3692718 |
| KWA | കൊമ്പനാമല വാട്ടർ ടാങ്ക് നിർമാണം | 233/27.03.23 | ₹6289445 | 0 | ₹6289445 |
| KSEB | സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ | 346/25.03.23 | ₹200000 | 0 | ₹200000 |

മേൽ തുകകൾ വാർഷികകണക്കിൽ ബി-18 ഷെഡ്യൂളിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. നിക്ഷേപപ്രവൃത്തികൾ യഥാസമയം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും വിനിയോഗസാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് ചെലവ് തുക ക്രമീകരിക്കേണ്ടതുമാണ്,

## 1-20 വാഹന ഉപയോഗവും-പരിപാലനവും

2000 ലെ കേരള മുനിസിപ്പാലിറ്റി (മോട്ടോർ വാഹനങ്ങളുടെ ഉപയോഗവും പരിപാലനവും) ചട്ടങ്ങളും, സർക്കാർ ഉത്തരവുകളും അടിസ്ഥാനമാക്കി നഗരസഭയിലെ വാഹനങ്ങളുടെ പരിപാലനവുമായി ബന്ധപ്പെട്ടുള്ള താഴെപ്പറയുന്ന വിവരങ്ങൾ ലഭ്യമാക്കുവാനാവശ്യപ്പെട്ടെങ്കിലും മറുപടി നൽകിയില്ല. (എൻക്വയറി-38/30.01.24)

1) നഗരസഭയുടെ ഉടമസ്ഥതയിലുള്ള വാഹനങ്ങളുടെ വിശദാംശങ്ങൾ (വാഹനം, രജി.നം, ഉപയോഗം എന്ന ക്രമത്തിൽ)

2) ചട്ടം 4(1)പ്രകാരം സൂക്ഷിക്കേണ്ടുന്ന താഴെപ്പറയുന്ന രജിസ്റ്ററുകൾ പരിശോധനയ്ക്ക് നൽകിയില്ല.

എ) ലോഗ് ബുക്ക്

ബി)പെട്രോൾ, ഡീസൽ, ഓയിൽ മുതലായവക്കുള്ള ഓർഡർ ബുക്ക്

സി) ഡി.സി.ബി.രജിസ്റ്റർ (വാടക ഈടാക്കുന്ന കേസുകളിൽ)

ഡി)റിപ്പയർ രജിസ്റ്റർ

ഇ) സ്റ്റോക്ക് രജിസ്റ്റർ

3) വാഹനങ്ങൾക്ക് നിശ്ചിത കാലയളവിൽ പുക പരിശോധന, മൈലേജ് ടെസ്റ്റ് എന്നിവ നടത്തിയതിന്റെ സാക്ഷ്യപത്രങ്ങൾ.

4) വാഹനങ്ങളേയും ഡ്രൈവർമാരേയും സംബന്ധിച്ച വിവരങ്ങൾ "VEELS" എന്ന വെബ്സൈറ്റിൽ രേഖപ്പെടുത്തിയതിന്റെ വിവരങ്ങൾ(ധനകാര്യ വകുപ്പിന്റെ 22.10.2020-ലെ 59/2020/ധനം നമ്പർ ഉത്തരവ്)

വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതും ബന്ധപ്പെട്ട രജിസ്റ്ററുകളും സാക്ഷ്യപത്രങ്ങളും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-21 പ്രിന്റിംഗ് പ്രവൃത്തി-ആദായനികുതി ഈടാക്കിയിട്ടില്ല

വിവിധ പ്രിന്റിംഗ് പ്രവൃത്തികൾ ചെയ്യുതിലേയ്ക്ക് സ്വരാജ് പ്രിന്റേഴ്സ് എന്ന സ്ഥാപനത്തിന് തനത് ഫണ്ടിൽ

നിന്ന് തൻവർഷം അനുവദിച്ച തുകകളുടെ വിവരം താഴെച്ചേർക്കുന്നു.

| ചെക്ക്.നം, തീയതി | തുക (₹) |
|---|---|
| 310643/05.04.22 | 16803 |
| 314921/06.06.22 | 13449 |
| 118701/03.11.22 | 49601 |
| 118717/08.11.22 | 6490 |
| 119197/20.01.23 | 11239 |
| 246880/25.02.23 | 19234 |
| 246889/06.03.23 | 1062 |
| 137838/17.03.23 | 18260 |
| 137844/17.03.23 | 6903 |
| 137848/18.03.23 | 118 |
| ആകെ | 143159 |

എന്നാൽ ആദായ നികുതി നിയമം, വകുപ്പ് 194 (സി) പ്രകാരം 2% നികുതി മേൽ സ്ഥാപനത്തിൽ നിന്നും ഈടാക്കിയിട്ടില്ല. അപാകതയ്ക്ക് വിശദീകരണം നൽകിയിട്ടില്ല (എൻക്വയറി നം-55/01.02.24). നികുതിയിനത്തിൽ നഷ്ടമായ തുക (₹2863/-) ബന്ധപ്പെട്ട സ്ഥാപനത്തിൽ നിന്ന് ഈടാക്കി വിവരമറിയിക്കേണ്ടതാണ്.

## 1-22 മഴക്കാല പൂർവ്വശുചീകരണം-ചെലവ് രേഖകൾ ഹാജരാക്കിയില്ല-തുക തടസ്സപ്പെടുത്തുന്നു

ഫയൽ നം-H1/3795/20

നഗരസഭയുടെ 27 വാർഡുകളിൽ മഴക്കാല പൂർവ്വ ശുചീകരണത്തിനായി വാർഡൊന്നിന് ₹10000/- വീതം ₹270000/-യും (തനത് ഫണ്ട് വിഹിതം, ചെക്ക്.നം-320254, തീയതി-01.06.2022) വാർഡൊന്നിന് ₹10000/- വീതം ₹270000/-യും (ശുചിത്വമിഷൻ വിഹിതമായി തനത് ഫണ്ടിൽ നിന്നും, ചെക്ക്.നം-314926, തീയതി-09.06.2022) വാർഡ് തല സാനിട്ടേഷൻ കമ്മിറ്റികളുടെ അക്കൗണ്ടിലേയ്ക്ക് കൈമാറി നല്കിയിട്ടുണ്ട്. എന്നാൽ ഈ ചെക്കുകൾ പ്രകാരം ആകെ നൽകിയ ₹5,40,000/- യുടെ ചെലവ് രേഖകൾ ഓഡിറ്റിനായി ലഭ്യമാക്കിയില്ല (ഓഡിറ്റ് എൻക്വയറി-52/01.02.24) ചെലവ് വൗച്ചറുകൾ ബാങ്ക് പാസ്ബുക്കിനൊപ്പം പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാൽ ഈയിനത്തിൽ കൈമാറി നൽകിയ ₹5,40,000/- തടസ്സപ്പെടുത്തുന്നു. ശുചിത്വമിഷൻ വിഹിതമായ ₹270000/- തിരികെ തനത് ഫണ്ടിലേയ്ക്ക് റീക്രൂപ്പ് ചെയ്യേണ്ടതാണ്.

## 1-23 തെരുവ് വിളക്കുകളുടെ വൈദ്യുതചാർജ്

നഗരസഭയിലെ തെരുവ് വിളക്കുകളുടെ വൈദ്യുതചാർജിനത്തിൽ ₹24,75,777 യാണ് (ലെഡ്ജർ കോഡ്-230100101) തൻവർഷം ചെലവഴിച്ചിട്ടുള്ളത്. തെരുവ് വിളക്കുകളുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന പരാമർശങ്ങൾക്ക് വിശദീകരണം ലഭ്യമാക്കുവാനും രേഖകൾ ലഭ്യമാക്കുവാനുമുള്ള എൻക്വയറിക്ക് (നം-70/05.02.24) മറുപടി ലഭ്യമാക്കിയില്ല.

**1)തെരുവ് വിളക്കുകളുടെ എണ്ണം സംബന്ധിച്ച കണക്കുകൾ ലഭ്യമാക്കിയില്ല**

പിറവം ഇലക്ട്രിക്ക് സെക്ഷനിലെ (നം-5597) രണ്ട് കൺസ്യൂമർ നമ്പറുകളിലായാണ് (1155970000256, 1155974009265) നഗരസഭയിലെ തെരുവ് വിളക്കുകളുടെ വൈദ്യുത ചാർജ് (ഹൈമാസ്റ്റ് ലൈറ്റ് - ₹133888/-, മറ്റ് വിളക്കുകൾ - ₹23,41,889/-) അടവാക്കിയിരിക്കുന്നത്. നഗരസഭയിൽ എത്ര തെരുവ് വിളക്കുകൾ ഉണ്ടെന്നത് സംബന്ധിച്ച് കൃത്യമായ കണക്കും (വിളക്കുകളുടെ ഇനം തിരിച്ചുള്ള വിവരം - എൽ.ഇ.ഡി, സി.എഫ്.എൽ, ഓർഡിനറി, സോഡിയം വേപ്പർ, ഫ്ലൂറസെന്റ്, ഹൈമാസ്റ്റ് എന്നിങ്ങനെ) ആയത് രേഖപ്പെടുത്തിയിട്ടുള്ള തെരുവ് വിളക്കുകളുടെ രജിസ്റ്ററും പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല

**2)സംയുക്ത പരിശോധന നടത്തിയതിന്റെ വിവരം ലഭ്യമാക്കിയില്ല**

തെരുവ് വിളക്കുകളുടെ കൃത്യമായ എണ്ണം കണക്കാക്കുന്നതിന് നഗരസഭയും കെ.എസ്.ഇ.ബി യുമായി ചേർന്ന് സംയുക്തപരിശോധന നടത്തിയതിന്റെ റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്.

**3)മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടില്ല**

പിറവം സെക്ഷന് കീഴിലുള്ള മേൽ രണ്ട് കൺസ്യൂമർ നമ്പറുകളിലെ വിളക്കുകൾക്ക് മീറ്റർ സംവിധാനം ഏർപ്പെടുത്തിയിട്ടില്ല. കെ.എസ്.ഇ.ബി യിൽ നിന്നും ലഭ്യമായ ഈ കൺസ്യൂമർ നമ്പറുകൾക്ക് കീഴിലുള്ള വിളക്കുകളുടെ വിവരം, നിരക്ക് നിശ്ചയിച്ചതിന്റെ രേഖകൾ എന്നിവ ലഭ്യമാക്കേണ്ടതാണ്.

തെരുവു വിളക്കുകളുടെ പരിപാലനം സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ച സർക്കുലർ നം.3055/ഡി.എ3/2011/തസ്വഭവ. തിയതി 15.9.2011 ലെ മാർഗ്ഗ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതും സൂചിത പരാമർശങ്ങൾക്ക് ബന്ധപ്പെട്ട രജിസ്റ്ററുകൾ ഹാജരാക്കി

വിശദീകരണം നൽകേണ്ടതുമാണ്.

**1-24 സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം**

| | |
|---|---|
| ഫയൽ നം | E3/10433/21 |
| പ്രോജക്ട് നം, പേര് | 12/23(SO),<br>സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെൽത്ത് ഓഫീസർ |
| അടങ്കൽ | ₹142572<br>(ധനകാര്യകമ്മീഷൻ ഗ്രാന്റ് ) |
| ചെലവ് | ₹127475<br>1)ബിൽ.നം-17,തീയതി-07.07.22, 40000/-<br>2)ബിൽ.നം-147,തീയതി-11.01.23, 46995/-<br>3)ബിൽ.നം-167തീയതി-07.02.23,30800/-<br>4)ബിൽ.നം-168,തീയതി-07.02.23,6600/-<br>5)ബിൽ.നം-171 തീയതി-08.02.23, 3080/- |

ജി ഒ (ആർ ടി) നം 2307/2021/എൽ എസ് ജി ഡി തീയതി 18.11.2021 ഉത്തരവ് പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പൊതുവിഭാഗം സാധാരണവിഹിതം പതിനഞ്ചാം ധനകാര്യകമ്മീഷൻ ഗ്രാന്റ്, തനത് ഫണ്ട് എന്നിവയിൽ ലഭ്യമായ തുകയിൽ നിന്നും സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഹരിത കർമ്മ സേനകൾക്ക് സ്മാർട്ട് ഫോൺ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഓഫീസ് ആവശ്യത്തിനായി ലാപ്ടോപ്പ് എന്നിവ ലഭ്യമാക്കുന്നതിനും കെൽട്രോണിന് സർവ്വീസ് ചാർജ് നൽകുന്നതിനും പ്രൊജക്ട് ഏറ്റെടുക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. താഴെ കൊടുത്ത നിരക്കുകൾ പ്രകാരം ഫണ്ട് അനുവദിക്കുന്നതിനായി പ്രൊജക്ട് ഏറ്റെടുക്കുന്നതിന് ആദ്യ ഘട്ടത്തിൽ ഈ സംവിധാനം നടപ്പാക്കാൻ തിരഞ്ഞെടുത്ത നഗരസഭകൾക്ക് അനുമതി നൽകി ഉത്തരവായിട്ടുണ്ട്.

| കെൽട്രോണിന് സർവ്വീസ് ചാർജ് | QR കോഡ് തുക | SMS തുക | ലാപ് ടോപ്പ് മറ്റുള്ളവ | ആകെ |
|---|---|---|---|---|
| 649000 | 40000 | 24000 | 50000 | 763000 |

ആയത് പ്രകാരം പിറവം നഗരസഭ 2022-23 വാർഷിക പദ്ധതിയിൽ (സ്പിൽ ഓവർ) ഉൾപ്പെടുത്തി കെൽട്രോണിന് ക്യൂആർ കോഡ് സേവനങ്ങൾക്കും ഹരിതസേനാംഗങ്ങൾക്ക് നെറ്റ് കണക്ഷൻ ചാർജിനത്തിലും മറ്റ് ചെലവുകൾക്കുമായി ₹127475 ചെലവഴിച്ചിട്ടുണ്ട്. സ.ഉ(സാ.ധാ)നം-2341/22/ത.സ്വ.ഭ.വ, തീയതി.26.09.22, അനുസരിച്ച് ആറ് മാസത്തിനുള്ളിൽ നടപ്പിലാക്കേണ്ട സ്മാർട്ട് ഗാർബേജ് പദ്ധതിയുടെ പ്രവർത്തന മാർഗരേഖ പ്രകാരം ആദ്യത്തെ രണ്ട് മാസത്തിനുള്ളിൽ സർവേ, ക്യൂ ആർ കോഡ് സ്ഥാപിക്കൽ, വിവര ശേഖരണം എന്നിവ പൂർത്തീകരിക്കേണ്ടതുണ്ട്. ആയതിനാൽ സർവേ നടപടികൾ, QR കോഡ് സ്ഥാപിക്കൽ, കസ്റ്റമർ എൻറോൾമെന്റ് എന്നിവ എത്രത്തോളം പൂർത്തിയായി എന്നും പദ്ധതിയുടെ നിലവിലെ സ്ഥിതി വിവരവും അറിയിക്കുവാനാവശ്യപ്പെട്ടുള്ള എൻക്വയറിക്ക് (നം-53/01.02.24) മറുപടി നൽകിയില്ല. നഗരസഭ അദ്ധ്യക്ഷൻ ചെയർമാനും, ആരോഗ്യകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ കോ-ഓർഡിനേറ്ററും, സെക്രട്ടറി കൺവീനറുമായ സംഘാടകസമിതിയുടെ അവലോകന റിപ്പോർട്ടും ലഭ്യമാക്കിയിട്ടില്ല.

ബിൽ.നം-17 (തീയതി.07.07.22) പ്രകാരം 42000 QR കോഡ് വാങ്ങുന്നതിലേയ്ക്കായി ₹40000/- കെൽട്രോണിന് നൽകി ചെലവഴിച്ചിട്ടുണ്ട് (പ്രോഫോർമ ഇൻവോയിസ്.നം-SGMS/A/2140/22-23, 18.06.2022). ഇതിന് പുറമേ ബിൽ.നം-147 പ്രകാരം ₹9412/-യും QR കോഡ് വാങ്ങുന്നതിലേയ്ക്കായി ചെലവഴിച്ചിട്ടുണ്ട്. ബിൽ.നം-17 പ്രകാരമുള്ള തുകയ്ക്കുള്ള QR കോഡ് ലഭ്യമായതായി കാണുന്നില്ല. കെൽട്രോണുമായി ബന്ധപ്പെട്ടതിൽ നഗരസഭയ്ക്ക് 10000 QR കോഡിന്റെ ആവശ്യമേയുള്ളൂവെന്നും ആയതിന്റെ ബിൽ തുകയായ ₹9412/- ഒടുക്കിയാൽ മതിയെന്നും ലഭ്യമാക്കിയ QR കോഡിന്റെ എണ്ണത്തിന് ആനുപാതികമായ തുക കുറവാക്കി ആദ്യം ഒടുക്കിയ ₹40000/- റീഫണ്ട് ചെയ്യുമെന്നും അറിയിച്ചതായി നോട്ട് ഫയൽ പേജ്-14 ൽ രേഖപ്പെടുത്തി കാണുന്നു. തുക റീഫണ്ട് ചെയ്തു ലഭ്യമായിട്ടുണ്ടോ എന്ന വിവരം അറിയിച്ചിട്ടില്ല. ബിൽ.നം-147 പ്രകാരം ₹9412/- ചെലവഴിച്ച് എത്ര ക്യൂ ആർ കോഡ് ലഭ്യമായി എന്നും വീടുകളിൽ പതിപ്പിച്ച ശേഷം നിലവിൽ എത്രയെണ്ണം ബാലൻസായി സ്റ്റോക്കിലുണ്ടെന്നും രേഖകൾ സഹിതം വ്യക്തമാക്കേണ്ടതാണ്.

പരാമർശങ്ങൾക്ക് മറുപടി ലഭ്യമാക്കാത്തതിനാലും പദ്ധതി പ്രാരംഭലക്ഷ്യം കൈവരിച്ചു എന്നുറപ്പ് വരുത്തുന്നതിലേയ്ക്കാവശ്യമായ രേഖകൾ ലഭ്യമാക്കാത്തതിനാലും ചെലവ് തുക (₹127475) തടസ്സപ്പെടുത്തുന്നു.

**1-25 ഹെൽത്ത് ഓഫീസർ നിർവഹണം ചെയ്ത പ്രോജക്ടുകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല- ചെലവ് തുക തടസ്സപ്പെടുത്തുന്നു**

ഹെൽത്ത് ഓഫീസർ നിർവഹണം ചെയ്ത താഴെപ്പറയുന്ന പ്രോജക്ടുകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല (എൻക്വയറി- 54/01.02.24)

| പ്രോജക്ട് നം | പേര് | ചെലവ് (₹) | ബിൽ.നം, തീയതി (എ.സി.ആർ പ്രകാരം) |
|---|---|---|---|
| 25/23 | പൊതു ശുചീകരണ പ്രവർത്തനങ്ങൾക്ക് ഉപകരണങ്ങൾ വാങ്ങൽ | 200000 | 15/28.06.22 |
| 102/23 | അതിദരിദ്രർക്കുള്ള മൈക്രോപ്ലാൻ | 400000 | 370/31.03.23 |

ഇവ കൂടാതെ പ്രോജക്ട് നം-50/23 ൽ (ലക്ഷം വീട് കോളനി- ഇരട്ടവീടുകൾ ഒറ്റവീടുകളാക്കുന്ന പദ്ധതി) ഉൾപ്പെടുത്തി ചെലവഴിച്ച ₹1268000/-യിൽ ₹400000/-യുടെ ബില്ലുകളാണ് ഫയലിൽ ലഭ്യമായത്. ബാക്കി ₹868000/-യുടെ ചെലവ് രേഖകളും ഗുണഭോക്താക്കളുടെ അപേക്ഷകളും ലഭ്യമാക്കിയില്ല.
പ്രോജക്ട് നമ്പർ 50/23 പ്രകാരം ചെലവഴിച്ച ₹1268000/- യിൽ പരിശോധനയ്ക്ക് നൽകാത്ത ₹868000 യുടെ ചെലവ് വിശദാംശങ്ങൾ (എ.സി.ആർ പ്രകാരം) താഴെച്ചേർക്കുന്നു.

| ക്രമ നമ്പർ | ബിൽ നമ്പർ, തീയതി | തുക (₹) |
|---|---|---|
| 1 | 30/16.08.22 | 388000 |
| 2 | 37/27.08.22 | 320000 |
| 3 | 71/21.10.22 | 160000 |

രേഖകളുടെ അഭാവത്തിൽ ₹14,68,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-26 ഷെൽട്ടർ ഹോം-ഒ &എം ചെലവ് തനത് ഫണ്ടിൽ നിന്ന് അനുവദിക്കുന്നു.**

ഫയൽ നം- 1)H2/2494/17, 2)E2/5237/22

തെരുവിൽ കഴിയുന്നവർക്കും വയോജനങ്ങൾക്കും താമസ സൗകര്യം ഒരുക്കുന്നതിന് മിനിസ്ട്രി ഓഫ് ഹൗസിംഗ് & അർബൻ അഫയേഴ്സിന്റെ കീഴിലുള്ള നാഷണൽ ലൈവ് ലി ഹുഡ് മിഷൻ (എൻ.യു.എൽ.എം) പ്രൊജക്ടിന്റെ ഭാഗമായി നഗരസഭ ഷെൽട്ടർ ഹോം നിർമ്മാണം നടത്തിയിട്ടുണ്ട്. നഗരസഭയിലെ 13-ാം വാർഡിലെ സർവ്വെ നം 190/5 ൽ ഉള്ളതും 16.19 ആർ വിസ്തീർണ്ണവുമുള്ള ഗവ: ഈസ്റ്റ് എൽ പി സ്കൂൾ (നിർത്തലാക്കിയത്) ആണ് 3 കോടി രൂപ അടങ്കലിൽ ഷെൽട്ടർ ഹോം ആയി പരിവർത്തനം നടത്തുന്നതിന് തിരഞ്ഞെടുത്തത്. നിർമ്മാണം പൂർത്തിയായ ഷെൽട്ടർ ഹോമിന്റെ ഉദ്ഘാടനം 2022 ഓഗസ്റ്റ് 6 ന് നടത്തി. നിലവിൽ 5 അന്തേവാസികളാണ് ഷെൽട്ടർ ഹോമിൽ ഉള്ളത്. ഷെൽട്ടർ ഹോമിന്റെ ദൈനം ദിന നടത്തിപ്പിന് (ഒ & എം) നഗരസഭയുടെ തനത് ഫണ്ടിൽ നിന്ന് തുക ചെലവഴിച്ചിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷത്തിൽ പ്രകാരം ഓഫീസ് & മെയിന്റനൻസ് ഫണ്ടിനത്തിലെ ചെലവിന്റെ വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം | ചെലവ് ഇനം | വൗച്ചർ നം | ചെക്ക് നം, തീയതി | തുക |
|---|---|---|---|---|
| 1 | വാട്ടർ ചാർജ് | 70/5-22 | 920251/25.05.22 | 1656 |
| 2 | ഇലക്ട്രിസിറ്റി ചാർജ് | 42/7-22 | 312620/13.07.22 | 6902 |
| 3 | വാട്ടർ ചാർജ് | 52/9-22 | 313359/23.09.22 | 125 |
| 4 | ഇലക്ട്രിസിറ്റി ചാർജ് | 14/10-22 | 313384/01.10.22 | 4500 |
| 5 | ഗ്യാസ് കണക്ഷൻ | 49/11-22 | 118722/09.11.22 | 11554 |

| | | | | |
|---|---|---|---|---|
| 6 | ഉദ്ഘാടനചെലവ് | 53/1-23 | 119198/13.01.23 | 13700 |
| 7 | സ്റ്റാഫിന്റെ വേതനം | 54/1-23 | 119199/13.-1.23 | 30000 |
| 8 | പ്രോവിഷണൽ ഐറ്റം | 55/1-23 | 119200/13.1.23 | 9309 |
| 10 | പച്ചക്കറി | 56/1-23 | 254661/13.01.23 | 775 |
| 11 | പച്ചക്കറി | 78/2-23 | 246878/25.02.23 | 1440 |
| 12 | പ്രോവിഷണൽ ഐറ്റം | 79/2-23 | 246879/25.02.23 | 2949 |
| 13 | വാട്ടർ ചാർജ് | 27/3-23 | 246897/07.03.23 | 2017 |
| 14 | സ്റ്റാഫിന്റെ വേതനം | 33/3-23 | 246899/11.03.23 | 30000 |
| 15 | ഗ്യാസ് സിലിണ്ടർ | 153/3-23 | 246804/31.03.23 | 3456 |
| 16 | പാൽ | 154/3-23 | 246805/31.03.23 | 1736 |
| | ആകെ | | | 120119 |

ഷെൽട്ടർ ഹോം നടത്തിപ്പ് സംബന്ധിച്ച മിനിസ്ട്രി ഓഫ് ഹൗസിംഗ് & അർബൻ അഫയേഴ്സ് പുറത്തിറക്കിയ നാഷണൽ അർബൻ ലൈവ് ലി ഹുഡ് മിഷൻ (എൻ യു എൽ എം) ഡോക്യുമെന്റ് (ഷെൽട്ടർ ഹോം നിർമ്മാണ നിബന്ധന) പ്രകാരം ഷെൽട്ടർ ഹോമിൽ കുറഞ്ഞത് 50 അന്തേവാസികൾ ഉണ്ടായിരിക്കണം. പ്രസ്തുത നിബന്ധന പാലിക്കുകയാണെങ്കിൽ മാത്രമാണ് ഷെൽട്ടർ ഹോമിന്റെ ദൈനം ദിന ചെലവിനുള്ള തുക ലഭിക്കുകയുള്ളൂ. പ്രസ്തുത അപാകത സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.32/28.01.24) നൽകി. ആയതിന് ലഭ്യമാക്കിയ മറുപടിയിൽ നിലവിലെ അന്തേവാസികൾക്ക് സംരക്ഷണം നൽകുക എന്ന ഭരണഘടനപരമായ ഉത്തരവാദിത്വം ഉള്ളതിനാലാണ് തനത് ഫണ്ടിൽ നിന്നും തുക നൽകി അവരെ സംരക്ഷിച്ച് വരുന്നതെന്ന് അറിയിച്ചു. നിബന്ധനകൾ പാലിക്കാത്തതിനാൽ തുക ലഭിക്കില്ല എന്നിരിക്കെ ഇത്തരം ഒരു തീരുമാനം എടുത്തതിന്റെ കാരണം വ്യക്തമല്ല. ഇക്കാരണത്താൽ ₹1,20,119/-യുടെ ചെലവ് ഓഡിറ്റിൽ തടസപ്പെടുത്തുന്നു.

**1-27 പി എം എ വൈ - ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല**

പിറവം നഗരസഭയിൽ 2022-23 സാമ്പത്തിക വർഷം വരെ ആകെ 6 ഡി.പി.ആറുകൾ അംഗീകരിച്ച് നടപ്പാക്കിയിട്ടുണ്ട്. 2023-24 സാമ്പത്തിക വർഷം 7, 8, 9 10 ഡി.പി.ആറുകൾ കൂടി അംഗീകരിച്ചിട്ടുമുണ്ട്. പി.എം.എ.വൈ പദ്ധതിയുടെ ഗുണഭോക്തൃ രജിസ്റ്റർ പരിശോധിച്ചതിൽ ഭവനനിർമ്മാണ പദ്ധതികളിലെ വിവിധ ഡി പി ആറുകളിലുൾപ്പെട്ട താഴെചേർക്കുന്ന ഗുണഭോക്താക്കൾ അഡ്വാൻസ് തുക മാത്രം കൈപ്പറ്റി, തുടർന്നുള്ള ഗഡുക്കൾ കൈപ്പറ്റുകയോ നാളിതുവരെയും ഭവനനിർമ്മാണം പൂർത്തിയാക്കുകയോ ചെയ്തിട്ടില്ലായെന്ന് കാണുന്നു.

| DPR | പേര്, മേൽവിലാസം | കൈപ്പറ്റിയ തുക, തീയതി |
|---|---|---|
| DPR-1 | തങ്കമ്മമത്തായി, പൂവത്തുംതൊട്ടിയിൽ | 25000, 29.11.17 |
| DPR-1 | പി.ജെ.വർക്കി, പുളിക്കൽ | 25000, 29.12.18 |
| DPR-1 | വർക്കിചാക്കോ, പടിഞ്ഞാറേ മലയിൽ | 25000, 14.03.18 |
| DPR-3 | ലീല, തച്ചമറ്റത്തിൽ | 25000, 17.10.18 |

| | | |
|---|---|---|
| DPR-3 | സീന.കെ.എൽദോ, കറുത്തേടത്ത് | 25000, 27.09.18 |
| DPR-4 | ലക്ഷ്മിക്കുട്ടി,ഇലവുപറമ്പിൽ | 25000, 26.06.19 |
| DPR-4 | ഏലിയാമ്മഡേവിഡ്, മടത്തിക്കുന്നത്ത് | 25000, 03.05.19 |
| DPR-5 | പ്രവീണ,തട്ടുംപുറത്ത് | 40000, 18.03.22 |
| DPR-5 | അജിതമോൾ, കുമ്മംകുഴിയിൽ | 40000, 18.03.22 |
| DPR-5 | അംബിക ആനന്ദൻ, ചൂരച്ചിറ | 40000, 19.04.21 |
| DPR-5 | അന്നമ്മക്കുട്ടി, ശ്രീവൽസം | 40000, 18.03.22 |
| DPR-5 | അനൂപ്, കാരക്കാട്ടിൽ | 40000, 21.01.21 |
| DPR-5 | അരുണ ഉണ്ണിക്കൃഷ്ണൻ, മാനോപ്പിള്ളിമോളത്ത് | 40000, 09.09.21 |
| DPR-5 | ബ്രഹ്മാനന്ദൻ.കെ.ബി, കാറ്റോടിത്തിട്ട | 40000, 18.03.22 |
| DPR-5 | നീതു മുരളി, കാരക്കാത്തറുണ്ടി | 40000, 18.03.22 |
| DPR-5 | പൊന്നു.എം, ആട്ടക്കാട്ടുതറ | 40000, 18.03.22 |
| DPR-5 | ശാന്ത.കെ.കെ, കാട്ടിപ്പറമ്പത്ത് | 40000, 18.03.22 |
| DPR-5 | സിന്ധു.എൻ.ടി, പുനയുത്തറ | 40000, 17.03.21 |
| DPR-5 | സുബ്രമണ്യൻ.എ.എസ്, ആവത്തുകാവ് | 40000, 17.03.21 |
| DPR-5 | വാസന്തി.സി.വി, ചിറയത്ത് | 40000, 17.03.21 |
| DPR-6 | സജീനവിജയൻ, കണിക്കുന്നേൽ | 40000,25.03.23 |

മേൽ പരാമർശിച്ച ഗുണഭോക്താക്കളുടെ ഭവനനിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി, നിർമ്മാണം പൂർത്തീകരിക്കുന്നതിനായി സ്വീകരിച്ച തുടർനടപടികൾ, അല്ലാത്തപക്ഷം കരാർ വ്യവസ്ഥ പ്രകാരം തുക തിരികെ ഈടാക്കിയതിന്റെ വിവരം എന്നിവ ലഭ്യമാക്കുവാൻ ഓഡിറ്റ് അന്വേഷണം (13/25.01.24) നൽകിയതിന് ഭവനനിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി മാത്രമാണ് വ്യക്തമാക്കിയത്. മേൽ ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് നിർമ്മാണപുരോഗതി അറിയിക്കേണ്ടതും നിർമ്മാണം തുടരാൻ കഴിയില്ല എന്ന് ബോദ്ധ്യപ്പെടുന്നവരിൽ നിന്നും കൗൺസിൽ അംഗീകാരത്തിന് വിധേയമായി പദ്ധതി തുക തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. തുടർനടപടികൾ ഓഡിറ്റിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

**1-28 കുടിവെള്ള വിതരണം-അപാകതകൾ**

| | |
|---|---|
| പ്രോജക്ട് | കുടിവെള്ള വിതരണ പദ്ധതി, 18/23 |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | ₹237800/-(വികസനഫണ്ട്) |
| ചെലവ് വിവരം | 1)100450/-(06/27.05.22)<br>2)137350/-(26/16.08.22)<br>₹ 237800/- |

നഗരസഭയിലെ കുടിവെള്ളക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ GPS സംവിധാനം ഘടിപ്പിച്ച ടാങ്കറുകളിൽ, ഗുണനിലവാരം ഉറപ്പ് വരുത്തി, വിതരണം ചെയ്യുന്നതിന് 11ലക്ഷം രൂപ വരെ ചെലവഴിക്കുന്നതിന് 16.03.2022 ലെ സ.ഉ.(സാധാ) 652/2022/ ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം അനുമതി നൽകിയിട്ടുണ്ട്. അതനുസരിച്ച് കുടിവെള്ളം വിതരണം ചെയ്യുന്നതിന് ക്ഷമതയുള്ള കരാറുകാരിൽ നിന്നും ക്വട്ടേഷൻ ക്ഷണിക്കുകയും കുറവ് തുക ക്വാട്ട് ചെയ്ത നിതീഷ് ബേബി, വൈശ്ശേരി എന്ന വ്യക്തിയ്ക്ക് 4000 ലിറ്ററിന്റെ ഒരു ലോഡിന് ₹2050/- നിരക്കിൽ വിതരണം ചെയ്യുന്നതിന് 19.02.2022 ലെ 13-ാം നമ്പർ തീരുമാന പ്രകാരം അനുമതി നൽകുകയും ചെയ്തു. 4000 ലിറ്ററിന്റെ ടാങ്കിൽ 116 ലോഡ് കുടിവെള്ളം നഗരസഭയിൽ

വിതരണം നടത്തിയിട്ടുണ്ട്. ആയതിന്റെ ഫയൽ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. ദുരന്ത നിവാരണ വകുപ്പിന്റെ സർക്കുലർ നം. ഡി-2/11274/21/28.01.2022 പ്രകാരം ജല മലിനീകരണം ഇല്ല എന്ന് ജല അതോറിറ്റിയോ/ഭക്ഷ്യ സുരക്ഷാ വകുപ്പോ സാക്ഷ്യപ്പെടുത്തേണ്ടതുണ്ട്. അപ്രകാരം സാക്ഷ്യപ്പെടുത്തലുകളില്ലാതെയാണ് കുടിവെള്ള വിതരണം നടത്തിയിരിക്കുന്നത്. വിതരണം ചെയ്യേണ്ട വെള്ളത്തിന്റെ ലബോറട്ടറി Total കോളിഫോം Count Nil/100ml ആണ്. ആയത് സാക്ഷ്യപ്പെടുത്താത്തതിനാൽ ഗുണനിലവാരമുള്ള കുടിവെള്ളമാണോ വിതരണം ചെയ്തത് എന്ന് വ്യക്തമല്ല.

2. ദുരന്ത നിവാരണ വകുപ്പിന്റെ സർക്കുലർ നം. ഡി.എം.ബി.-2/32/2019/ഡി.എം.ഡി/20.03.2019 പ്രകാരം, സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും കുടിവെള്ളം വിതരണം ചെയ്തതിനുള്ള തുക റിക്കൂപ്പ് ചെയ്ത് ലഭിക്കണമെങ്കിൽ ജില്ലാ കലക്ടറുടെ മുൻകൂർ അനുമതി ലഭ്യമാകേണ്ടതുണ്ട്. എന്നാൽ അപ്രകാരം മുൻകൂർ അനുമതി ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം നൽകുവാൻ ഓഡിറ്റ് എൻക്വയറി (നം.03/25.01.2024) മുഖേന ആവശ്യപ്പെട്ടതിന് മറുപടി ലഭിച്ചില്ല. അപാകതകളില്ലാതെ കുടിവെള്ള വിതരണം നടത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-29 കമ്പ്യൂട്ടർ അനുബന്ധ സാധനങ്ങൾക്ക് AMC-അപാകതകൾ

| | |
|---|---|
| പ്രോജക്ട് | നഗരസഭയിലെ കമ്പ്യൂട്ടറുകൾ, യു പി എസ് എന്നിവയുടെ എ എം സി പുതുക്കുന്ന പദ്ധതി,67/23 |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ തുക | 99073/-<br>(വികസന ഫണ്ട്-ജനറൽ) |
| ചെലവ് വിവരം | 99073/-<br>(ബിൽ.നം.100/തീയതി.25.11.2022) |

പിറവം നഗരസഭയിൽ ദൈനംദിനാവശ്യങ്ങൾക്കായി ഉപയോഗിച്ചു വരുന്ന കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങളുടെ Annual Maintanance Contract കാലാവധി (20.11.2022 മുതൽ 19.11.2023 വരെ) പുതുക്കുന്നതിനായി മേൽ പദ്ധതി പ്രകാരം ₹99,073/- കെൽട്രോൺ, തിരുവനന്തപുരത്തിന് നൽകിയിട്ടുണ്ട്. പദ്ധതി സംബന്ധിച്ച താഴെ പറയുന്ന വിവരങ്ങൾ ലഭ്യമാക്കിയില്ല (എൻക്വയറി-60/01.02.24 )

1) എ.എം.സി പുതുക്കുന്നതുമായി ബന്ധപ്പെട്ട് നഗരസഭ കെൽട്രോണിന് സമർപ്പിച്ച പ്രപ്പോസൽ (സാധനങ്ങളുടെ പട്ടിക)

2) എ.എം.സി തുക നൽകിയതിൽ ഇൻകം ടാക്സ് ടി.ഡി.എസ് ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം
3) നഗരസഭയിലെ മുഴുവൻ കമ്പ്യൂട്ടറുകളുടെ സ്റ്റോക്ക് ഇഷ്യു വിവരം രേഖപ്പെടുത്തിയ രജിസ്റ്റർ
അപാകതകൾ വിശദീകരിക്കേണ്ടതും രേഖകൾ ലഭ്യമാക്കേണ്ടതുമാണ്. ആയതിനാൽ ₹99,073/- യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-30 നൈപുണ്യ നഗരം ഡിജിറ്റൽ സാക്ഷരതാപദ്ധതി നടപ്പാക്കിയതിലെ അപാകതകൾ

| | |
|---|---|
| പ്രൊജക്ട് | നൈപുണ്യ പരിശീലനം,74/23 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | നഗരസഭാ സെക്രട്ടറി |
| അടങ്കൽ | ₹ 40,000<br>(വികസനഫണ്ട് ജനറൽ) |
| ചെലവ് വിവരം | ₹26875 |
| ബിൽ നം /തീയതി | 278/19.03.2023 |

പതിനാലാം പഞ്ചവത്സര പദ്ധതിയുടെ പദ്ധതി രൂപീകരണ മാർഗ്ഗരേഖയിലും സബ്സിഡി മാർഗ്ഗരേഖയിലും 2022-23 വാർഷിക പദ്ധതിയിൽ തൊഴിലുറപ്പ് പദ്ധതി, കുടുംബശ്രീ, നവ കേരളം കർമ്മ പദ്ധതി, മറ്റ് വികസന മിഷനുകൾ, ഏജൻസികൾ, കേന്ദ്ര സംസ്ഥാന ആവിഷ്കൃത പദ്ധതികൾ എന്നിവയുമായുള്ള സംയോജന സാധ്യതകൾ പ്രയോജനപ്പെടുത്തേണ്ടതാണെന്നും ജില്ലയിലെ ത്രിതല പഞ്ചായത്തുകളും നഗരസഭകളും വിഹിതം വകയിരുത്തി ഏറ്റെടുക്കേണ്ട സംയുക്ത/സംയോജിത

പ്രൊജക്റ്റുകളെ സംബന്ധിച്ച് തീരുമാനമെടുക്കണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. ഇതു പ്രകാരം ജില്ലാ ആസൂത്രണ സമിതിയുടെ നേതൃത്വത്തിൽ വിവിധ മേഖലകളിൽ ചർച്ചകൾ നടത്തി തയ്യാറാക്കിയതും ജില്ലയിലെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ നിർബ്ബന്ധമായും ഏറ്റെടുക്കേണ്ടതുമായ പദ്ധതികളിലൊന്നാണ് നൈപുണ്യ നഗരം പദ്ധതി. ഈ പദ്ധതി നടപ്പിലാക്കുന്നതിന്റെ വിശദാംശങ്ങൾ ജില്ലാ പ്ലാനിങ്ങ് ഓഫീസറുടെ 03.10.2022 ലെ 103578/22/ DPC/DPO/EKM/12 നം. കത്തിൽ വിശദമാക്കിയിട്ടുണ്ട്. സംയുക്ത പദ്ധതിയായതിനാൽ പദ്ധതിയിലുൾപ്പെട്ട വിവിധ പ്രവർത്തനങ്ങൾ വിവിധ സ്ഥാപനങ്ങൾക്കായി വിഭജിച്ച് നൽകിയിട്ടുണ്ട്. ഇതനുസരിച്ച് നഗരസഭയുടെ ചുമതലയിൽപ്പെടുന്ന ചുമതലകൾ താഴെപ്പറയുന്നവയാണ്.

1. പദ്ധതിയിൽ പങ്കെടുക്കുന്നതിനു തൽപ്പരരായ 60 വയസ്സിനു മുകളിൽ പ്രായവും ഇംഗ്ലീഷ് വായിക്കാൻ അറിവുമുള്ള ഗുണഭോക്താക്കളുടെ പട്ടിക തയ്യാറാക്കുകയും 50 പേർക്കിരിക്കാവുന്ന ക്ലാസ്സ് റൂം, കസേര, വൈദ്യുതി, ഇന്റർനെറ്റ് സൗകര്യം, കമ്പ്യൂട്ടറുകൾ സജ്ജീകരിക്കുന്നതിനുള്ള മേശകൾ, ഗുണഭോക്താക്കൾക്കുള്ള കുടിവെള്ളം തുടങ്ങിയവ ലഭ്യമാക്കുകയും ചെയ്യുക(കത്തിലെ ക്രമ നം. 3 പ്രകാരമുള്ള നിർദ്ദേശം).

2. പരിശീലനം കഴിയുന്ന മുറയ്ക്ക് IHRD സമർപ്പിക്കുന്ന ഇൻവോയ്സ് പരിശോധിച്ച് ഒരാൾക്ക് 800 രൂപ നിരക്കിൽ പരിശീലന തുക IHRD യുടെ ബാങ്ക് അക്കൗണ്ടിലേക്ക് അനുവദിച്ചുനൽകുക ( ക്രമനം. 5).

3. 50 പേരുടെ ഈ പരിശീലനപരിപാടിയിൽ പൂർണ്ണപങ്കാളിത്തം ഉറപ്പാക്കുകയും ഏറ്റവും ചുരുങ്ങിയത് 30 പേരെയെങ്കിലും പങ്കെടുപ്പിക്കുകയും കുറഞ്ഞത് 30 പേരുടെ പദ്ധതി തുക IHRD യ്ക്ക് കൈമാറുകയും ചെയ്യുക(ക്രമനം.6).

പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ കൊടുക്കുന്നു.

1. നഗരസഭ തയ്യാറാക്കിയ ഗുണഭോക്തൃ ലിസ്റ്റിൽ 50 പേരാണ് ഉൾപ്പെടുന്നത്. എന്നാൽ ഹാജർ രേഖകളനുസരിച്ച് പരിശീലനത്തിൽ പങ്കെടുത്ത 30 പേരിൽ 20 പേർ മാത്രമാണ് ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടവർ.

2. 2022 ഡിസംബർ 26 മുതൽ 2023 ജനുവരി 02 വരെയായിരുന്നു നിർദ്ദിഷ്ട പരിശീലന പരിപാടി. 30 ഗുണഭോക്താക്കൾക്കായി 24000/-രൂപയാണ് കൈമാറിയിട്ടുള്ളത്.

3. പരിശീലനാർത്ഥികൾക്ക് കുടിവെള്ളം ലഭ്യമാക്കുന്നത് നഗരസഭയുടെ ഉത്തരവാദിത്വമാണ്. ചായയും സ്നാക്സും നൽകുന്നതിന് തുക വകയിരുത്തേണ്ടത് ജില്ലാ പഞ്ചായത്താണ്. എന്നാൽ എട്ട് ദിവസം ഭക്ഷണം നൽകിയ വകയിൽ 2875/-രൂപ നഗരസഭ ചെലവഴിച്ചിട്ടുണ്ട്. ഉച്ചഭക്ഷണം വാങ്ങുന്നതിനു ചെലവായ തുക ജില്ലാ പഞ്ചായത്തിൽ നിന്ന് തിരികെ ലഭിച്ചതിന്റേയും ആയതിന് പ്രത്യേക അനുവാദം ലഭ്യമായതിന്റേയും വിവരം ഫയലിൽ ഇല്ല.

4. ഏതു വിഷയത്തിലാണ് പരിശീലനം നൽകിയതെന്നോ പരിശീലകർ ആരെന്നോ വിശദമാക്കുന്ന ഷെഡ്യൂളോ വിവരങ്ങളോ ഫയലിലില്ല.

5. പരിശീലനം പൂർത്തിയാക്കുന്ന ഗുണഭോക്താക്കൾക്ക് ഐ.എച്ച്. ആർ.ഡി യും ജില്ലാ ആസൂത്രണ സമിതി ചെയർമാനും ഒപ്പിട്ട സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുന്നതാണെന്ന് പ്രോജക്റ്റിൽ പറയുന്നുണ്ടെങ്കിലും സർട്ടിഫിക്കറ്റ് വിതരണം ചെയ്തതിന്റെ രേഖകളില്ല.

6. പൂർത്തികരിച്ച പ്രൊജക്റ്റ് മോണിറ്ററിങ്ങ് നടത്തിയതിന്റെ വിവരങ്ങൾ ലഭ്യമല്ല.

7. പതിനാലാം പഞ്ചവത്സരപദ്ധതി സബ്സിഡി മാർഗരേഖ സർക്കാർ ഉത്തരവ് 115/22/LSGD, 28.05.22 ഖണ്ഡിക 8.5(ii)പ്രകാരം സംരംഭം തുടങ്ങുന്നതിന്റെ ഭാഗമായോ തൊഴിൽ നൽകുന്നതിന്റെ ഭാഗമായോ അല്ലാതെ കമ്പ്യൂട്ടർ പരിശീലന പരിപാടിക്ക് മാത്രമായി പ്രോജക്റ്റ് ഏറ്റെടുക്കാവുന്നതല്ല. വയോജനങ്ങൾക്ക് കമ്പ്യൂട്ടർ പരിശീലന പരിപാടി ജില്ല ആസൂത്രണ സമിതി നിർദ്ദേശിച്ച പ്രോജക്റ്റ് ആണെങ്കിലും ആയത് സബ്സിഡി മാർഗരേഖയ്ക്ക് വിരുദ്ധമായതിനാൽ അനുവദനീയമല്ല .

അപാകതകൾ വിശദീകരിക്കുന്നതിന് ഓഡിറ്റ് എൻക്വയറി (10/25.01.2024) മുഖാന്തരം ആവശ്യപ്പെട്ടതിന് മറുപടി ലഭിച്ചില്ല. അപാകതകൾ പരിഹരിക്കേണ്ടതും സബ്സിഡി മാർഗരേഖയ്ക്ക് വിരുദ്ധമായ പദ്ധതി നടപ്പാക്കിയതിന് സർക്കാരിൽ നിന്നും സാധൂകരണം വാങ്ങേണ്ടതുമാണ്. സാധൂകരണം ലഭ്യമാകുന്നത് വരെ ₹26875 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

### 1-31 എൻ പി എസ് വിഹിതം വർഷങ്ങളായി നഗരസഭ ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നു

സംസ്ഥാന സർക്കാരിന്റെ 07.01.2013 ലെ സ.ഉ (അ) നം. 20/2013/ധന ഉത്തരവിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് നടപ്പിലാക്കിയ നാഷണൽ പെൻഷൻ സിസ്റ്റം 01.04.2013 ന് ശേഷം സേവനത്തിൽ പ്രവേശിച്ച എല്ലാ സ്ഥിരം ജീവനക്കാർക്കും ബാധകമാണ്. പ്രസ്തുത പദ്ധതിയുടെ അക്കൗണ്ടിംഗ് നടപടികൾ 19.12.2013 ലെ സ.ഉ (അ) നം 622/2013/ധന ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.

കൂടാതെ 16.05.2016 ലെ സ.ഉ (അ) നം. 72/2016/ധന, 14.01.2015 ലെ സ.ഉ (അ) നം. 25/2015/ധന, കേന്ദ്ര ധനകാര്യ ചെലവ് മന്ത്രാലയത്തിന്റെ 12.04.20219 ലെ 1 (21)/ഇവി/2018 നം. ഉത്തരവുകൾ പ്രകാരം,

പ്രാൺ നമ്പർ ലഭിക്കുന്ന മുറയ്ക്ക് ജീവനക്കാരിൽ നിന്നും എൻ പി എസ് വിഹിതം ഈടാക്കുകയും പ്രാൺ നമ്പർ ലഭിക്കുന്നത് വരെയുള്ള തുകകൾ ഗഡുക്കളായോ അല്ലാതെയോ ബാക്ക് ലോഗ് വരിസംഖ്യ എന്ന നിലയ്ക്ക് ഈടാക്കുകയാണ് ചെയ്യേണ്ടത്. ജോലിയിൽ പ്രവേശിച്ച 30 ദിവസത്തിനകം ജീവനക്കാരന് പ്രാൺ നമ്പർ ലഭ്യമാക്കുക എന്നത് ശമ്പളം നൽകുന്ന ഉദ്യോഗസ്ഥന്റെ ചുമതലയാണ്. ഇത് സംബന്ധിച്ച് വിശദമായ മാർഗനിർദേശങ്ങൾ മേൽ ഉത്തരവുകളിൽ വ്യക്തമാക്കിയിട്ടുണ്ട്.

എന്നാൽ നഗരസഭയിൽ പ്രാൺ നമ്പർ ലഭിച്ചു സംബന്ധിച്ച കാര്യം പരിഗണിക്കാതെ എൻ.പി.എസ് വിഹിതം ഈടാക്കിയതായാണ് കാണുന്നത്. മാത്രവുമല്ല 2014 മുതൽ നാളിതുവരെയുള്ള പല കുടിശ്ശികകളും ചേർത്ത് ₹832106/- നാളിതു വരെയും അടച്ചതായി കാണുന്നില്ല. നഗരസഭയിലെ ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും ഈടാക്കിയ തുകകൾ പ്രാൺ അക്കൗണ്ടിൽ നിക്ഷേപിക്കാതെ നഗരസഭ അക്കൗണ്ടിൽ സൂക്ഷിച്ചു വഴി നഗരസഭ ആയതിന് ജീവനക്കാർക്ക് ലഭിക്കുമായിരുന്ന ലാഭവിഹിതം നഷ്ടപ്പെടുത്തിയതിനും പ്രാൺ നമ്പർ ലഭിക്കാത്തവരിൽ നിന്നും എൻ.പി.എസ് വിഹിതം ഈടാക്കിയതിനും വിശദീകരണമാവശ്യപ്പെട്ടതിന് (എൻക്വയറി-21/26.01.24 ) നഗരസഭയുടെ സാമ്പത്തിക പരാധീനത മൂലമാണ് തുക ഒടുക്കാതിരുന്നതെന്നും നിലവിൽ കുടിശ്ശിക തുക ഗഡുക്കളായി അടവാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും അറിയിച്ചു. ജീവനക്കാരിൽ നിന്നും ഈടാക്കിയ എൻ.പി.എസ് വിഹിതം അടവാക്കി വിവരമറിയിക്കേണ്ടതാണ്.

## 1-32 വാതിൽപ്പടി സേവനം-പദ്ധതി നടപ്പായില്ല

| | |
|---|---|
| പ്രോജക്ട് | വാതിൽപ്പടി സേവന പദ്ധതി, 07/23 |
| നിർവഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | ₹52596/- |
| ചെലവ് | ഇല്ല |

വിവിധ കാരണങ്ങളാൽ സർക്കാർ സേവനങ്ങൾ യഥാസമയം ലഭിക്കാത്ത ജനവിഭാഗങ്ങളുടെ വീടുകളിലേക്ക് സേവനം എത്തിക്കുന്നതിനായിട്ടാണ് ഈ പ്രോജക്ട് ആവിഷ്കരിച്ചത്. അതായത് പ്രായാധിക്യം, ഗുരുതര രോഗം തുടങ്ങിയ കാരണങ്ങളാൽ ചലനശേഷി പരിമിതപ്പെട്ട അവശതയനുഭവിക്കുന്ന വ്യക്തികൾക്ക് അനിവാര്യ സേവനങ്ങൾ വീട്ടിൽ എത്തിക്കുന്നതിനു വേണ്ടിയുള്ള പദ്ധതിയാണിത്. സന്നദ്ധ പ്രവർത്തകരെ ഉപയോഗിച്ച് അക്ഷയ കേന്ദ്രത്തിലെ പ്രവർത്തകരെയും ജനമൈത്രി പോലീസിനെയും സംവിധാനത്തിന്റെ ഭാഗമാക്കിക്കൊണ്ട് പ്രൊജക്ട് നടപ്പിൽ വരുത്താനാണ് ആസൂത്രണം ചെയ്തത്. ഇതിന്റെ ആദ്യ ഘട്ടമായി പ്രധാനമായും താഴെ പറയുന്ന സേവനങ്ങൾ നൽകുവാൻ ലക്ഷ്യമിട്ടിരുന്നു.

1) മസ്റ്ററിംഗ് (പെൻഷൻ)

2) ലൈഫ് സർട്ടിഫിക്കറ്റ്

3) സാമൂഹ്യ സുരക്ഷാ പെൻഷൻ അപേക്ഷ

4) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി

5) ജീവൻ രക്ഷാ മരുന്നുകൾ

ഇതിനായി ₹52596/- വകയിരുത്തി പദ്ധതി തയ്യാറാക്കിയെങ്കിലും 2022-23 വർഷത്തിൽ നടപ്പിലാക്കിയില്ല. തുക വകയിരുത്തിയിട്ടും വളരെ ജനോപകാരപ്രദമായ പ്രസ്തുത പദ്ധതി നടപ്പിലാക്കാതിരുന്നതിന്റെ കാരണം വിശദീകരിച്ചില്ല (എൻക്വയറി-31/28.01.24 ) പരാമർശത്തിന് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-33 പൗരാവകാശ രേഖ-പ്രസിദ്ധീകരിച്ചിട്ടില്ല

1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 563 എ1 2000ലെ കേരള മുനിസിപ്പാലിറ്റി (പൗരാവകാശ രേഖ തയ്യാറാക്കൽ) ചട്ടങ്ങൾ എന്നിവ പ്രകാരം തദ്ദേശ സ്ഥാപനങ്ങളിലേയ്ക്ക് പൊതു തിരഞ്ഞെടുപ്പ് കഴിഞ്ഞ്

കൗൺസിൽ രൂപീകരിക്കപ്പെട്ടതിനു ശേഷം ആറു മാസത്തിൽ കവിയാത്ത കാലയളവിൽ നഗരസഭ ലഭ്യമാക്കുന്ന സേവനങ്ങൾ, ആയതിനുള്ള വ്യവസ്ഥകൾ, സമയപരിധി എന്നിവ സംബന്ധിച്ച പൗരാവകാശ രേഖ അച്ചടിച്ച് പ്രസിദ്ധീകരിക്കേണ്ടതും, ഓഫീസ് നോട്ടീസ് ബോർഡിലും, പൊതു സ്ഥലങ്ങളിലും പതിക്കേണ്ടതും ഇതിന്റെ രത്നച്ചുരുക്കം ഒരു ബോർഡിൽ എഴുതി നഗരസഭ ഓഫീസിൽ പൊതുജനങ്ങൾക്ക് കാണത്തക്കവിധം പ്രദർശിപ്പിക്കേണ്ടതാണ്. ഈ വ്യവസ്ഥകൾ പിറവം നഗരസഭയിൽ നടപ്പാക്കിയിട്ടുണ്ടോ എന്നത് സംബന്ധിച്ച രേഖകൾ സഹിതം വിശദീകരിക്കുവാനാവശ്യപ്പെട്ടതിന് (എൻക്വയറി നം-20/26.01.24) മറുപടി നൽകിയില്ല. ചട്ടപ്രകാരം പൗരാവകാശ രേഖ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-34 കമ്പ്യൂട്ടർ വാങ്ങൽ-സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല

| | |
|---|---|
| പ്രോജക്ട് | നഗരസഭ ഓഫീസിലേക്ക് കമ്പ്യൂട്ടർ വാങ്ങൽ, 206/23 |
| നിർവഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | ₹320000/- |
| ചെലവ് | ₹178311/- |
| ബിൽ നമ്പർ, തീയതി, തുക | 1)295/20.03.2023- 139190/-<br>2)294/20.03.2023- 39121/- |

നഗരസഭാ കാര്യാലയത്തിലേക്ക് കമ്പ്യൂട്ടർ/ലാപ്പ്ടോപ്പ് വാങ്ങുന്നതിനാണ് മേൽ പ്രകാരമുള്ള തുക ചെലവഴിച്ചിരിക്കുന്നത്. ₹178311/- ചെലവഴിച്ച് ഒരു ലെനോവോ കമ്പനിയുടെ ലാപ്പ്ടോപ്പും, മൂന്ന് ഡെസ്ക്ടോപ്പ് കമ്പ്യൂട്ടറും കെൽട്രോണിൽ നിന്നും വാങ്ങിയിട്ടുണ്ട്.

മേൽ പറഞ്ഞ ഉപകരണങ്ങൾ സ്റ്റോക്കിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ എന്ന് പരിശോധിക്കുന്നതിന് സ്റ്റോക്ക്/ആസ്തി രജിസ്റ്റർ ലഭ്യമാക്കിയിട്ടില്ല. മേൽ വാങ്ങലിന്റെ ആവശ്യകത നിർണ്ണയിച്ചത് സംബന്ധിച്ച് രേഖ ലഭ്യമാക്കിയിട്ടില്ല. പർച്ചേസ് കമ്മിറ്റി മിനുട്ട്സ് ലഭ്യമാക്കിയിട്ടില്ല. കൂടാതെ, എല്ലാ സർക്കാർ ഓഫീസുകളിലും നിർദ്ദിഷ്ട മാതൃകയിലുള്ള കമ്പ്യൂട്ടർ ഹാർഡ് വെയർ ആന്റ് സോഫ്റ്റ്വെയർ രജിസ്റ്റർ പരിപാലിക്കണമെന്ന് സർക്കുലർ നം.86/2010/ ഫിൻ തീ.24.09.2010 പ്രകാരം നിർദ്ദേശിച്ചിട്ടുമുണ്ട്. ആയത് സൂക്ഷിച്ചിട്ടില്ല. മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതും സർക്കാർ നിർദ്ദേശ പ്രകാരം പദ്ധതി നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്. (എൻക്വയറി-18/26.01.24)

## 1-35 അമൃത് കുടിവെള്ള പദ്ധതി

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ കുടിവെള്ള വിതരണ സംവിധാനം മെച്ചപ്പെടുത്തുന്നതിന് കേന്ദ്ര സഹായത്തോടെ ആവിഷ്കരിച്ചതാണ് മേൽ പ്രോജക്ട്. ആയതനുസരിച്ച് ജി.ഒ(ആർ.ടി)നം.2906/22 /എൽ.എസ്.ജി.ഡി,തീയതി.24.11.2022 ഉത്തരവ് പ്രകാരം ₹4,53,06,990/- അമൃത് സ്കീം മുഖേന കുടിവെള്ള വിതരണ പദ്ധതി നടപ്പാക്കുന്നതിനായി അനുവദിച്ച് നൽകിയിരുന്നു. മേൽ ഉത്തരവ് പ്രകാരം 2022-23 സാമ്പത്തിക വർഷം തന്നെ ഈ തുക ചെലവഴിക്കുന്നതിനായി ആവശ്യപ്പെട്ടിരുന്നു. എന്നാൽ ഈ തുക തൻ വർഷം ചെലവഴിക്കാതെ 2023-24 സാമ്പത്തിക വർഷം ₹1,80,11,539/-യാണ് ചെലവഴിച്ചത്. ചെലവഴിക്കാതെ അവശേഷിക്കുന്ന പദ്ധതി തുകയുടെ വിവരവുംഅറിയിക്കേണ്ടതാണ്. വിഷയം സംബന്ധിച്ച് എൻക്വയറി നൽകിയതിന് (നം- 59/01.02.24) മറുപടി ലഭിച്ചില്ല.

## 1-36 മാലിന്യ സംസ്കരണ പദ്ധതി-സ്രോതസ്സിൽ നിന്നും നികുതി ഈടാക്കിയിട്ടില്ല

| | |
|---|---|
| പ്രോജക്ട് | സ്ഥാപനതല മാലിന്യ സംസ്കരണ പദ്ധതികൾ,144/23 |
| നിർവ്വഹണോദ്യോഗസ്ഥൻ | മുനിസിപ്പൽ എഞ്ചിനിയർ |
| അടങ്കൽ തുക | 1)309120/-(ശുചിത്വ മിഷൻ ഗ്രാന്റ്)<br>2)206080/-(ധനകാര്യ കമ്മീഷൻ ഗ്രാന്റ്)<br>ആകെ: 515200/- |

| | |
|---|---|
| ചെലവ് വിവരം | 1)296571/-(ബിൽ നം./തീയതി.358 /28.03.23)<br>2)206080/-(ബിൽ നം./തീയതി.359 /28.03.23) |

നഗരസഭയിലെ വിവിധ സ്കൂളുകളിൽ മാലിന്യം സംസ്കരിക്കുന്നതിനായി കളക്ഷൻ ബിന്നുകൾ സ്ഥാപിക്കുന്നതിനായി ആവിഷ്ക്കരിച്ചതാണ് മേൽ പ്രോജക്ട്. 30.01.2023 ൽ ടെണ്ടർ ക്ഷണിക്കുകയും കുറവ് തുക ക്വാട്ട് ചെയ്ത സോഷ്യോ എക്കണോമിക്ക് യൂണിറ്റ് ഫൗണ്ടേഷൻ,ആലുവയുടെ ടെണ്ടർ അംഗീകരിക്കുകയും ചെയ്തു. ഒരു ബയോബിന്നിന് ഈ സ്ഥാപനം ₹8378/-യാണ് ക്വാട്ട് ചെയ്തത്. 08.03.2023 ൽ ടി സ്ഥാപനവുമായി നഗരസഭ നം.62/AE/LID/EW/PVM/2022-23 കരാറിൽ ഏർപ്പെടുകയും ചെയ്തു. ആയതനുസരിച്ച് സോഷ്യോ എക്കണോമിക്ക് യൂണിറ്റ് ഫൗണ്ടേഷൻ വിവിധ സ്കൂളുകളിലേക്ക് നൽകുന്നതിനായി 60 കളക്ഷൻ ബിന്നുകൾ 22.03.2023 ൽ നഗരസഭയിൽ എത്തിക്കുകയും ആയവ വിതരണം ചെയ്യുകയുമുണ്ടായി. എന്നാൽ 2% ജി എസ് ടി റ്റി ഡി എസ് സ്ഥാപനത്തിൽ നിന്നും ഈടാക്കിയിട്ടില്ല. അതായത് ₹502651 (296571+206080) യുടെ 2% ആയ 10053/- ഈടാക്കി അടവാക്കേണ്ടതും വിവരം അറിയിക്കേണ്ടതുമാണ്. (എൻക്വയറി-62/02.02.24 മറുപടി നൽകിയില്ല)

## 1-37 മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് മുതൽക്കൂട്ടിയിട്ടില്ല

ഇ ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് നാളിതുവരെ മുനിസിപ്പൽ ഫണ്ടിലേക്ക് ക്രഡിറ്റ് ചെയ്തിട്ടില്ല. 28-09-2013 ലെ ജി.ഒ.(എം.എസ്)318/2013/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ഇ ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി, ടെണ്ടർ ഫീസ് എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് നഗരസഭകളിൽ മുനിസിപ്പൽ എഞ്ചിനിയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനും, മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് പ്രസ്തുത അക്കൗണ്ടിൽ ഒടുക്കുന്നതിനും നിർദ്ദേശിച്ചിരുന്നു. 2014-15 മുതൽ നാളിതുവരെ പ്രസ്തുത അക്കൗണ്ടിൽ ഇ ടെണ്ടർ ഫീ ഇനത്തിൽ എത്ര രൂപ ക്രഡിറ്റ് വന്നിട്ടുണ്ടെന്നും എത്ര രൂപ മുനിസിപ്പൽ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തിട്ടുണ്ടെന്നും അറിയിച്ചില്ല (എൻക്വയറി-66/02.02.24) വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതും ടെണ്ടർ ഫീസിനത്തിൽ ലഭ്യമായ മുഴുവൻ തുകയും നഗരസഭ ഫണ്ടിലേയ്ക്ക് മുതൽക്കൂട്ടേണ്ടതുമാണ്.

## 1-38 കൊമ്പനാമല വാട്ടർ ടാങ്ക് നിർമ്മാണ പദ്ധതി- നടപ്പാക്കിയതിലെ അപാകത

| | |
|---|---|
| പ്രോജക്ട് | കൊമ്പനാമല വാട്ടർ ടാങ്ക് നിർമ്മാണ പദ്ധതി,224/23 |
| ഫയൽ നമ്പർ | E3-10762/23 |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ തുക | ₹6289445/-<br>(ധനകാര്യ കമ്മീഷൻ ഗ്രാന്റ്-ടൈഡ്) |
| നിർവ്വഹണ ഏജൻസി | കേരള വാട്ടർ അതോറിറ്റി |
| ചെലവ് വിവരം | ₹6289445/-<br>(ബിൽ നം.333/27.03.23) |

നഗരസഭയിൽ കുടിവെള്ള ലഭ്യത ഉറപ്പു വരുത്തുന്നതിനായി കൊമ്പനാമല ഭാഗത്ത് 5.3 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള വാട്ടർ ടാങ്ക് നിർമ്മിക്കുന്നതിനായി ആവിഷ്ക്കരിച്ചതാണ് മേൽ പ്രോജക്ട്. ഈ പ്രോജക്ട് നടപ്പാക്കിയതിൽ കണ്ടെത്തിയ അപാകത താഴെ ചേർക്കുന്നു.

സംസ്ഥാന സർക്കാർ അനുവദിക്കുന്ന അലോട്ട്മെന്റ് തുക അതത് സാമ്പത്തിക വർഷം തന്നെ ചെലവഴിക്കേണ്ടതും ബാക്കി വരുന്ന തുക സർക്കാർ ഫണ്ടിലേക്ക് തിരികെ അടവാക്കണമെന്നും സ.ഉ(കൈ)നം.45/23,ധനം, തീയതി.10.03.23 ഉത്തരവിൽ നിർദ്ദേശിച്ചിട്ടുള്ളതാണ്. കൂടാതെ വാട്ടർ അതോറിറ്റി പോലുള്ള സർക്കാർ സ്ഥാപനങ്ങളിൽ നിക്ഷേപിക്കുന്ന മുഴുവൻ തുകയും തൻവർഷം തന്നെ ചെലവഴിക്കേണ്ടതാണെന്ന് സ.ഉ(പി)38/23/ധനം,തീയതി-09.03.2023 ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ തുക മുഴുവനായും വിനിയോഗിച്ചതിന്റെ വിവരം ഫയലിൽ ചേർത്തിട്ടില്ല. ആകെ എസ്റ്റിമേറ്റ് തുകയായ ₹1,25,00,000/- ചെലവഴിച്ചുവെങ്കിൽ മാത്രമേ പ്രവൃത്തി നടപ്പാക്കുവാൻ

സാധിക്കുവെന്നാണ് വാട്ടർ അതോറിറ്റി അറിയിച്ചത്. നൽകിയ തുകയ്ക്ക് യാതൊരു വിധ പ്രവൃത്തിയും നടപ്പാക്കാതിരുന്നത് ശരിയായ നടപടിയല്ല. തുക അതത് വർഷം തന്നെ ചെലവഴിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

അപാകതകൾക്ക് വിശദീകരണമാവശ്യപ്പെട്ടതിന് (എൻക്വയറി നം-12/26.01.24) മറുപടി ലഭ്യമാക്കിയില്ല.

**1-39 വാർഡ് സഭ**

2015 ലെ കേരള മുനിസിപ്പാലിറ്റി (വാർഡുകളുടെ രൂപീകരണവും യോഗ നടപടിക്രമങ്ങളും) ചട്ടങ്ങളിലെ 4-ാം ചട്ടപ്രകാരം വാർഡ് സഭകളുടെ കൺവീനർ മൂന്ന് മാസത്തിലൊരിക്കൽ വാർഡ് സഭാ യോഗം വിളിച്ച് കൂട്ടേണ്ടതാണെന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ നഗരസഭയിലെ വാർഡുകളിൽ 2022-23 സാമ്പത്തിക വർഷം ചട്ടപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചതായി കാണുന്നില്ല. മാത്രമല്ല വാർഡ് സഭാ യോഗങ്ങളിൽ ഗുണഭോക്തൃ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട ചർച്ചകൾക്കാണ് മുഖ്യമായും പ്രാധാന്യം കൊടുത്തതായി കാണുന്നത്. മറ്റ് വിഷയങ്ങൾക്ക് പ്രാധാന്യം നൽകി ചർച്ച ചെയ്തിട്ടില്ല. കൃത്യമായ ഇടവേളകളിൽ വാർഡ് സഭാ യോഗം ചേരുന്നതിന് ബന്ധപ്പെട്ട അധികൃതർ ശ്രദ്ധ പതിപ്പിച്ചിട്ടില്ല എന്ന് വ്യക്തമാണ്. ചട്ട പ്രകാരം വാർഡ് സഭാ യോഗം കൂടുന്നതിന് ശ്രദ്ധ പതിപ്പിക്കേണ്ടതും മിനിറ്റ്സ് യഥാവിധി രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്.

**1-40 സൗരോർജ്ജ ഉപകരണങ്ങൾ സ്ഥാപിക്കുന്നതിനുള്ള സാധ്യതകൾ പരിശോധിച്ചിട്ടില്ല**

നഗരസഭയിൽ വൈദ്യുതി ചാർജ്ജ് ഇനത്തിലും വൈദ്യുതി ഉപകരണങ്ങളുടെ അറ്റകുറ്റപ്പണികൾക്കുമായി പ്രതിവർഷം മുപ്പത് ലക്ഷത്തോളം രൂപ ചെലവഴിക്കുന്നുണ്ട്. 2022-23 വർഷത്തിൽ ഇത് താഴെ പറയും പ്രകാരമാണ്.

വൈദ്യുതി ചാർജ്ജ് - ₹4,23,345/-

തെരുവു വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് - ₹24,75,777/-

തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണി - ₹1,42,964/-

വൈദ്യുതി ചാർജ് കുറയ്ക്കുന്നതിനായി സൗരോർജ്ജ ഉപകരണങ്ങൾ സ്ഥാപിക്കുന്നതിനുള്ള സാധ്യത പഠനം നാളിതുവരെയായി നഗരസഭ നടത്തിയിട്ടില്ല. ജി.ഒ.(ആർ.ടി) 1863/2016 ത.സ്വ.ഭ.വ തീ.07.06.2016 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെയും മേൽക്കൂരയ്ക്ക് മുകളിൽ 25 KW ഗ്രിഡ് സ്ഥാപിച്ച് സൗരോർജ്ജ ഉപകരണങ്ങൾ സ്ഥാപിക്കുന്നതിന് ₹2000/- തനത് ഫണ്ടിൽ നിന്ന് ചെലവഴിച്ച് സാധ്യതാ പഠനം നടത്താൻ സെന്റർ ഫോർ ഡെവലപ്പ്മെന്റ് ഓഫ് ഇമേജിംഗ് ടെക്നോളജി എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്താൻ സർക്കാർ അനുമതി നൽകുകയും സൗരോർജ്ജ പദ്ധതി നടപ്പാക്കുന്നതിനുള്ള അംഗീകൃത സ്ഥാപനമായി കെൽട്രോണിനെയും, യുണൈറ്റഡ് ഇൻഡസ്ട്രീസ് ലിമിറ്റഡിനെയും അംഗീകരിക്കുകയും ചെയ്തിരുന്നു (ജി.ഒ.(ആർ.ടി)138114/തസ്വഭവ,തീയതി-03.06.2014). എന്നാൽ ഇത് സംബന്ധിച്ച സാധ്യതാ പഠനങ്ങൾ നഗരസഭയിൽ നടത്തിയിട്ടുണ്ടോ എന്ന് അറിയിച്ചില്ല (എൻക്വയറി-40/29.01.24) വൈദ്യുതചാർജിനത്തിൽ വർദ്ധിച്ച് വരുന്ന ചെലവ് കുറയ്ക്കുന്നതിലേയ്ക്ക് സൗരോർജ്ജ പദ്ധതി നടപ്പാക്കുന്നതിനുള്ള സാധ്യത പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-41 പ്രത്യേക ആവശ്യത്തിന് ലഭിച്ച ഫണ്ടുകൾ വിനിയോഗിച്ചില്ല**

വിവിധ ആവശ്യങ്ങൾക്കായി സർക്കാരിൽ നിന്നും മറ്റ് സ്ഥാപനങ്ങളിൽ നിന്നും ലഭിച്ച തുകകൾ വിനിയോഗിക്കാതെ വിവിധ അക്കൗണ്ടുകളിൽ സൂക്ഷിക്കുന്നതായി വാർഷിക ധനകാര്യ പത്രികയിലെ ബി 4 ഷെഡ്യൂൾ പ്രകാരം കാണുന്നു. പ്രസ്തുത തുകകൾ ലഭിച്ച വർഷം, ആവശ്യം, വിനിയോഗിക്കാത്തതിന്റെ കാരണം എന്നിവ ലഭ്യമാക്കേണ്ടതാണ്. ഇത്തരത്തിൽ ലഭിക്കുന്ന ഗ്രാന്റുകളുടെ വിനിയോഗം നിരീക്ഷിക്കുന്നതിന് പ്രത്യേക രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. വിശദീകരണമാവശ്യപ്പെട്ടുള്ള എൻക്വയറിക്ക് (30/27.01.24) മറുപടി നൽകിയില്ല. തുകകൾ ചെലവഴിക്കുകയോ അല്ലെങ്കിൽ ലഭ്യമായ സ്ഥാപനങ്ങളിലേയ്ക്ക് തിരികെ അടവാക്കുകയോ ചെയ്യേണ്ടതാണ്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ | ഹെഡ് ഓഫ് | വിവരണം | തുക (₹) |
|---|---|---|---|

| നമ്പർ | അക്കൗണ്ട് | | |
|---|---|---|---|
| 1 | 320200110 | ഗ്രാന്റ്-പകർച്ചവ്യാധി പ്രതിരോധം | 1000000 |
| 2 | 320200201 | കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾക്ക് ലഭിച്ച ഫണ്ട്-കൃഷി | 505350 |
| 3 | 320200205 | കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾക്ക് ലഭിച്ച ഗ്രാന്റ്-സാമൂഹിക നീതി | 561033 |
| 4 | 320200209 | കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾക്ക് ലഭിച്ച ഗ്രാന്റ്-വിദ്യാഭ്യാസം | 124000 |
| 5 | 320200299 | കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾക്ക് ലഭിച്ച ഗ്രാന്റ്-മറ്റുള്ളവ | 230536 |
| 6 | 320300100 | മറ്റ് സർക്കാർ ഏജൻസികളിൽ നിന്ന് ലഭിച്ചത് | 982961 |
| 7 | 32080900 | പ്രത്യേക ആവശ്യത്തിന് ലഭിച്ച ഗ്രാന്റ് | 11449650 |

**1-42 ഡെപ്പോസിറ്റ് തുകകൾ മുതൽക്കൂട്ടിയിട്ടില്ല**

2022-23 വർഷത്തെ ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരവും, വാർഷിക ധനകാര്യ പത്രികയിലെ B-7 ഷെഡ്യൂൾ പ്രകാരവും കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റ് തുകകൾ നഗരസഭയുടെ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടില്ല. നഗരസഭ ഫണ്ടിൽ നീക്കിയിരുപ്പുള്ള മൂന്ന് വർഷം കാലാവധി കഴിഞ്ഞ തുക തനത് ഫണ്ടിലേയ്ക്ക് മുതൽക്കൂട്ടുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്നറിയിക്കുവാനാവശ്യപ്പെട്ടുള്ള ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയില്ല. (എൻക്വയറി-14/25.01.24) വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഇനം | തുക (₹) |
|---|---|---|
| 1 | Contractor’s EMD | 1398410 |
| 2 | Suppliers EMD | 46149 |
| 3 | Contractors SD(Municipal Fund) | 23500 |
| 4 | Contractors SD(Specific Grants) | 197888 |
| 5 | Contractors SD(Special Funds) | 10000 |
| 6 | Suppliers SD | 92025 |
| 7 | Contractors Retention Money (Municipal Fund) | 147892 |
| 8 | Contractors Retention Money(Specific Grants) | 1901591 |
| 9 | Rent Deposit | 10655874 |
| 10 | Auction Deposit | 3529506 |
| 11 | Water Deposit | 17152 |
| 12 | Library Deposit | 1020 |
| 13 | Election Deposit | 81000 |
| 14 | Deposit Received From Others | 358930 |

**1-43 ലൈബ്രറി സെസ് അടവാക്കിയിട്ടില്ല**

1989 ലെ കേരള പബ്ലിക് ലൈബ്രറീസ് (കേരള ഗ്രന്ഥശാല സംഘം) ആക്റ്റിലെ വകുപ്പ് 31 ൽ സൂചിപ്പിക്കുന്ന സ്റ്റേറ്റ് ലൈബ്രറി ഫണ്ടിലെ പ്രധാന വരുമാനങ്ങളിൽ ഒന്നാണ് വകുപ്പ് 48 പ്രകാരം ഉള്ള ലൈബ്രറി സെസ്. വസ്തു നികുതിയിനത്തിൽ പിരിക്കുന്ന ഒരു രൂപയ്ക്ക് അഞ്ച് പൈസ എന്ന തോതിൽ സർചാർജ് ലൈബ്രറി കൗൺസിലിന് ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും അടക്കേണ്ടതാണെന്ന് പ്രസ്തുത നിയമത്തിലെ വകുപ്പ് 48 ൽ നിഷ്കർഷിക്കുന്നു. നഗരസഭയിലെ വസ്തു നികുതിദായകരിൽ നിന്നും നഗരസഭ പിരിച്ചെടുത്ത ഗ്രന്ഥശാല വരിസംഖ്യ വാർഷിക ധനകാര്യ പത്രിക പ്രകാരം ₹8,84,790/- അടവാക്കിയിട്ടില്ല.

ലൈബ്രറി സെസ് ഇനത്തിൽ പിരിക്കുന്ന തുക അടയ്ക്കാത്തത് സംബന്ധിച്ച് വിവിധ സമയങ്ങളിൽ ലൈബ്രറി കൗൺസിൽ നഗരസഭയ്ക്ക് കത്ത് നൽകിയിരുന്നുവെങ്കിലും മേൽ പട്ടികയിൽ സൂചിപ്പിച്ച തുക ഓഡിറ്റ് വർഷം ലൈബ്രറി കൗൺസിലിന് കുടിശ്ശികയാണ്. പിരിച്ചെടുക്കുന്ന സെസ് കലക്ഷൻ ചാർജ് കിഴിച്ച് മൂന്ന് മാസത്തിനകം ലൈബ്രറി കൗൺസിലിൽ അടയ്ക്കണമെന്നും പ്രസ്തുത തീയതിയ്ക്കകം അടച്ചില്ലെങ്കിൽ പ്രതിമാസം 2

ശതമാനം നിരക്കിൽ പലിശ സഹിതം അടക്കേണ്ടി വരുമെന്നും തദ്ദേശ സ്ഥാപനത്തിന്റെ സെക്രട്ടറിക്കും ചെയർപേഴ്സണും ഇക്കാര്യത്തിൽ തുല്യ ബാധ്യതയാണെന്നും പിഴ തുക ഇവരിൽ നിന്നും ഈടാക്കുമെന്നും ആക്റ്റിലെ വകുപ്പ് 48 (3) ൽ നിഷ്കർഷിക്കുന്നുണ്ട്. കുടിശ്ശിക വിഷയം സംബന്ധിച്ചും ഡി.സി.ബി സ്റ്റേറ്റ്മെന്റ് സമർപ്പിക്കാൻ നിർദേശിച്ചും 2022-23 ൽ ലൈബ്രറി കൗൺസിൽ നഗരസഭയ്ക്ക് കത്ത് നൽകിയിട്ടുണ്ട്. യഥാസമയം ലൈബ്രറി സെസ് ഒടുക്കാത്തത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കിയില്ല (എൻക്വയറി-23/29.01.24 ) തുക അടവാക്കി വിവരമറിയിക്കേണ്ടതാണ്.

## 1-44 പെൻഷൻ ഫണ്ട്-അവലോകനം

റഗുലർ ജീവനക്കാർ

1996ൽ നിലവിൽ വന്ന (കേരള മുനിസിപ്പൽ ജീവനക്കാരുടെ ഡെത്ത് കം റിട്ടയർമെന്റ് ബെനിഫിറ്റ്) ചട്ടങ്ങളിലെ, ചട്ടം 7(2), 8ൽ ഓരോ ജീവനക്കാരന്റെയും പ്രതിമാസ മൊത്ത ശമ്പളത്തിന്റെ 15% തുക അതത് മാസത്തെ ശമ്പള ബില്ലിനോടൊപ്പം മുനിസിപ്പൽ ഫണ്ടിൽ നിന്നും പിൻവലിച്ച് അതതു മാസം 25-ാം തീയതിക്ക് മുമ്പ് സെൻട്രൽ പെൻഷൻ ഫണ്ടിൽ വരവ് വെക്കുന്നതിന് നഗരകാര്യ ഡയറക്ടർക്ക് അയച്ചുകൊടുക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിനുവേണ്ടി നഗരസഭാ സെക്രട്ടറി സർക്കാർ ട്രഷറിയിലോ, ദേശസാൽകൃത ബാങ്കിലോ മുനിസിപ്പൽ പെൻഷൻ ഫണ്ട് എന്ന പേരിൽ ഒരു സേവിംഗ് അക്കൗണ്ട് തുടങ്ങേണ്ടതാണ്(ചട്ടം-10). നഗരകാര്യ ഡയറക്ടറിൽ നിന്നും പെൻഷൻ പെയ്മെന്റ് ഓർഡറും ഫണ്ടും ലഭിച്ച് 14 ദിവസത്തിനകം പെൻഷൻ ആനുകൂല്യങ്ങൾ വിതരണം ചെയ്യേണ്ടതുമാണ്, (ചട്ടം-11)(1). നഗരസഭ പെൻഷൻ ഫണ്ട് സംബന്ധിച്ച് ലഭ്യമാക്കിയ വിവരങ്ങൾ അടിസ്ഥാനമാക്കി 1996 ലെ കേരള മുനിസിപ്പൽ ജീവനക്കാരുടെ ഡെത്ത് കം റിട്ടയർമെന്റ് ബെനിഫിറ്റ് റൂൾസ് നിലവിൽ വന്നശേഷം എല്ലാ മാസവും പെൻഷൻ കോൺട്രിബ്യൂഷൻ തുക സെൻട്രൽ പെൻഷൻ ഫണ്ടിൽ ഒടുക്കുന്നുണ്ട്. ഈ ചട്ടങ്ങൾ നിലവിൽ വരുന്നതിന് മുമ്പ് നഗരകാര്യ ഡയറക്ടറുടെ 28.09.1991-ലെ 10/91 സർക്കുലറിലെ നിർദ്ദേശപ്രകാരം പെൻഷൻ കോൺട്രിബ്യൂഷൻ തുക കൃത്യമായി ഒടുക്കിയിരുന്നോ എന്നത് വ്യക്തമല്ല. ഇതു സംബന്ധിച്ച് പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

റഗുലർ പെൻഷൻ

റഗുലർ പെൻഷൻ നൽകുന്നതിന് ബാങ്ക്/ട്രഷറിയിൽ അക്കൗണ്ട് തുടങ്ങിയിട്ടില്ല. സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും തുക ലഭിക്കാത്തതിനാൽ പെൻഷൻ വിതരണം ചെയ്യുന്നത് തനതു ഫണ്ടിൽ നിന്നുമാണ്. ഓഡിറ്റ് വർഷം സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്ന് തുകയൊന്നും ലഭിച്ചിട്ടില്ല. തനത് ഫണ്ടിൽ നിന്നും പെൻഷൻ നൽകിയ ഇനത്തിൽ സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും തിരികെ ലഭിക്കാനുള്ള തുകയുടെ വിവരം അറിയിക്കേണ്ടതാണ്. തുകയുടെ കൃത്യത പരിശോധിക്കാനാവശ്യമായ രജിസ്റ്റർ ഹാജരാക്കേണ്ടതുമാണ്. തനത് ഫണ്ടിൽ നിന്നും തുക ചെലവഴിക്കുന്നതു കൊണ്ട് മാത്രമാണ് പെൻഷൻ ആനുകൂല്യങ്ങൾ യഥാസമയം നൽകുവാൻ സാധിക്കുന്നത്. തനത് ഫണ്ടിൽ നിന്നും ചെലവഴിക്കുന്ന തുക പെൻഷൻ ഫണ്ട് അക്കൗണ്ടിൽ നിക്ഷേപിച്ച് അതിൽ നിന്നും പെൻഷൻ ആനുകൂല്യങ്ങൾ നൽകാൻ വിനിയോഗിച്ചു വരുന്നു. ഇത് ശരിയായ നടപടിയല്ല. തനത് ഫണ്ടിൽ നിന്നും പെൻഷൻ ആനുകൂല്യങ്ങൾക്കായി ചെലവഴിക്കുന്ന തുകയുടെയും, ഓരോ മാസവും സെൻട്രൽ പെൻഷൻ ഫണ്ടിൽ ഒടുക്കുന്ന തുകയുടെയും വിവരങ്ങൾ കൃത്യമായി രജിസ്റ്ററിൽ രേഖപ്പെടുത്തി ഒരു പെൻഷൻ ഫണ്ട് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും നഗരസഭയ്ക്ക് ലഭിക്കാനുള്ള കുടിശ്ശിക ലഭിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കാതിരുന്നതിന്റെ കാരണം വിശദീകരിക്കേണ്ടതാണ്.

നഗരസഭയിലെ ജീവനക്കാരുടെ ശമ്പളപരിഷ്കരണം, പെൻഷൻ എന്നിവയ്ക്ക് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ അംഗീകാരം വാങ്ങേണ്ടതാണ്. എന്നാൽ അതത് കാലങ്ങളിൽ ജീവനക്കാരുടെ ശമ്പള പരിഷ്കരണങ്ങൾക്ക് അംഗീകാരം വാങ്ങാതെ പെൻഷൻ സമയത്ത് ആയത് അംഗീകാരത്തിനായി അയച്ചുതരുന്ന പ്രവണതയാണ് കാണുന്നത്. ഇത് നിരവധി ഓഡിറ്റ് തടസ്സങ്ങൾക്കും പെൻഷൻ ലഭിക്കുന്നതിന് കാലതാമസത്തിനും ഇടയാക്കുന്നുണ്ട്.
പെൻഷൻ ഫണ്ട് സൂക്ഷിപ്പ് സംബന്ധിച്ച മേൽ അപാകതകൾ വിശദീകരിക്കുവാൻ ആവശ്യപ്പെട്ടുള്ള എൻക്വയറിക്ക് (നം-19/26.01.24) മറുപടിയായി ആവശ്യമായ നടപടികൾ കൈക്കൊള്ളുന്നതാണെന്നറിയിച്ചു.

ഇക്കാര്യത്തിൽ യഥാസമയത്ത് നടപടി സ്വീകരിക്കേണ്ടതാണ്.

.

## 1-45 ഓണം അഡ്വാൻസ് ക്രമീകരിച്ചിട്ടില്ല

നഗരസഭയുടെ 2022-23 ലെ വാർഷിക ധനകാര്യ പത്രിക ബി-18 ഷെഡ്യൂളിലെ 460100400 ഹെഡിൽ ഓണം അഡ്വാൻസ് ഇനത്തിൽ ₹117,000/- ക്രമീകരിക്കാൻ അവശേഷിക്കുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. കേരള ഫിനാൻഷ്യൽ കോഡ് വോള്യം 1 ആർട്ടിക്കിൾ 250 (3) പ്രകാരം അഡ്വാൻസ് നൽകുന്ന തുകകൾ അഞ്ച് തുല്യ ഗഡുക്കളായി തിരികെ ഈടാക്കണമെന്നും ആദ്യ ഗഡു ഒക്ടോബറിൽ നൽകുന്ന ശമ്പളത്തിൽ നിന്നും ഈടാക്കിത്തുടങ്ങണമെന്നും വ്യവസ്ഥപ്പെടുത്തിയിട്ടുണ്ട്. ഫെസ്റ്റിവൽ അഡ്വാൻസായി നൽകുന്ന തുക അതേ സാമ്പത്തിക വർഷം തന്നെ ക്രമീകരിക്കണമെന്നിരിക്കെ ₹117,000/- തിരികെ ക്രമീകരിക്കാത്തത് സംബന്ധിച്ചും ആയത് ഈടാക്കുന്നതിന് നഗരസഭ സ്വീകരിച്ചിട്ടുള്ള നടപടികൾ സംബന്ധിച്ചും വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുള്ള എൻക്വയറിക്ക് (നം-17/25.01.24 ) മറുപടി നൽകിയില്ല. അഡ്വാൻസ് തുക ക്രമീകരിച്ച് വിവരമറിയിക്കേണ്ടതാണ്.

## 1-46 പട്ടികജാതി കുടുംബങ്ങൾക്ക് ഭവന പുനരുദ്ധാരണം -അപാകതകൾ

| | |
|---|---|
| പ്രോജക്ടിന്റെ പേര്/നമ്പർ | പട്ടികജാതി കുടുംബങ്ങൾക്ക് ഭവന പുനരുദ്ധാരണം, എസ്.0070/23 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | പട്ടികജാതി വികസന ഓഫീസർ, പിറവം നഗരസഭ. |
| അടങ്കൽ | വികസനഫണ്ട്(പൊതുവിഭാഗം)-₹250000/- |
| ചെലവ് | ₹250000/-<br>BRN 21120347015101326531 Dated 15/03/23 -₹100000<br>BRN 21120347015101359730 Dated 17/03/23 -₹75000<br>BRN 21120347015101397645 Dated 21/03/23 -₹75000 |

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | അക്കൗണ്ട് നമ്പർ | ബാങ്കിന്റെ പേര് | തുക |
|---|---|---|---|---|
| 1 | ദേവകി രമണൻ | 67317786644 | ഭാരതീയ സ്റ്റേറ്റ് ബാങ്ക് | ₹25000 |
| 2 | ഹേമലിൻ.കെ | 67049062747 | ഭാരതീയ സ്റ്റേറ്റ് ബാങ്ക് | ₹25000 |
| 3 | കെ.കെ.രാഘവൻ | 43242200007170 | കാനറ ബാങ്ക് | ₹25000 |
| 4 | തങ്കപ്പൻ കെ.പി. | 67313432521 | ഭാരതീയ സ്റ്റേറ്റ് ബാങ്ക് | ₹25000 |
| 5 | സ്മിത ഗോപി | 607902010011381 | യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ | ₹25000 |
| 6 | ശശി .കെ.കെ | 607902010013484 | യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ | ₹25000 |
| 7 | സുലോചന സാജു | 49740100000780 | ബാങ്ക് ഓഫ് ബറോഡ | ₹25000 |
| 8 | പുഷ്പവല്ലി പി.കെ. | 67009446595 | ഭാരതീയ സ്റ്റേറ്റ് ബാങ്ക് | ₹25000 |
| 9 | അമ്മിണി സുകുമാരൻ | 607902010010115 | യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ | ₹25000 |
| 10 | ചിത്ര | 67264235106 | ഭാരതീയ സ്റ്റേറ്റ് ബാങ്ക് | ₹25000 |

പട്ടികജാതി വികസന ഓഫീസർ നടപ്പിലാക്കിയ ടി പ്രോജക്ടിന്റെ ഫയൽ പരിശോധിച്ചതിൽ മുകളിൽ സൂചിപ്പിച്ചിരിക്കുന്ന ഗുണഭോക്താക്കളുടെ UTR നമ്പറിനു നേരെ ഡെലിവറി സ്റ്റാറ്റസ് Success ആയി കാണിച്ചിട്ടില്ല. NULL എന്നാണ് കാണിച്ചിരിക്കുന്നത്. ബാങ്ക് അക്കൗണ്ട്-പാസ്സ് ബുക്ക്, ആധാർ കാർഡ് എന്നിവയുടെ പകർപ്പുകൾ ഫയലിൽ ഇല്ല.

മുകളിൽ പറഞ്ഞിരിക്കുന്ന ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിൽ തുക ക്രെഡിറ്റ് വരാതിരുന്നതിന്റെ കാരണം, അതിന്മേൽ നിർവ്വഹണ ഉദ്യോഗസ്ഥ സ്വീകരിച്ച തുടർനടപടികൾ എന്നിവയ്ക്ക് വിശദീകരണം നല്കേണ്ടതാണ്. ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് തുക ക്രെഡിറ്റ് ചെയ്യുമ്പോൾ അക്കൗണ്ട് നമ്പറും അതുമായി ബന്ധപ്പെട്ട വിവരങ്ങളും ശരിയാണെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പാക്കേണ്ടതാണ്. അർഹമായ ആനുകൂല്യം യഥാസമയം ഗുണഭോക്താക്കൾക്ക് ലഭ്യമാക്കേണ്ടതിന്റെ ഉത്തരവാദിത്തം നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിക്ഷിപ്തമാണ്. മേലിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. ബാങ്ക് അക്കൗണ്ട്-പാസ്സ് ബുക്ക്, ആധാർ കാർഡ് എന്നിവയുടെ പകർപ്പുകൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്. ടി തുകയുടെ വിശദവിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കുന്നത് വരെ ₹250000/- യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-47 എസ്.എസ്.കെ വിഹിതം അടവാക്കൽ-വിനിയോഗവിവരം ലഭ്യമാക്കിയില്ല.

| | |
|---|---|
| പ്രൊജക്ട് നം. | 128/23 |
| പ്രൊജക്ടിന്റെ പേര് | എസ്.എസ്.കെ വിഹിതം അടവാക്കൽ |
| അടങ്കൽ | ₹763060/-<br>(വികസന ഫണ്ട്-ജനറൽ) |
| ചെലവ്<br>ബിൽ.നം-തീയതി | 1)₹463060/-, 4000732044/2-11-22.<br>2)₹300000/-, 4000732047/2-11-22 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ്മിസ്ട്രസ്സ് |

നഗരസഭ പരിധിയിലെ സ്കൂളുകളുടെ പ്രവർത്തനങ്ങൾക്കാവശ്യമായ തുകയുടെ നഗരസഭ വിഹിതം മേൽ ബിൽ മുഖാന്തരം എസ്.എസ്.കെ. യ്ക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ ഈ തുക ഏതെല്ലാം ആവശ്യങ്ങൾക്ക് ഉപയോഗിച്ചു എന്നതു സംബന്ധിച്ച വിവരങ്ങൾ അടങ്ങിയ വിനിയോഗ വിവരം ലഭ്യമല്ല. 2022-23 ലെ മൊത്തം പ്രവർത്തന കലണ്ടറും2022-23 -ൽ തുക വിനിയോഗിച്ചു എന്ന കൈപ്പറ്റുമാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. പദ്ധതി പ്രവർത്തനത്തിന്റെ മോണിറ്ററിംഗ് ചുമതലകൾ നിർവ്വഹിക്കുന്നതിൽ വർക്കിംഗ് ഗ്രൂപ്പ്, വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവർ പങ്കുവഹിച്ചതായിഫയലിൽ കാണുന്നില്ല. 29.01.2018 ലെ സ.ഉ(കൈ) 11/2018/ത.സ്വ.ഭ.വ നമ്പറായുള്ള പതിമൂന്നാം പഞ്ചവത്സര പദ്ധതി വാർഷിക പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖയിലെ ഖണ്ഡിക 7.6.(3) പ്രകാരം എസ്.എസ്.എ ക്ക് സർക്കാർ

നിശ്ചയിച്ച തുക വകയിരുത്തണമെങ്കിലും പദ്ധതികളുടെ വിശദാംശങ്ങൾ തയ്യാറാക്കുന്നതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖ്യ പങ്ക് വഹിക്കേണ്ടതുണ്ടതുണ്ട്. എന്നാൽ അത്തരത്തിലുള്ള പങ്കാളിത്തം ഉണ്ടായിട്ടില്ല. നഗരസഭയിലെസ്കൂളുകൾക്കാവശ്യമായ പദ്ധതികൾ എസ്.എസ്.കെ പദ്ധതിയിലേയ്ക്ക് നഗരസഭ ശുപാർശ ചെയ്തതായി കാണുന്നില്ല. വിദ്യാഭ്യാസ മേഖലയിൽ നടപ്പാക്കേണ്ട പദ്ധതികൾ സംബന്ധിച്ച് അവസ്ഥാവിശകലനം നടത്താതെയും നിർദ്ദേശങ്ങൾ നൽകാതെയുമാണ് തുക കൈമാറിയിട്ടുള്ളത്. 2022-2023 ലെ വിശദമായ വിനിയോഗ വിവരങ്ങൾ എസ്.എസ്.കെ.യിൽ നിന്നും ലഭ്യമാക്കുന്നത് വരെ ₹763060/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-48 റോഡ് നവീകരണം-അപാകതകൾ

| | |
|---|---|
| പ്രോജക്റ്റ്, നം | പാഴൂർ ആശാൻപടി റോഡ് നവീകരണം തുക നൽകൽ വാർഡ് 24, നം- 181/23 |
| നിർവ്വഹണോദ്യോഗസ്ഥൻ | മുനിസിപ്പൽ എഞ്ചിനിയർ |
| കരാറുകാരൻ | ശ്രീ കെ എ സാബു |
| അടങ്കൽ തുക | ₹4,68,354/-<br>(വികസന ഫണ്ട്-ജനറൽ) |
| ചെലവ് വിവരം(തുക/ബിൽ നം./തീയതി) | ₹4,68,354/-(129/23.12.2022) |

നഗരസഭയിലെ പാഴൂർ ആശാൻപടി റോഡ് ടാർ ചെയ്യുന്നതിനാണ് ഈ പ്രോജക്ടിലൂടെ ലക്ഷ്യമിട്ടത്. ആയതിന് 2020-21 സാമ്പത്തിക വർഷം ആവിഷ്കരിച്ച് നടപ്പാക്കിയ പ്രോജക്ടാണിത്. എന്നാൽ 2020-21 ൽ ഈ പ്രോജക്ടിന്റെ അന്തിമ ബിൽ തുക നൽകിയില്ല. ആയത് സ്പിൽ ഓവറായി 2022-23 ൽ തുക നൽകുന്നതിനു വേണ്ടി പ്രോജക്റ്റ് സുലേഖയിൽ ചേർത്ത് ബിൽ തുക കരാറുകാരന് നൽകുകയാണ് ചെയ്തത്. ഈ പ്രോജക്ടിന്റെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.
1) രണ്ട് വർഷത്തിന് ശേഷം ബിൽ തുക നൽകുന്നതിന് പ്രായോഗിക ബുദ്ധിമുട്ട് ഉണ്ടായതിനാൽ നഗരസഭാ കൗൺസിൽ 15.10.2022 ലെ 11-ാം നമ്പർ തീരുമാന പ്രകാരം വികേന്ദ്രീകൃതാസൂത്രണ സംസ്ഥാന കോർഡിനേഷൻ കമ്മിറ്റിയോട് അനുവാദം ചോദിക്കുന്നതിന് അംഗീകാരം നൽകിയിട്ടുണ്ട്. എന്നാൽ അത്തരമൊരു അനുവാദം ലഭിക്കുന്നതിന് മുൻപ് തന്നെ കരാറുകാരന് തുക കൈമാറിയിട്ടുണ്ട്. ആയത് ശരിയായ നടപടിയല്ല. 2020-21 ൽ ആരംഭിച്ച പ്രവൃത്തി ആ വർഷം തന്നെ പൂർത്തീകരിച്ചതിന്റെ തെളിവുകളൊന്നും തന്നെ ഫയലിൽ ഇല്ല.
2) ബിറ്റുമിന്റെ യഥാർത്ഥ ബിൽ ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.
അപാകതകൾക്ക് വിശദീകരണം നൽകിയില്ല (എൻക്വയറി-67/04.02.24)
പ്രവൃത്തി പൂർത്തീകരിച്ചതിന്റെ രേഖയും ബിറ്റുമിൻ ബില്ലും വികേന്ദ്രീകൃതാസൂത്രണ സംസ്ഥാന തല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ അനുമതിയും ലഭ്യമാക്കി അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-49 മരാമത്ത് പ്രവൃത്തികൾ-ഗുണനിലവാര പരിശോധന നടത്തിയിട്ടില്ല

പിറവം നഗരസഭയിലെ എൽ.എസ്.ജി.ഡി എഞ്ചിനീയറിംഗ് വിഭാഗം മുഖേന നിർവ്വഹിക്കുന്ന മരാമത്ത് പ്രവൃത്തികൾ ഗുണമേന്മാ പരിശോധനയ്ക്ക് വിധേയമാക്കപ്പെടുന്നുണ്ടോ എന്ന് ഫയൽ പരിശോധിച്ചതിൽ വ്യക്തമല്ല. 2012ലെ കേരള പൊതുമരാമത്ത് മാന്വലിലെ സെക്ഷൻ - 2103 പ്രകാരം ഓരോ പ്രവൃത്തിയും കൃത്യമായ സ്പെസിഫിക്കേഷൻ അനുസരിച്ചാണോ നിർവ്വഹിക്കുന്നതെന്ന് ഉറപ്പ് വരുത്തേണ്ടതുണ്ട്. ആയതിന് ഫലപ്രദമായ സൂപ്പർവിഷൻ നിർബന്ധമാക്കേണ്ടതും, പ്രവൃത്തിയുടെ ഗുണനിലവാരം പരിശോധനാ വിധേയമാക്കേണ്ടതുമാണ്. ഗുണ പരിശോധനാ ടെസ്റ്റുകളുടെ ലിസ്റ്റ് മുൻകൂട്ടി തയ്യാറാക്കി ടെണ്ടർ രേഖകളോടൊപ്പം ഉൾപ്പെടുത്തേണ്ടതും, ടെസ്റ്റ് റിപ്പോർട്ടുകൾ ഫൈനൽ ബില്ലിനോടൊപ്പം സമർപ്പിക്കേണ്ടതുമാണെന്ന് മാന്വലിൽ നിഷ്കർഷിച്ചിരിക്കുന്നു. മാന്വലിലെ ക്ലോസ് 2401, 2406 എന്നിവ പ്രകാരം 3 – Tier Quality Monitoring System സർക്കാർ പൊതുമരാമത്ത് വകുപ്പിൽ നിർബന്ധമാക്കിയിട്ടുണ്ട്. GO(Rt) 469/2013/PWD/ തീയതി 30.03.2013-ാം നമ്പർ ഉത്തരവ് പ്രകാരം പി.ഡബ്ല്യു.ഡി.യിൽ ക്വാളിറ്റി കൺട്രോൾ സിസ്റ്റം നടപ്പാക്കിയിട്ടുണ്ട്. 19.04.2022 തീയതിയിലെ സ.ഉ (കൈ) നം.86/2022/തസ്വഭവ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച പതിനാലാം പഞ്ചവത്സരപദ്ധതിയിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖയിലെ ഖണ്ഡിക നമ്പർ 13(4) ൽ പൊതുമരാമത്ത് പ്രവൃത്തികൾക്ക് നിലവിലുള്ള പ്രാദേശിക മോണിറ്ററിംഗ് സംവിധാനത്തിന് പുറമെ പൊതുമരാമത്ത് മാന്വൽ അനുശാസിക്കും വിധത്തിലുള്ള മോണിറ്ററിംഗ് സംവിധാനം കൂടി നടപ്പിലാക്കണമെന്നും തുടക്കമെന്ന നിലയിൽ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ ആകെ പ്രോജക്ടുകളുടെ ഒരു ശതമാനമെങ്കിലും തെരഞ്ഞെടുത്ത് പൊതുമരാമത്ത് മാന്വൽ നിഷ്കർഷിക്കുന്ന തരത്തിലുള്ള ഗുണനിലവാരപരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചതുപ്രകാരം നഗരസഭയിൽ ഇത്തരത്തിൽ പൊതുമരാമത്ത് പ്രോജക്ടുകൾ ഗുണനിലവാരപരിശോധനയ്ക്ക് വിധേയമാക്കിയിരുന്നോ എന്നുള്ള ഓഡിറ്റ് അന്വേഷണത്തിന് (നം-68/04.02.24) മറുപടി നൽകിയില്ല. ഗുണനിലവാരപരിശോധന നടത്തിയിട്ടുണ്ടെങ്കിൽ റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്.

## 1-50 ഐ.കെ.എം. വിഹിതം – ധനവിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല.

| | |
|---|---|
| പ്രോജക്ട് | IKM വിഹിതം നൽകൽ (66/23) |
| അടങ്കൽ | ₹1,28,069/-<br>( വികസന ഫണ്ട് പൊതുവിഭാഗം) |
| ചെലവ് വിവരം | ₹1,28,069/-<br>ബിൽ-81/02.11..2022 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

ഐ.കെ.എം. ന് നൽകിയ ₹1,28,069/- രൂപയുടെ ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിനായി 26.01.2024 ലെ 16-ം നമ്പർ ഓഡിറ്റ് അന്വേഷണം മുഖാന്തരം ആവശ്യപ്പെട്ടതിന് മറുപടി ലഭിച്ചിട്ടില്ല. ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് വിധേയമായി ₹1,28,069/- യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

### 1-50-1 വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല-വാട്ടർ അതോറിറ്റി

കേരള വാട്ടർ അതോറിറ്റിക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ തുക നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തിയുടെ പേര് | ഡെപ്പോസിറ്റ് തുക (₹) | ബിൽ.നം./തീയതി |
|---|---|---|
| വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ, 06/23 | 36,92,718 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്-ടൈഡ്) | 955/25.03.2023 |

മേൽ പ്രോജക്ടുകൾ പൂർത്തീകരിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (14/25.01.2024) മറുപടി ലഭിച്ചിട്ടില്ല. ആകയാൽ ₹36,92,718/- യുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു.

### 1-50-2 വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല-വൈദ്യുതി ബോർഡ്

ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് കേരള സംസ്ഥാന വൈദ്യുതി ബോർഡിന് മുൻകൂർ തുക നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തിയുടെ പേര് | ഡെപ്പോസിറ്റ് തുക (₹) | ബിൽ.നം./തീയതി |
|---|---|---|
| വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ, 64/23 | 200000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്-ടൈഡ്) | 346/25.03.2023 |

മേൽ പ്രോജക്ട് പൂർത്തീകരിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (14/25.01.2024) മറുപടി ലഭിച്ചില്ല. ആകയാൽ ₹2,00,000/-യുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു.

### 1-50-3 വയോമിത്രം പദ്ധതി- വിനിയോഗസാക്ഷ്യപത്രം ലഭിച്ചിട്ടില്ല

| | |
|---|---|
| പ്രോജക്ട് | വയോമിത്രം പദ്ധതി, 65/23 |
| അടങ്കൽ | ₹1200000/-<br>(വികസന ഫണ്ട്-ജനറൽ) |
| ചെലവ് വിവരം | 12,00,0000<br>ബിൽ-448/24.03.2023) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

സാമൂഹ്യ സുരക്ഷ മിഷന് നൽകിയ ₹12 ലക്ഷം രൂപയുടെ ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിനായി 26.01.2024 ലെ 16-ാം നമ്പർ ഓഡിറ്റ് അന്വേഷണം മുഖാന്തരം ആവശ്യപ്പെട്ടതിന് മറുപടി ലഭിച്ചില്ല. ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് വിധേയമായി ₹12,00,000/- യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

### 1-51 ക്ഷീരസംഘങ്ങളിലൂടെ വിതരണം ചെയ്യുന്ന പാലിന് സബ്സിഡി പൂർണമായും നൽകിയില്ല

| | |
|---|---|
| പ്രോജക്ടിന്റെ പേര്/നമ്പർ | ക്ഷീരസംഘങ്ങളിലൂടെ വിതരണം ചെയ്യുന്ന പാലിന് സബ്സിഡി, എസ്.165/23 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ക്ഷീര വികസന ഓഫീസർ,പിറവം നഗരസഭ |
| അടങ്കൽ | ₹5,48,000/- |
| ചെലവ് | ₹5,47,935/-<br>(BRN 22120347007901033817 Dated 12/01/23)-₹223659/-<br>(BRN 22120347007901507380 Dated 28/03/23)-₹5768/-<br>(BRN 22120347007901080619 Dated 23/01/23)-₹58862/-<br>(BRN 22120347007901104832 Dated 28/01/23-₹94504/-<br>(BRN 22120347007901033319 Dated 12/01/23)-₹101791/-<br>(BRN 22120347007901507376 Dated 28/03/23)-₹16039/-<br>(BRN 22120347007901507377 Dated 28/03/23)-₹13813/-<br>(BRN 221213470079001507381 Dated 28/03/23)-₹33499/- |

ഒരു ലിറ്റർ പാലിന് നഗരസഭ അനുവദിച്ചത് ₹2.5 വരെയാണ്. മൂന്ന് മാസത്തെ പാലിനാണ് സബ്സിഡി ലഭിച്ചത്. ക്ഷീര സഹകരണസംഘങ്ങളിൽ നൽകുന്ന ഒരു ലിറ്റർ പാലിന് തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ നിന്നും ₹3/- (സബ്സിഡി) കർഷകന്റെ ബാങ്ക് അക്കൗണ്ടിലേക്ക് നൽകണം എന്നാണ് പതിനാലാം പഞ്ചവത്സര പദ്ധതി (സ.ഉ.(കൈ)നമ്പർ 115/22 തസ്വഭവ തീയതി 28/05/22 ഖണ്ഡിക 6.3)വിഭാവന ചെയ്യുന്നത്. എന്നാൽ പൂർണമായും തുക നൽകിയില്ല. ഇതു സംബന്ധമായി നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 4 തീയതി 25/01/24 ന് ഫണ്ടിന്റെ ലഭ്യത പരിമിതി കാരണമാണെന്ന് അറിയിച്ചു. സബ്സിഡി മാർഗ്ഗരേഖ അനുശാസിക്കുന്ന തുക അനുവദിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-52 തരിശു നെൽകൃഷി -അപാകത

| | |
|---|---|
| പ്രോജക്ടിന്റെ പേര്/നമ്പർ | തരിശു നെൽ കൃഷി, എസ്.99/23 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ, പിറവം നഗരസഭ. |
| അടങ്കൽ | ധനകാര്യ കമ്മീഷൻ ഗ്രാന്റ് -₹129450 |
| ചെലവ് | ₹129450/-<br>(ബിൽ നമ്പർ-126 തീയതി 21/12/22)-₹129450/- |

പ്രോജക്ട് നടത്തിപ്പിൽ കണ്ട ചുവടെ ചേർക്കുന്ന അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നമ്പർ 36 തീയതി 29/01/24 നൽകിയെങ്കിലും മറുപടി ലഭിച്ചില്ല. പതിനാലാം പഞ്ചവത്സര പദ്ധതി (സ.ഉ.(കൈ)നമ്പർ 115/22 തസ്വഭവ തീയതി 28/05/22 അനുസരിച്ചുള്ള ചുവടെ ചേർക്കുന്ന മാനദണ്ഡങ്ങൾ പ്രോജക്ടിൽ പാലിക്കപ്പെട്ടില്ല.

1) മൂന്ന് വർഷത്തിലധികമായി കാർഷിക പ്രവൃത്തികൾ ചെയ്തിട്ടില്ലാത്ത ഭൂമിയെ ആണ് തരിശ് ഭൂമി ആയി പരിഗണിക്കേണ്ടത്. ഇത് കൃഷി ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

2) തരിശ്ഭൂമി കൃഷിയോഗ്യമാക്കുന്ന പ്രവർത്തനങ്ങൾക്ക് തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യത പൂർണ്ണമായി ഉപയോഗപ്പെടുത്തിയില്ല.

3) ഭൂവുടമ, കൃഷി ചെയ്യുന്നവർ എന്നിവരുമായി തദ്ദേശഭരണ സ്ഥാപനങ്ങൾ ധാരണയുണ്ടാക്കിയതിന്റെ രേഖയില്ല.

4) പാട്ടക്കൃഷിയാണെങ്കിൽ പാട്ടത്തിനെടുത്ത് കൃഷി ചെയ്തതാണെന്ന നിർവ്വഹണ ഉദ്യോഗസ്ഥന്റെ സർട്ടിഫിക്കറ്റ് ലഭ്യമായില്ല.

മാർഗരേഖ മാനദണ്ഡങ്ങൾ പ്രകാരം പ്രോജക്ടുകൾ നടപ്പിലാക്കേണ്ടതും പരാമർശങ്ങൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ / തീയതി |
|---|---|---|
| 2022-2023 ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട്സ് പരിശോധന നടത്തിയിട്ടുള്ളത് | | |

### 4-2 സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

**ഇല്ല**

### 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ, തീയതി | മുൻകൂർ നൽകിയ തുക (₹) | ചെലവഴിച്ച തുക(₹) | ചെലവഴിക്കാൻ ബാക്കിയുള്ള തുക (₹) |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | വിവിധ വാർഡുകളിൽ ലൈൻനീട്ടൽ 64/23 | 380/31.03.23 | 200000 | 0 | 200000 |
| | | ആകെ | 200000 | | 200000 |
| കേരള വാട്ടർ അതോറിറ്റി | പൈപ്പ് ലൈൻ നീട്ടൽ 6/23 | 140/30.12.22 | 152326 | 0 | 152326 |
| | ,, | 181/10.02.23 | 230000 | 0 | 230000 |

| | | | | | |
|---|---|---|---|---|---|
| | ,, | 227/02.03.23 | 1453000 | 0 | 1453000 |
| | ,, | 228/02.03.23 | 1013000 | 0 | 1013000 |
| | ,, | 362/29.03.23 | 844392 | 0 | 844392 |
| | | ആകെ | 3692718 | | 3692718 |
| | കൊമ്പനാമല വാട്ടർ ടാങ്ക് നിർമാണ പദ്ധതി, 224/23 | 326/27.03.23 | 6289455 | 0 | 6289455 |
| പിറവം നഗരസഭ (ഹെൽത്ത് ഗ്രാന്റ്) | കോട്ടപ്പുറം വെൽനെസ് സെന്റർ നിർമാണം | 368/29.02.23 | 9329 | 9329 | 0 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക നൽകിയിട്ടില്ല.

.

## 4-5 വായ്പ / വായ്പ തിരിച്ചടവ്

നഗരസഭയിലെ വായ്പകളുടെ ഫയലുകൾ, ഓഡിറ്റിന് ഹാജരാക്കിയ ബാങ്ക് സ്റ്റേറ്റ്മെന്റ് എന്നിവ പ്രകാരം വായ്പയിനത്തിൽ വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക (₹) | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക(₹) | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക(₹) |
|---|---|---|---|---|---|---|
| | | | | മുതൽ(₹) | പലിശ | |
| പി.എം.എ.വൈ. ഹഡ്കോ | സ.ഉ.(കൈ) 2278/ ത.സ്വ.ഭ.വ./ 18.08.2018 | 41800000 | 35400000 | 2786668 | 0 | 32613332 |

നഗരസഭയുടെ വായ്പകൾ സംബന്ധിച്ച് വിശദമായ പരിശോധന നടത്തി എടുത്ത വായ്പകളുടെയും തിരിച്ചടവിന്റെയും കണക്കുകൾ കൃത്യമാക്കി വാർഷിക കണക്കിലുൾപ്പെടെ ആവശ്യമായ മാറ്റങ്ങൾ വരുത്തുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 4-6 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | ₹3000 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | ₹3000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | ₹3000 |

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം വരവില്ല.

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം

നഗരസഭയുടെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് റിപ്പോർട്ട് | | സമാഹൃത റിപ്പോർട്ട് | | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| വർഷം | ഖണ്ഡിക | വർഷം | ഖണ്ഡിക | | |
| 1997-1998 2000-01 പദ്ധതി വിഹിതം ഓഡിറ്റ് റിപ്പോർട്ട് | 2-5 2-13 2-15 | 2005-06 | 2.45.1 | പദ്ധതി നടത്തിപ്പിൽ 1997-98 2000-2001 (ഓഡിറ്റ് റിപ്പോർട്ട്) വിവിധ അപാകതകൾ | നിലനിൽക്കുന്നു |
| | 2-6 | 2005-06 | 2.45.2 | സിഎഫ് വിളക്കിന് സ്ഥാപനച്ചെലവ് | നിലനിൽക്കുന്നു |
| 1997-98 2000-2001 (ഓഡിറ്റ് റിപ്പോർട്ട്) | 2-10 | 2005-06 | 2.45.3 | ഇടയാറ-വല്ലകതോട് റോഡ് റീമെറ്റലിംഗ് ടാറിംഗ് അധിക നിരക്ക് നൽകിയത് | നിലനിൽക്കുന്നു |
| | 2-12 | 2005-06 | 2.45.4 | പള്ളിപ്പറമ്പ്-കീഴപടി റോഡ് അഭിവൃദ്ധി വേലമൂല്യം അധികരിച്ച് തുക നൽകി | നിലനിൽക്കുന്നു |
| | 2-14 | 2005-06 | 2.45.5 | സി എഫ് വിളക്കിന് ഉയർന്ന ക്വട്ടേഷൻ അംഗീകരിച്ചു. | നിലനിൽക്കുന്നു |

**4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം**

**ഇല്ല**

**4-10 ഓഡിറ്റ് പ്രത്യവലോകനം**

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ വരവ് | ₹12,66,26,219 |
| ഓഡിറ്റ് വർഷത്തെ ചെലവ് | ₹12,50,86,653 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹86,15,389 |

**(ബി) നഗരസഭ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

**ഇല്ല**

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക (₹) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-22 | 540000 | ശ്രീ കൃഷ്ണരാജ്, സെക്രട്ടറി |
| 1-24 | 127475 | ശ്രീമതി അഞ്ചു കെ തമ്പി, ഹെൽത്ത് ഇൻസ്പെക്ടർ |
| 1-25 | 1068000 | ശ്രീമതി അഞ്ചു കെ തമ്പി, ഹെൽത്ത് ഇൻസ്പെക്ടർ |
| | 400000 | ശ്രീ ശ്രീകുമാർ.എം.ആർ, ഹെൽത്ത് ഇൻസ്പെക്ടർ |
| 1-26 | 13183 | ശ്രീ കൃഷ്ണരാജ്, സെക്രട്ടറി |
| | 11554 | ശ്രീമതി സുലഭ സെക്രട്ടറി ഇൻ ചാർജ് |
| | 95382 | ശ്രീ അഭിലാഷ് കുമാർ, സെക്രട്ടറി |
| 1-29 | 99073 | ശ്രീമതി സുലഭ സെക്രട്ടറി ഇൻ ചാർജ് |
| 1-30 | 26875 | ശ്രീ അഭിലാഷ് കുമാർ, സെക്രട്ടറി |
| 1-46 | 250000 | ശ്രീമതി സജിത.ഡി, പട്ടികജാതി വികസന ഓഫീസർ |
| 1-47 | 763060 | ശ്രീമതി സുമ ആർ, ഹെഡ്മിസ്ട്രസ് |
| 1-50 | 128069 | ശ്രീമതി സുലഭ സെക്രട്ടറി ഇൻ ചാർജ് |
| 1-50-1 | 3692718 | ശ്രീ അഭിലാഷ് കുമാർ, സെക്രട്ടറി |
| 1-50-2 | 200000 | ശ്രീ അഭിലാഷ് കുമാർ, സെക്രട്ടറി |

| | | |
|---|---|---|
| 1-50-3 | 1200000 | ശ്രീ അഭിലാഷ് കുമാർ, സെക്രട്ടറി |
| **ആകെ** | **8615389** | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ട തുക (₹) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-21 | 1136 | ശ്രീ അഭിലാഷ് കുമാർ, സെക്രട്ടറി |
| | 605 | ശ്രീ കൃഷ്ണരാജ്, സെക്രട്ടറി |
| | 1122 | ശ്രീമതി സുലഭ, സെക്രട്ടറി ഇൻ ചാർജ് |
| 1-36 | 10053 | ശ്രീ അഭിലാഷ് കുമാർ, സെക്രട്ടറി |

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

**ഇല്ല**

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.അഭിലാഷ് കുമാർ സെക്രട്ടറി | സെക്രട്ടറി, ഗുരുവായൂർ നഗരസഭ | ശ്രീഹരി തോണ്ടൻകുളങ്ങര ആലപ്പുഴ |
| ശ്രീ.എൻ.പി.കൃഷ്ണരാജ്, സെക്രട്ടറി | സെക്രട്ടറി, മരട് നഗരസഭ | സരസ് ഭവൻ, വെള്ളൂർ, തിരുവനന്തപുരം |
| ശ്രീമതി സജിത ഡി, പട്ടികജാതി വികസന ഓഫീസർ | പട്ടികജാതി വികസന ഓഫീസർ, പാമ്പാക്കുട | തടത്തിൽ വീട്, കുമാരമംഗലം (പി.ഒ.), തൊടുപുഴ |
| ഡോ. എ വി കുമാരിലൈല ചീഫ് മെഡിക്കൽ ഓഫീസർ, ആയുർവേദം | ചീഫ് മെഡിക്കൽ ഓഫീസർ, ആയുർവേദം പിറവം | അഭയം, കാനക്കോട് വെള്ളറട പി ഒ |
| ഡോ. സുനിൽ ജെ ഇളന്താട്ട് സൂപ്രണ്ട്, താലൂക്ക് ആശുപത്രി പിറവം | സൂപ്രണ്ട്, താലൂക്ക് ആശുപത്രി പിറവം | ഇളന്താട്ട് പുത്തൻകാവ് റോഡ് കാലടി |
| അഞ്ജു.കെ.തമ്പി ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-1 | ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-1, ചാവക്കാട് നഗരസഭ | കുമാരമംഗലം പുത്തൻപുരം പി.ഒ പാമ്പാടി, കോട്ടയം |
| ശ്രീകുമാർ.എം.ആർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-1 | ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-1, പരവൂർ നഗരസഭ | കേദാരം മൂന്ന്മുക്ക്, ആറ്റിങ്ങൽ തിരുവനന്തപുരം |
| സുലഭ സെക്രട്ടറി ഇൻ ചാർജ് | ജൂനിയർ സൂപ്രണ്ട് പിറവം നഗരസഭ | പുളിമൂട്ടിൽ വീട് മുട്ടുചിറ, കോട്ടയം |
| സുമ ആർ. ഹെഡ്മിസ്ട്രസ് | ഹെഡ്മിസ്ട്രസ് ജി.എച്ച്.എസ്.എസ് പിറവം | കരിമ്പാക്കുടിയിൽ വീട് കിഴറകൊമ്പ് പി.ഒ. കൂത്താട്ടുകുളം |

**4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ**

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം |
|---|---|
| 1996-97 ചെലവ് | എൽ.എഫ്.ഇ.(പി.2)1523/97/27.8.2000 |
| 1997-98 പദ്ധതി | എൽ.എഫ്.ഇ.(പി.2)98/05/24.11.2005 |
| 2001-02 | എൽ.എഫ്.ഇ.(പി.2)1206/03/5.8.2004 |
| 2002-03 | എൽ.എഫ്.ഇ.(പി.2)226/06/3.2.2007 |
| 2007-08 | എൽ.എഫ്.ഇ.(പി.1)1662/08/2.7.2009 |
| 2005-06 | എൽ.എഫ്.ഇ.(പി.1)285/10/10.3.2011 |
| 2006-07 | എൽ.എഫ്.ഇ.(പി.1)286/10/10.3.2011 |
| 2008-09 | എൽ.എഫ്.ഇ.(പി.1)287/10/10.3.2011 |
| 2009-10 | എൽ.എഫ്.ഇ.(പി.9)1839/10/10.3.2011 |
| 2010-11 | എൽ.എഫ്.ഇ.(പി.9)2136/11/1.12.2011 |
| 2011-12 | എൽ.എഫ്.ഇ.(പി.9)2252/13/28.12.2013 |
| 2012-13 | എൽ.എഫ്.ഇ (പി9)172/2015 ,02.03.2015 |
| 2013-14 | |
| 2014-15 | കെ.എസ്.എ-ഇ.കെ.എം(പി9)1191/2016-20.07.2016 |
| 2015-16 | കെ.എസ്.എ-ഇ.കെ.എം(എം.1)55/2017 06.02.2017/15.02.2017 |
| 2016-17 | കെ.എസ്.എ-ഇ.കെ.എം(എം.1)1777/17, തീയതി05.05.2018 |
| 2017-18 | കെ.എസ്.എ-ഇ.കെ.എം(എം.1)9/19,തീയതി 15.03.2019 |
| 2018-19 | കെ.എസ്.എ.ഇകെഎം.നം.(എം.1)1955/2019/13.02.20 |
| 2019-20 | കെ എസ് എ ഇ കെ എം (എം 2)1075/22/20.07.2022 |
| 2020-21 | കെ എസ് എ ഇ കെ എം (എം 2)1406/22 /16.08.2022 |
| 2021-22 | കെ എസ് എ ഇ കെ എം (എം 2)329/23/11.05.2023 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടിലെ തടസ്സങ്ങൾ തീർപ്പാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ജോയിന്റ് ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
എറണാകുളം ജില്ലാ ഓഡിറ്റ് കാര്യാലയം.

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 1 dated 29-07-2023 and submitted on 29-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the Piravom Municipality as per section 295(4) of Kerala Municipality act 1994, Kerala Municipality (Accounts) rules 2007, Kerala Local Fund Audit Act 1994, Kerala Local Fund Audit Rules 1996, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the ULB's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of Local Bodies issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Piravom Municipality for the year 2022-2023

**Date: 20/03/2024**

**Joint Director**
**District Office Ernakulam**
**Kerala State Audit Department**

## Audit Report appended to the Audit Certificate of Piravom Municipality for the Year 2022-2023 .

**1.Major Observations**

1. Lack of free and independent access to Accounting and all other Softwares which have direct or indirect impact on financial reports and information.
2. Lack of Municipal Budget rules adversely affecting budgetary control system.
3. The asset value shown in Balance sheet is not traceable to asset register due to unsupported design of existing asset register.
4. Non inclution of **Notes to Accounts** in Financial statements and non disclosure of material facts.

**2.Other Observations**

1) The annual accounts of Piravam Municipal Corporation for the year 2022-23 have been prepared without including the following four bank accounts. (such as A)144712804000012 - Kerala Bank 76,38,698.39/- , B) 110048814471 âÂÂÂÂ CANARA BANK, Health Grant (Health & Wellness) 83,27,096/-

C) 49740100007993 - Bank of Baroda, Health Grant (infrastructure) 0.00/- , D) 0676053000004954 - South Indian Bank 10,056/-)

2) Equity share details with respect to Rs 21000/- along with share certficate are not produced for verification.

3) Variation of Rs 1960000/- in HUDCO loan amount comparing to the previous audit report is not explained.

4) Details of Stale cheques of Amount Rs 2,69,713/- disclosed in Schedule B-9 are not produced for verification.

5) Ambiguity in calculation of service tax and the variation of RS 54378/- with the actuals are noticed, which is not explained

6) The balance amount in the balance sheet heads is recorded as negative (Account Head 320100100, (-)101 ; 460500202, (-)373201)

7) Supporting details for amount provided under schedule B21 are not provided

8) Presented Sankhya generated ACR, Receipts & payment statement in annual financial statement does not match between grant amount and expenditure amount in Sulekha statement.

9) Number of Bank Accounts with no transactions remain kept by the municipality and the reason for keeping these accounts are not explained.

10) No documents have been produced to ensure the accuracy of the amounts with respect to the accounting head (Code No. 280100100-Amount: -1410435 ; 280100600-Amount: 1500

11) The amount of revenue demand has not been accurately calculated and recorded

12) The information on the calculation of surcharge on property tax was not provided

13) Difference in calculation of library cess and service cess on property tax is not explained.

14) For special purpose bank accounts, the equivalent liability title is not added in the balance sheet B-4.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ പിറവം മുനിസിപ്പാലിറ്റിയുടെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്